**2009 മാർച്ച് – ഏപ്രിൽ**
1184 മീനം-മേടം
1430 റബ്ബിഉൽ അവ്വൽ- റബ്ബിഉൽ ആഖിർ
പുസ്തകം 9 ലക്കം 2

بسم الله الرحمن الرحيم
نحمده ونصلي على رسوله الكريم وعلى عبده المسيح الموعود

# സത്യമിത്രം

ദ്വൈമാസിക
**ഒരു അൻസാറുല്ലാ പ്രസിദ്ധീകരണം**

## വി ഷ യ വി വ രം

ആമുഖം
സ്ഫോടനങ്ങൾ: പാക്കിസ്ഥാനുമേൽ ദൈവശിക്ഷ ഇറങ്ങുന്നുവോ? 4

**യുഗനാദം**



ഇക്കാലത്ത് തൂലികയാലും തെളിവുകളാലുമാണ് ഇസ്‌ലാമിന്റെ നേരെ ആക്ഷേപങ്ങൾ ഉതിർക്കപ്പെടുന്നത്. ഇക്കാരണത്താൽ തന്നെയാണ് വാളിന്റെ പണി തൂലിക കൊണ്ട് സാധിക്കേണ്ടിയിരിക്കുന്നത്. എഴുത്തു മുഖേന ശത്രുക്കളെ തകർക്കേണ്ടിയിരിക്കുന്നു. ആകയാൽ ഇന്ന് പേന കൊണ്ടുള്ള ആക്രമണങ്ങൾക്കുള്ള മറുപടി വാളു കൊണ്ട് നല്കാൻ ശ്രമിക്കുന്നത് ആർക്കും ഭൂഷണമല്ല. ഇക്കാലത്ത് ആവശ്യമായിട്ടുള്ളത് വാളല്ല, തൂലികയാണ് എന്ന് നല്ലവണ്ണം ഓർത്തുകൊള്ളുക.

തൂലികയാണാവശ്യം.................... 5

**വിശുദ്ധഖുർആൻ**

സൂറത്തുൽ ബഖറ. അർത്ഥം, വ്യാഖ്യാനം.................... 6

**ഖുത്ബ**

ഹൃദയത്തിൽനിന്നും പൊഴിദൈവങ്ങളെ അകറ്റുക ........................................
ഹദ്റത്ത് മിർസാ മസ്റൂർ അഹ്‌മദ് (ഖലീഫത്തുൽ മസീഹ്) 9

**ലേഖനം**

വിവാഹമോചനവും ഇസ്‌ലാമും ........................ 12
എ.എം മുഹമ്മദ് സലീം

മഹത്തായ മനുഷ്യ ജന്മം........................................ 18
ഡോ: ഇ.കെ.മുഹമ്മദ്

അബു സുഫിയാനെ വിചാരണചെയ്യുന്ന കൈസർ ചക്രവർത്തി................................................ 19
ഐ.കെ അഹ്‌മദ് കുട്ടി

ആവനാഴികൾ ശൂന്യമാവുമ്പോൾ.................. 21
അഡ്വ: ടി.നിസാർ അഹ്‌മദ്,കണ്ണൂർ

വാഗ്ദത്ത മസീഹിനാൽ തിരുത്തപ്പെട്ട കുരിശുവാദ സിദ്ധാന്തം ........................................ 25
ഏ.ക്യു.മഹ്ദി

ഇസ്‌ലാം യുദ്ധത്തിന്റെ മതമോ? ................................ 30
ഗൗഹർ

അഹ്‌മദിയ്യാ ജമാഅത്തിന്റെ സൃഷ്ടിസേവനങ്ങൾ 34
ഫലാഹുദ്ദീൻ ശംസ്

ആദം നബിയും ഇബ്‌ലീസും അനന്തരാവകാശികളും .................... 38
അബ്ദുൽ ഹക്കീം

റിപ്പോർട്ട് 41

കവിത 42

*എഡിറ്റർ*
ശംസുദ്ദീൻ
*മാനേജർ:*
എം. മുഹമ്മദ് സലിം
For Private Circulation only

**SATHYAMITHRAM**
**ANSARULLAH PUBLICATION**

Printed and Published by P.P. Nasirudheen for
Majlis Ansarullah at BRB Offset Printers & Publishers, Thavakkara, Kannur- 17.
Ph: 0497- 2761010, 2761020

بسم الله الرحمن الرحيم
نحمده ونصلي علي رسوله الكريم. وعلى عبده المسيح الموعود

ആമുഖം

# സ്ഫോടനങ്ങൾ- പാക്കിസ്ഥാനുമേൽ ദൈവശിക്ഷയിറങ്ങുന്നുവോ?

**ലോ**കത്തിലെ ഒരു പ്രധാന ഇസ്‌ലാമികരാഷ്ട്രമായി അറിയപ്പെടുന്ന പാക്കിസ്ഥാനിൽ ഇസ്‌ലാമികഭരണമാണ് നിലവിലുള്ളതെന്നാണ് പറയപ്പെടുന്നത്. ഇസ്‌ലാമിക ഭരണപ്രദേശങ്ങളിൽ സമാധാനവും, ജനങ്ങൾക്ക് ഭയരഹിതമായി ജീവിക്കാനുള്ള സൗകര്യവുമാണുണ്ടാകേണ്ടത്. നബി(സ) തിരുമേനിയുടേയും അദ്ദേഹത്തിനെത്തുടർന്നുവന്ന ഖലീഫമാരുടേയും കാലഘട്ടത്തിൽ അങ്ങനെയായിരുന്നു. പക്ഷേ, പാക്കിസ്ഥാന്റെ സ്ഥിതി അതല്ല. പിറവിയെടുത്തനാൾ തൊട്ട് ഇന്നുവരെ ആ രാജ്യം സമാധാനമെന്തെന്നറിഞ്ഞിട്ടില്ല. എന്നും ഭീതിയുടെ നിഴലിൽ കഴിയാനാണ് ആ രാഷ്ട്രത്തിലെ ജനങ്ങളുടെ വിധി.

ആദ്യകാല ഇസ്‌ലാമികരാഷ്ട്രങ്ങളിൽ ഭയരഹിതമായി ജീവിക്കാനായത് മുസ്‌ലിംകൾക്കു മാത്രമല്ല. ഇസ്‌ലാമിനെ ശക്തമായി എതിർത്തുകൊണ്ട് തിരിഞ്ഞുനിന്ന ഇതരമതസ്തർക്കും ഇസ്‌ലാമികഭരണത്തിൻ കീഴിൽ യാതൊരു ബുദ്ധിമുട്ടുമുണ്ടായിരുന്നില്ല. അവരും ഭയരഹിതരായി അവരുടെ ഇഷ്ടാനുസരണം അവിടങ്ങളിൽ ജീവിച്ചുപോന്നിരുന്നു. എന്നാൽ, ഇന്നത്തെ പാക്കിസ്ഥാനിലെ സ്ഥിതിയെന്താണ്? ആർക്കുണ്ട് അവിടെ സമാധാനം? മതന്യൂനപക്ഷങ്ങൾക്കു മാത്രമല്ല മുസ്‌ലിംകൾക്കും അവിടെ രക്ഷയില്ലാതായിരിക്കുന്നു. പാക്കിസ്ഥാനധികാരികൾ അമുസ്‌ലിംകളായി മുദ്രകുത്തിയ അഹ്മദികളുടെ സ്ഥിതിയാണെങ്കിലോ? വളരെ ആശങ്കാജനകവും. അല്ലാഹുവിന്റെ പ്രത്യേകമായ അനുഗ്രഹത്താൽ അഹ്മദികൾക്ക് സമാധാനം ലഭിക്കുന്നുണ്ട് എന്നത് വേറെ കാര്യം.

സ്ഫോടന പരമ്പരകളാണ് ഇന്നവിടെ നടക്കുന്നത്. ആത്മഹത്യ നിഷിദ്ധമാക്കിയ ഇസ്‌ലാമിന്റെ അനുയായികൾ ചാവേറുകളായി മാറിക്കൊണ്ടാണ് പൊട്ടിത്തെറികളേറെയും സൃഷ്ടിക്കുന്നത് എന്നതാണ് ഏറെ ഖേദകരം. സമാധാനത്തിന്റെ ഗേഹമായ മസ്ജിദുകളും ഇന്നവിടെ സുരക്ഷിതമല്ല. ജുമുഅ നമസ്കാരത്തിനെത്തിയ എത്രയെത്ര നിരപരാധികൾക്കാണ് സ്വന്തം ജീവൻ നഷ്ടപ്പെട്ടത്. എന്താണ് ഇതിന് കാരണം?

കാരണം വ്യക്തമാണ്. അല്ലാഹു പാക്കിസ്ഥാനെ ശിക്ഷിക്കാനാരംഭിച്ചിരിക്കുന്നു(?). നബിമാരുടെ പ്രവർത്തനങ്ങളെ വഴിമുടക്കിയവരെ, അവരുടെ അനുയായികളെ ദുരിതത്തിലാഴ്ത്തിയവരെ അല്ലാഹു ഒരിക്കലും വെറുതെ വിട്ടിട്ടില്ല. എത്രയെത്ര ഉദാഹരണങ്ങൾ മുൻകാലചരിത്രത്തിൽ രേഖപ്പെട്ടുകിടക്കുന്നു. നൂഹ്(അ)ന്റേയും ലൂത്ത്(അ)ന്റേയും സമുദായങ്ങളുടെ അവസ്ഥ എന്തായിരുന്നു? മൂസാ നബിയെ എതിർത്ത ഫിർഔന്റെ ആളുകളെ എപ്രകാരമായിരുന്നു അല്ലാഹു ശിക്ഷിച്ചത്? നബി(സ) തിരുമേനിയുടെ എതിരാളികളെ അല്ലാഹു പരാജയപ്പെടുത്തിയില്ലേ? ഇവിടേയും അതുതന്നെയാണ് സംഭവിച്ചു


പേജ് 33-ൽ

## ഖുർആൻ

"**തീ**ർച്ചയായും, വിശ്വസിക്കുകയും സ്വദേശം വെടിയുകയും തങ്ങളുടെ ധനവും ജീവനും കൊണ്ട് അല്ലാഹുവിന്റെ മാർഗ്ഗത്തിൽ അത്യധ്വാനം ചെയ്യുകയും (അഭയാർത്ഥികൾക്ക്) അഭയം നല്കുകയും അവരെ സഹായിക്കുകയും ചെയ്തവരാരോ അക്കൂട്ടർ പരസ്പരം മിത്രങ്ങളാകുന്നു" (8:73).

## നബിവചനം

**അ**ബുയൂസുഫ് അബ്ദുല്ലാഹിബ്നു സലാം (റ) നിവേദനം ചെയ്യുന്നു: നബി തിരുമേനി (സ) അരുളിയതായി ഞാൻ കേട്ടു. അല്ലയോ മനുഷ്യരേ! പരസ്പരം സലാം (സമാധാന ആശംസ) വ്യാപിപ്പിക്കുക. (അഗതികൾക്ക്) ആഹാരം നല്കുക. ബന്ധുത്വം പാലിക്കുക, ജനങ്ങൾ ഉറങ്ങിക്കിടക്കുമ്പോൾ നിങ്ങൾ നമസ്കരിക്കുക. ഇങ്ങനെ ചെയ്താൽ നിങ്ങൾക്കു തീർച്ചയായും രക്ഷയോടെ സ്വർഗ്ഗത്തിൽ പ്രവേശിക്കാം. **(തിർമിതി)**



## യുഗനാദം

# തൂലികയാണാവശ്യം

**ഹദ്റത്ത് വാഗ്ദത്ത മസീഹ്(അ)**

**ഇ**ക്കാലത്ത് തൂലികയാലും തെളിവുകളാലുമാണ് ഇസ്ലാമിന്റെ നേരെ ആക്ഷേപങ്ങൾ ഉതിർക്കപ്പെടുന്നത്. ഇക്കാരണത്താൽ തന്നെയാണ് വാളിന്റെ പണി തൂലിക കൊണ്ട് സാധിക്കേണ്ടിയിരിക്കുന്നത്. എഴുത്തുമുഖേന ശത്രുക്കളെ തകർക്കേണ്ടിയിരിക്കുന്നു. ആകയാൽ ഇന്ന് പേനകൊണ്ടുള്ള ആക്രമണങ്ങൾക്കുള്ള മറുപടി വാളുകൊണ്ട് നല്കാൻ ശ്രമിക്കുന്നത് ആർക്കും ഭൂഷണമല്ല. ഇക്കാലത്ത് ആവശ്യമായിട്ടുള്ളത് വാളല്ല, തൂലികയാണ് എന്ന് നല്ലവണ്ണം ഓർത്തുകൊള്ളുക. നമ്മുടെ ശത്രുക്കൾ ഇസ്ലാമിന്റെ നേരെ ഉയർത്തിയിട്ടുള്ള സന്ദേഹങ്ങളുടെയും വിവിധ ശാസ്ത്രങ്ങളുടെയും പലതരം വഞ്ചനകളുടെയും അടിസ്ഥാനത്തിൽ അല്ലാഹുവിന്റെ സത്യമതത്തിനു നേരേ നടത്തുവാൻ ഉദ്ദേശിച്ചിട്ടുള്ള ആക്രമങ്ങളുടെയും കാര്യത്തിൽ അവൻ എന്റെ ശ്രദ്ധയെ തിരിക്കുകയും ഞാൻ തൂലിക ആയുധമാക്കിക്കൊണ്ട് സയൻസിന്റെയും വൈജ്ഞാനിക പുരോഗതിയുടയും ഈ രംഗത്ത് സക്രിയനായി മുന്നിട്ടിറങ്ങണമെന്നും ഇസ്ലാമിന്റെ ആത്മീയ ധീരതയുടെയും ആന്തരീക ശക്തിയുടെയും ചൈതന്യം ഞാൻ തുറന്നു കാട്ടണമെന്നും എന്നോടാവശ്യപ്പെടുകയും ചെയ്തു. ഈ രംഗത്ത് ഞാൻ എങ്ങനെയാണ് പ്രാപ്തനാകുമായിരുന്നത്. എന്നാൽ അല്ലാഹുവിന്റെ അനുഗ്രഹം കൊണ്ടും അവന്റെ അപാരമായ കാരുണ്യത്താലും എന്നെ പോലെ ബലഹീനനായ ഒരാളുടെ കൈക്ക് അവന്റെ ദീനിന്റെ അന്തസ്സും മഹത്വവും വെളിപ്പെടാറാകണമെന്നു അവൻ ഇച്ഛിച്ചു. ഇസാലാമിന്റെ ശത്രുക്കൾ പുറപ്പെടുവിച്ചിട്ടുള്ള ആക്ഷേപങ്ങളും ആക്രമണങ്ങളും ഞാനൊരിക്കൽ എണ്ണിക്കണക്കാക്കാൻ ശ്രമിച്ചപ്പോൾ, എന്റെ നോട്ടത്തിൽ അവ മൂവായിരത്തോളം ഉണ്ടായിരുന്നു. മൂവായിരത്തോളം ആക്ഷേപങ്ങൾ ഉന്നയിക്കാവുന്നത്രകണ്ട് ദുർഭലമാണ് ഇസ്ലാമിന്റെ അടിത്തറ എന്നാരും കരുതേണ്ടതില്ല. ഒരിക്കലുമൊരിക്കലും അങ്ങനെയല്ല. ഈ ആക്ഷേപങ്ങൾ ചിന്താശൂന്യരുടെയും വിവരംകെട്ടവരുടെയും ദൃഷ്ടിയിലുള്ള ആക്ഷേപമത്രെ. എന്നാൽ ഞാൻ നിങ്ങളോട് സത്യമായും സത്യമായും പറയുന്നു, ഞാൻ ഈ ആക്ഷേപങ്ങളുടെ കണക്കെടുത്തപ്പോൾ ഇതിന്റെയെല്ലാം അടിയിൽ യഥാർത്ഥത്തിൽ അതിലോലമായ സത്യങ്ങൾ അടങ്ങിയിട്ടുണ്ടെന്നു കൂടി എനിക്കു ചിന്തിച്ചറിയാൻ കഴിഞ്ഞിട്ടുണ്ട്. സൂക്ഷ്മദൃക്കുകളുടെ അഭാവത്തിൽ ആക്ഷേപകർക്ക് അത് കാണാൻ കഴിയരുതായിരുന്നു. കുരുടന്മാരായ ആക്ഷേപക്കാർ എവിടെ ആക്രമിക്കുന്നുവോ അവിടെ തന്നെയാണ് സത്യതത്വങ്ങളുടെയും ദിവ്യജ്ഞാനങ്ങളുടെയും അദൃശ്യഭണ്ഡാരങ്ങൾ ഒളിപ്പിച്ചുവെച്ചിട്ടുള്ളതെന്ന് യഥാർത്ഥത്തിൽ അല്ലാഹുവിന്റെ അത്ഭുതകരമായ യുക്തിതന്ത്രത്തിൽ ഉൾപ്പെട്ടതത്രെ. (മൽഫൂസാത്ത് ഭാ: 59,60) ●

## വിശുദ്ധ ഖുർആൻ

# സൂറത്തുൽ ബഖറ

***(മദീനയിൽ അവതരിച്ച അദ്ധ്യായം)***

## അർത്ഥം, വ്യാഖ്യാനം

ربنا واجعلنا مسلمين لك ومن ذريتنا
أمة مسلمة لك وأرنا مناسكنا وتب
علينا إنك أنت التواب الرحي

**129. "ഞങ്ങളുടെ നാഥാ! നീ ഞങ്ങളിരുവരെയും നിന്നെ അനുസരിക്കുന്നവരാക്കുകയും ഞങ്ങളുടെ സന്തതികളിൽ നിന്ന് നിന്നെ അനുസരിക്കുന്ന ഒരു സമുദായത്തെ എഴുന്നേൽപ്പിക്കുകയും ചെയ്യേണമേ! ഞങ്ങൾക്ക് ഞങ്ങളുടെ ആരാധനാ വിധങ്ങൾ നീ കാണിച്ചുതരേണമേ! ഞങ്ങളുടെ നേരെ കാരുണ്യത്തോടെ തിരിയേണമേ! നിശ്ചയമായും (നിന്റെ ദാസന്മാരുടെ നേരെ) വളരെയധികം ശ്രദ്ധ തിരിക്കുന്നവനും കരുണാമയനും നീ തന്നെയാണല്ലോ."**

### പദാർത്ഥം

ربنا ഞങ്ങളുടെ നാഥാ واجعلنا നീ ഞങ്ങളെ ആക്കേണമേ مسلمين അനുസരിക്കുന്നവർ لك നിന്നെ ومن ذريتنا ഞങ്ങളുടെ സന്തതികളിൽ നിന്ന് أمة ഒരു സമുദായത്തെ مسلمة لك നിന്നെ അനുസരിക്കുന്ന وأرنا ഞങ്ങൾക്ക് കാണിച്ചു തരേണമേ مناسكنا ഞങ്ങളുടെ ആരാധനാ വിധങ്ങൾ وتب علينا ഞങ്ങളുടെ നേരെ കാരുണ്യത്തോടെ തിരിയേണമേ إنك أنت നിശ്ചയമായും നീ التواب വളരെയധികം ശ്രദ്ധ തിരിക്കുന്നവൻ(പശ്ചാത്താപം സ്വീകരിക്കുന്നവൻ) الرحي വീണ്ടും വീണ്ടും കരുണ ചെയ്യുന്നവൻ.

### പദവിശദീകരണം

തൗബത്തുൻ എന്ന വാക്ക് സൃഷ്ടികൾക്കായി ഉപയോഗിക്കുമ്പോൾ അതിന്റെ അർത്ഥം സൃഷ്ടികൾ ദൈവത്തിലേക്ക് തിരിഞ്ഞു, സത്യ ഹൃദയത്തോടുകൂടി അവനിലേക്ക് മടങ്ങി എന്നെല്ലാമാണ്. ഇത് അല്ലാഹുവിന്നായി ഉപയോഗിക്കുമ്പോൾ ഇതിന്റെ അർത്ഥം അല്ലാഹു സൃഷ്ടികളോട് കരുണകാണിച്ചു എന്നാണ്. റഹീം എന്നതും തൗവ്വാബ് എന്നതും കാരുണ്യത്തെ കാണിക്കുന്നു. എന്നാൽ രണ്ടു കാരുണ്യത്തിലും അന്തരമുണ്ട്. തൗവ്വാബ് എന്നത് തെറ്റുകളും പാപങ്ങളും പൊറുത്തുകൊടുത്തുകൊണ്ട് കരുണ ചെയ്യുന്നതിനാണ് പറയുക. എന്നാൽ ആത്മീയമായ ഉന്നത പദവികളിലേക്ക് കൊണ്ടുപോകുന്ന കാരുണ്യത്തിന് റഹീം എന്ന പദമാണ് ഉപയോഗിക്കുന്നത്.

### വ്യാഖ്യാനം

കഅ്ബ ദേവാലയം പണിതുകൊണ്ട് ഹദ്റത്ത് ഇബ്റാഹീം(അ) ചെയ്യുന്ന പ്രാർത്ഥനയാണിത്. അദ്ദേഹം അല്ലാഹുവിനോട് ഇപ്രകാരം പ്രാർത്ഥിക്കുന്നു. അല്ലാഹുവേ, സജ്ജനങ്ങളായവരെ നീ ഈ ഗേഹവുമായി ബന്ധപ്പെടുത്തേണമേ. അതിന് ആദ്യമായി ഈ കഅ്ബ പണിതുയർത്തുന്ന ഞങ്ങളിരുവരേയും നല്ലവാരാക്കേണമേ. അതോടൊപ്പം എപ്പോഴും നിന്നെ അനുസരിക്കുന്ന ഒരു സംഘത്തെ ഞങ്ങളുടെ സന്തതികളിൽ ഉണ്ടാക്കുകയും ചെയ്യേണമേ. ***വ അംറിനാ മനാസികനാ*** അല്ലാഹുവേ! ഞങ്ങൾക്ക്

ഞങ്ങളുടെ ആരാധനാ മാർഗ്ഗങ്ങൾ കാണിച്ചുതരികയും ചെയ്യേണമേ. ഇവിടെ ആരാധനാ മാർഗ്ഗങ്ങൾ എന്നതുകൊണ്ട് അർത്ഥമാക്കുന്നത് ഈ ദേവാലയത്തെ ജനനിബിഢമാക്കുന്നതിന്നാവശ്യമായ സൽപ്രവർത്തികൾ ഏതെല്ലാമാണെന്ന് നീ ഞങ്ങൾക്ക് കാണിച്ചുതരേണമേ എന്നാണ്. ഓരോ കാലത്തും ആ കാലത്തെ അവസ്ഥ അനുസരിച്ച് ഏതു രീതിയിലുള്ള പ്രവർത്തനമാണ് നീ ഇഷ്ടപ്പെടുന്നത് ആ പ്രവർത്തനങ്ങൾ നീ ഞങ്ങൾക്ക് പഠിപ്പിച്ചുതരേണമേ എന്നും ഇതിന്നർത്ഥമുണ്ട്. കാരണം ഓരോ കാലത്തും അവസ്ഥകൾ വ്യത്യസ്ഥമായിരിക്കും. കാലത്തിന്റെ മാറ്റത്തിനനുസരിച്ച് പ്രവർത്തനങ്ങൾക്കും വ്യത്യാസമുണ്ടായിരിക്കും. ആ മാറ്റങ്ങൾ ഉൾക്കൊള്ളാൻ ഒരു മുസ്ലിം തയ്യാറാകേണ്ടതാണ്. ഇസ്ലാമിന്റെ തുടക്കത്തിൽ വാളുകൊണ്ടുള്ള ജിഹാദും അനിവാര്യമായിരുന്നു. എന്നാൽ കാലം മാറിയപ്പോൾ വാളുകൊണ്ടുള്ള ജിഹാദിന്റെ ആവശ്യമില്ലാതായി. ഇപ്പോൾ പേനകൊണ്ടുള്ള ജിഹാദിന്റെ കാലമാണ്. എന്നാൽ മുസ്ലിംകൾ ഈ യാഥാർത്ഥ്യം ഉൾക്കൊള്ളാത്തതുകാരണം പല വിപത്തുകളിലും അവർ ചെന്നുപതിക്കുന്നു.

സന്ദർഭത്തിനനുസരിച്ച് സദ്പ്രവർത്തനങ്ങൾ മാറും എന്നതിനുള്ള ഉദാഹരണം തിരുനബി(സ)യുടെ ചില ഹദീസുളിൽനിന്നും നമുക്ക് മനസ്സിലാക്കാൻ സാധിക്കുന്നതാണ്. ഒരിക്കൽ ഒരാൾവന്നു തിരുനബി(സ)യോട് ഇപ്രകാരം ചോദിച്ചു: ഏറ്റവും വലിയ നന്മയേതാണ്? അപ്പോൾ തിരുനബി(സ) അരുളി: തഹജ്ജുദ് നമസ്കാരം. മറ്റൊരവസരത്തിൽ ഏറ്റവും നല്ല നന്മയേതാണെന്നു ചോദിച്ചപ്പോൾ തിരുനബി(സ) അരുളിയത് ജിഹാദ് ആണെന്നാണ്. ഇവിടെ ഓരോ വ്യക്തിക്കും ഏറ്റവും വലിയ നന്മ വ്യത്യസ്തമായിരിക്കും എന്നതാണ്. ജിഹാദ് ചെയ്യാൻ മടിയുള്ളവന് ഏറ്റവും വലിയ നന്മ ജിഹാദ് തന്നെയാണ്. അഹങ്കാരവും പൊങ്ങച്ചവും ഉപേക്ഷിക്കാൻ കഴിയാത്തവന് ഏറ്റവും വലിയ നന്മ അത് ഉപേക്ഷിക്കുന്നതാണ്. ഉറക്കപ്രിയരായവർക്ക് സുബഹി നമസ്കാരവും ഇശാ നമസ്കാരവും പള്ളിയിൽപോയി നമസ്കരിക്കുക എന്നതായിരിക്കും ഏറ്റവും വലിയ നന്മ. കാരണം ഉറക്കം കാരണം ഈ രണ്ട് നമസ്കാരത്തിനും അവർ പള്ളിയിൽ പോകുന്നുണ്ടാവില്ല. തഹജ്ജുദ് നമസ്കരിക്കാത്തവന് തഹജ്ജുദ് നമസ്കാരവും മാതാപിതാക്കളെ ആദരിക്കാത്തവന് അവരെ ആദരിക്കുന്നതും ആയിരിക്കും വലിയ നന്മകൾ. ഇതേപോലെ നമസ്കാരസമയത്ത് നമസ്കാരമാണ് ഏറ്റവും വലിയ നന്മ. നോമ്പിന്റെ സമയത്ത് നോമ്പും. ചുരുക്കത്തിൽ നന്മകൾ സന്ദർഭത്തിനും സാഹചര്യത്തിനുമനുസരിച്ച് മാറിക്കൊണ്ടിരിക്കും. അതുകൊണ്ടാണ് ഹദ്റത്ത് ഇബ്രാഹീം നബി (അ) ഇപ്രകാരം പ്രാർത്ഥിക്കുന്നത്. അല്ലാഹുവേ, ഏതവസരത്തിൽ ഏതു നന്മയാണ് ഏറ്റവും കൂടുതൽ ഞങ്ങൾ ചെയ്യേണ്ടത് എന്നു നീ ഞങ്ങൾക്കു കാണിച്ചു തരേണമേ.'വതുബ് അലൈനാ' ഞങ്ങളുടെ തെറ്റുകുറ്റങ്ങളെ നീ പൊറുത്തു തരികയും ചെയ്യേണമേ. നീ തവ്വാബ് ആണ്. നീ തൗബ സ്വീകരിക്കുന്നവനാണ്. മനുഷ്യൻ നല്ല ഉദ്ദേശ്യത്തോടുകൂടിത്തന്നെ പ്രവർത്തിക്കുകയാണെങ്കിലും അവനിൽ നിന്ന് തെറ്റുകൾ വന്നുപോകും. അപ്പോൾ തവ്വാബ് എന്ന ഗുണം അവന് ഫലം ചെയ്യുന്നതാണ്. അവന്റെ നന്മകൾക്ക് റഹീം എന്ന ഗുണം മുഖേന കൂടുതൽ കൂടുതൽ അനുഗ്രഹങ്ങൾ ലഭിക്കുന്നതുമാണ്.

رَبَّنَا وَابْعَثْ فِيهِمْ رَسُولًا مِّنْهُمْ يَتْلُو عَلَيْهِمْ
آيَاتِكَ وَيُعَلِّمُهُمُ الْكِتَابَ وَالْحِكْمَةَ وَيُزَكِّيهِمْ
إِنَّكَ أَنتَ الْعَزِيزُ الْحَكِيمُ

**130.“ഞങ്ങളുടെ നാഥാ! അവർക്ക് നിന്റെ ദൃഷ്ടാന്തങ്ങൾ വിവരിച്ചുകൊടുക്കുകയും ഗ്രന്ഥവും തത്വജ്ഞാനവും പഠിപ്പിക്കുകയും അവരെ ശുദ്ധീകരിക്കുകയും ചെയ്യുന്ന ഒരു ദൂതനെ നീ അവരിൽ നിന്നും എഴുന്നേൽപ്പിക്കേണമേ! തീർച്ചയായും പ്രതാപശാലിയും അഗാധജ്ഞാനിയും നീ തന്നെയാകുന്നു.**

### പദാർത്ഥം

رَبَّنَا ഞങ്ങളുടെ നാഥാ وَابْعَثْ فِيهِمْ നീ അവരിൽ നിന്നും എഴുന്നേൽപ്പിക്കേണമേ رَسُولًا ഒരു പ്രവാചകനെ مِّنْهُمْ അവരിൽ നിന്നുള്ള يَتْلُو عَلَيْهِمْ അവർക്കു വിവരിച്ചികൊടുക്കുന്ന آيَاتِكَ നിന്റെ ദൃഷ്ടാന്തങ്ങൾ وَيُعَلِّمُهُمُ അവർക്ക് പഠിപ്പിക്കുകയും ചെയ്യുന്ന الْكِتَابَ ഗ്രന്ഥം وَالْحِكْمَةَ തത്വജ്ഞാനവും وَيُزَكِّيهِمْ അവരെ ശുദ്ധീകരിക്കുകയും ചെയ്യുന്ന إِنَّكَ أَنتَ നിശ്ചയമായും നീ തന്നെയാണ് الْعَزِيزُ പ്രതാപശാലി الْحَكِيمُ അഗാധജ്ഞാനി

### പദവിശദീകരണം

ആയത്ത് എന്നതിന് വിവിധ അർത്ഥങ്ങളാണുള്ള

ത്. 1. ആയത്തുൻ എന്ന പദം *ആവാ* എന്നതിൽ നിന്നും നിഷ്പന്നമാണ്. അതിന്റെ അർത്ഥം ഇടം നൽകി എന്നതാണ്. 2. ഒരു വാചകം പ്രത്യേക അട യാളത്തോടുകൂടി അവസാനിപ്പിക്കുന്നതിനെയും ആയത്ത് എന്ന് പറയുന്നു. 3. മറ്റുള്ളവർക്ക് ഗുണപാഠം എന്ന അർത്ഥത്തിലും ഇത് ഉപയോഗിക്കാറുണ്ട്. 4. ഒരാ ളുടെ അസ്തിത്വം, ശരീരം 5. ജമാഅത്ത്, സംഘം 6. അടയാളം 7. ഉയർന്ന കെട്ടിടം 8. ഭാഗം 9. ശിക്ഷ.

---

## വ്യാഖ്യാനം

ഇവിടെ ഹദ്റത്ത് ഇബ്റാഹിം(അ) വീണ്ടും പ്രാർത്ഥിക്കുകയാണ്. അല്ലാഹുവേ ഇവരിൽ നിന്നുള്ള ഒരു പ്രവാചകനെ നീ അയക്കേണമേ. ഇവരിൽനിന്ന് എന്നതുകൊണ്ട് അർത്ഥമാക്കുന്നത് അദ്ദേഹത്തിന്റെ സന്താനങ്ങളിൽനിന്ന് എന്നാണ്. കാരണം ഹദ്റത്ത് ഇബ്റാഹീം (അ) കഅ്ബ പണിതുയർത്തിയത് അല്ലാ ഹുവിന്റെ നാമം പ്രചരിപ്പിക്കുന്നതിനാണ്. ആ പ്രവൃത്തി അദ്ദേഹത്തിന്റെ മക്കളിലൂടെ നടക്കണം എന്ന ആഗ്രഹം കൊണ്ടാണ് അദ്ദേഹം തന്റെ സന്താ നങ്ങളെ അവിടെ താമസിപ്പിക്കുകയും ചെയ്തത്. അതുകൊണ്ട് പ്രവാചകൻ വരുന്നത് 'മിൻഹും' ഇവിടെ താമസിക്കുന്ന സന്താനങ്ങളിൽ നിന്നും ആയി രിക്കേണമേ.

*"യത്ലൂ അലൈഹിം ആയാത്തിക്ക"* അവർ നിന്റെ ദൃഷ്ടാന്തങ്ങളും അടയാളങ്ങളും മുഖേന അവരുടെ വിശ്വാസത്തെ എപ്പോഴും പുതുമയുള്ളതാക്കി നിർത്തേണമേ. *"വ യുഅല്ലിമുഹുമുൽ കിതാബ"* മനു ഷ്യന്റെ ആത്മീയപരിശുദ്ധിക്കായി ഇറക്കപ്പെടുന്ന നിന്റെ നിയമസംഹിതകളെ ആ പ്രവാചകൻ ജന ങ്ങൾക്ക് പഠിപ്പിച്ചുകൊടുക്കുമാറാകട്ടെ. ''*വൽ ഹിക്ക്മത്ത"* നീ നൽകുന്ന ഓരോ കല്പനയുടെയും യുക്തിയും ആ പ്രവാചകൻ അവർക്കു പറഞ്ഞുകൊ ടുക്കട്ടെ. കാരണം ആ പ്രവാചകന്റെ ആഗമനകാലം മനുഷ്യന്റെ ബുദ്ധി വികാസം പ്രാപിച്ച കാലമായിരി ക്കും. അതുകൊണ്ട് ഓരോന്നും കാര്യകാരണ സഹിതം വിവരിക്കുമ്പോൾ മാത്രമേ അവർ മനസ്സ റിഞ്ഞ് ഓരോന്നും ചെയ്യുകയുള്ളൂ. അതുകൊണ്ട് വെറും കല്പനകളാകാതെ അതോടൊപ്പം അതിന്റെ കാര്യകാരണവും അല്ലാഹുവേ ആ പ്രവാചകൻ അവർക്ക് വിവരിച്ചുകൊടുക്കുമാറാകട്ടെ.

"*വ യുസക്കീഹിം*" കാര്യകാരണങ്ങൾ വിവരിച്ച് അവരുടെ യുക്തി മാത്രം വളർന്നാൽ പോരാ, മറിച്ച് അവരുടെ ഹൃദയവും പരിശുദ്ധമാകണം. ദൈവ സ്നേഹത്താൽ അവരുടെ ഹൃദയം നിറഞ്ഞിരിക്കണം. അതുകൊണ്ട് അവരെ വിശുദ്ധീകരിക്കുകയും ചെയ്യേ ണമേ. അവർ ദൈവികഗുണങ്ങൾ തങ്ങളിൽ ഉൾക്കൊ ണ്ടുകൊണ്ട് ദൈവികദർപ്പണമായി മാറുന്ന മനുഷ്യ രായി മാറട്ടെ.

ഈ പ്രാർത്ഥനയിൽ ഹദ്റത്ത് ഇബ്റാഹീം നബി (അ) റസൂലൻ എന്നു പറഞ്ഞുകൊണ്ട് ഒരു പ്രവാച കനെയാണ് ആവശ്യപ്പെടുന്നത്. പ്രവാചകന്മാരെ ആവശ്യപ്പെടുന്നില്ല. തന്റെ സന്താനങ്ങളിൽ നിന്ന് കുറേ പ്രവാചകന്മാർ ഉണ്ടാകുന്നതാണെന്ന് അദ്ദേഹ ത്തിന് നേരത്തേ അറിയാമായിരുന്നു. എന്നിട്ടും ഒരു പ്രവാചകനുവേണ്ടി പ്രാർത്ഥിക്കുവാനുള്ള കാരണം അവസാന ശരീഅത്തോടുകൂടിവരുന്ന 'ഖാത്തമുന്ന ബിയ്യീൻ' ആയ പ്രവാചകൻ ഹദ്റത്ത് ഇസ്മായീൽ (അ) ന്റെ സന്താനങ്ങളിൽ നിന്നായിരിക്കും ജനിക്കുക എന്ന കാര്യം അല്ലാഹു അറിയിച്ചിരുന്നു എന്നതാണ്.

അല്ലാഹു അറിയിച്ചെങ്കിൽ അദ്ദേഹം എന്തിനു പ്രാർത്ഥിച്ചു എന്ന ചോദ്യം ഇവിടെ ഉന്നയിക്കാവുന്ന താണ്. ഇൽഹാമിനെ പൂർത്തിയാക്കാനായി പരിശ്രമി ക്കുക എന്നത് നന്മയാണ്. അതിന്നായി ആദ്യം ചെയ്യാൻ സാധിക്കുന്നത് പ്രാർത്ഥിക്കുക എന്നതാണ്. തുടർന്ന് അതിന്നായി പരിശ്രമിക്കുകയും ചെയ്യുക. അല്ലാഹുവിന്റെ വാഗ്ദാനം ലഭിച്ചാൽ പരിശ്രമം ഉപേ ക്ഷിക്കണമെന്നാണ് അല്പജ്ഞാനികൾ കരുതുന്നത്. അതു ശരിയല്ല. തന്റെ പ്രേമഭാജനത്തിന്റെ വാക്കുകൾ പൂർത്തീകരിക്കാൻ വേണ്ടി പരിശ്രമിക്കുക എന്നത് മനുഷ്യ പ്രകൃതത്തിലുള്ളതാണ്. പ്രവാചകൻമാർക്ക് അല്ലാഹുവിനോട് പ്രത്യേകമായ അടുപ്പം ഉള്ളതു കൊണ്ട് അവർ അല്ലാഹുവിന്റെ വാക്കുകളെ പൂർത്തീ കരിക്കുന്നതിന്നായി പരിപൂർണ്ണ പരിശ്രമം നടത്തുന്നു. അതിനാൽ പ്രവചനപൂർത്തീകരണത്തിന്നായി ഇബ്റാഹീം (അ) പരിശ്രമിച്ചിട്ടുണ്ടെങ്കിൽ അത് അദ്ദേ ഹത്തിന് അല്ലാഹുവിനോടുള്ള അടുപ്പവും സ്നേഹ വുമാണ് പ്രകടിപ്പിക്കുന്നത്.

ഹദ്റത്ത് ഇബ്റാഹിം(അ)ന്റെ സന്താനങ്ങളിൽ നിന്ന് കുറേ പ്രവാചകൻമാർ വരാനുണ്ടായിരുന്നെ ങ്കിലും ലോകത്തിന്റെ രക്ഷകനായി അവതീർണ്ണരാ കുന്ന അവസാനകാല പ്രവാചകൻ ഇസ്മായിൽ സന്ത തികളിൽനിന്നും വരണമെന്ന് അദ്ദേഹം ആഗ്രഹിച്ചി രുന്നു. കാരണം ഇസ്ഹാഖിന്റെ സന്തതികളിൽ പല പ്രവാചകൻമാരും വരുന്നതാണ്. അവർക്ക് അനുഗ്ര ഹങ്ങൾ ലഭിക്കുന്നതാണ്.

ഈ ആയത്തിൽ ഒരു പ്രവാചകന്റെ കർത്തവ്യ ങ്ങളെക്കുറിച്ചാണ് പ്രതിപാദിച്ചിരിക്കുന്നത്. ഏതൊരു പ്രവാചകന്റെയും കർത്തവ്യങ്ങളിൽ പെട്ടതാണ്,അ ല്ലാഹുവിന്റെ വചനങ്ങൾ കേൾപ്പിക്കുക,അതിലെ യുക്തികൾ പറഞ്ഞുകൊടുക്കുക, അവരെ വിശുദ്ധീ കരിക്കുക എന്നിവ. ഈ പ്രവർത്തി തിരുനബി(സ) മുഖേന ലോകത്ത് ആർക്കും ചെയ്യാൻ സാധിക്കാത്ത രീതിയിൽ നടപ്പിൽ വരികയുണ്ടായി.

*(അവലംബം: തഫ്സീർ കബീർ, വിവർത്തനം: നാസിർ അഹ്മദ്. എം)* ●

*ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു)*

# ഹൃദയത്തിൽനിന്നും പൊഴിദൈവങ്ങളെ അകറ്റുക

**അ**ല്ലാഹു തന്റെ പ്രകാശം, തൗഹീദ് സ്ഥാപിക്കുന്നതിന്നായി ലോകത്ത് വരുന്ന പ്രവാചകന്മാർ മുഖേനയാണ് പ്രകടമാക്കുന്നത്. അവർ അല്ലാഹുവിന്റെ പ്രകാശം സ്വീകരിച്ചുകൊണ്ട് നാലുഭാഗത്തും തൗഹീദിന്റെ പ്രചാരണം നടത്തുന്നു. ഈ പ്രകാശം തിരുനബി (സ) മുഖേനയാണ് ഏറ്റവും കൂടുതലായി ലോകത്ത് എത്തിയിട്ടുള്ളത്. കാരണം അല്ലാഹുവിന്റെ അസ്തിത്വത്തെക്കുറിച്ചുള്ള ഏറ്റവും കൂടുതൽ അറിവ് ആ പരിപൂർണ്ണ മനുഷ്യനാണ് ലഭിച്ചിട്ടുള്ളത്. അല്ലാഹുവിനെക്കുറിച്ചുള്ള ഈ അറിവ് കാരണം ആ പുണ്യാത്മാവ് അല്ലാഹുവിന്റെ നിറങ്ങളെ പൂർണ്ണമായും ഉൾക്കൊള്ളുകയും അവന്റെ സിഫത്തുകളെ (ഗുണങ്ങളെ) പ്രതിഫലിപ്പിക്കുന്നവനായി മാറുകയും ചെയ്തു. ഹദ്റത്ത് മസീഹ് മൗഊദ് (അ) ഇതു സംബന്ധമായി ഇപ്രകാരം അരുളുന്നു. "അദ്ദേഹം ആകാശത്ത് നിന്ന് പ്രകാശം (നൂർ) കൊണ്ടുവന്നു. അദ്ദേഹം സ്വയം ഒരു പ്രകാശമായിരുന്നു."

ഇക്കാലത്ത് ഹദ്റത്ത് റസൂൽ(സ) യുടെ യഥാർത്ഥ ദാസനെ ആ പുണ്യാത്മാവിന്റെ ദാസത്വത്തിന്റെ ഫലമായി അല്ലാഹു ആ പ്രകാശത്താൽ പ്രഭാപൂരിതമാക്കുകയുണ്ടായി. വാഗ്ദത്ത മസീഹ്(അ) തന്നെക്കുറിച്ച് പറയുന്നു.

"ഇന്ന് ആ പ്രകാശത്തിന്റെ ശക്തമായ പ്രസരണം ഈ വിനീതനിൽ അലതല്ലുന്നുണ്ട്. ആ പ്രകാശത്തിന്റെ എല്ലാ നിറങ്ങളും നമ്മുടെ ഹൃദയത്തിന് നാം നല്കുകയുണ്ടായി. തിരുദൂതരുടെ പ്രകാശത്തിൽനിന്ന് ഈ പ്രകാശം ലഭിച്ചതുമുതൽ സത്യവാനായ അല്ലാഹുവിന്റെ അസ്തിത്വത്തിൽ എന്റെ അസ്തിത്വം നാം ലയിപ്പിക്കുകയുണ്ടായി."

ഇന്ന് ആരാണോ ഹൃദയം സംശുദ്ധമാക്കിക്കൊണ്ട് അല്ലാഹുവിനെ പ്രാപിക്കാൻ ആഗ്രഹിക്കുന്നത് അവനിലേക്ക് അല്ലാഹു എത്തിച്ചേരുന്നതാണ്. ഇങ്ങനെയുള്ളവർ കാലഘട്ടത്തിന്റെ ഇമാമിനെ സ്വീകരിക്കുന്നു. അവരിൽ അല്ലാഹു നിത്യവും അതിനൂതനമായ രീതിയിൽ തന്റെ ശക്തിപ്രഭാവം പ്രകടമാക്കുന്നു. ഇതുമുഖേന തൗഹീദിന്റെ യാഥാർത്ഥ്യം ദാസൻ മനസ്സിലാക്കുകയും ചെയ്യുന്നു.

ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നത് അതാണ്. തിരുനബി (സ) യുടെ ദാസത്വം അല്ലാഹുവുമായി അദ്ദേഹത്തിന്റെ അസ്തിത്വം ലയിക്കുകയുണ്ടായി. ഈ ലയനം കാരണം ആ മഹാത്മാവും അല്ലാഹുവിലേക്ക് എത്തിച്ചേരാനുള്ള ഒരു മാർഗ്ഗമായിത്തീർന്നു. തിരുനബി(സ)യെ പൂർണ്ണമായും പിൻപറ്റിയതു കാരണം തൗഹീദിനെക്കുറിച്ചുള്ള യഥാർത്ഥ അറിവ് അദ്ദേഹത്തിന് ലഭിക്കുകയും ചെയ്തു.

ആ മഹാത്മാവ് ഒരു സ്ഥലത്ത് ഇപ്രകാരം അരുളുന്നു. അല്ലാഹുവിന്റെ അസ്തിത്വം അതിനിഗൂഢവും അതിസൂക്ഷ്മവും മറകൾക്കപ്പുറത്തുമുള്ളതാണ്. ഒരു ബുദ്ധിക്കും അതിനെ കണ്ടെത്താൻ സാധ്യമല്ല. അവൻ പറയുന്നു: '*ലാ തുദിരിക്കഹുൽ അബ്സാറു വഹുവ യുദിരീക്കുൽ അബ്സാർ*'

ബാഹ്യദൃഷ്ടികൾക്കും ആന്തരിക ദൃഷ്ടികൾക്കും അവനെ കണ്ടെത്താൻ സാധ്യമല്ല. ഓരോന്നിന്റെയും പര്യവസാനത്തെക്കുറിച്ചും അവൻ അറിയുന്നു. അവരെയെല്ലാം കീഴ്പ്പെടുത്തിയവൻ അവൻ തന്നെ. അതുകൊണ്ട് യുക്തികൊണ്ടു മാത്രം അവന്റെ തൗഹീദ് മനസ്സിലാക്കാൻ സാധ്യമല്ല. തൗഹീദിന്റെ പൊരുൾ എന്ന് പറഞ്ഞാൽ ബാഹ്യമായ പൊഴിദൈവങ്ങളെ (ബിംബങ്ങൾ, മനുഷ്യൻ, സൂര്യൻ, ചന്ദ്രൻ എന്നിവയെ ആരാധിക്കുന്നതിൽ നിന്ന് വിട്ടുനിൽക്കുക) ഉപേക്ഷിക്കുന്നതുപോലെ മനുഷ്യൻ തന്റെ അകത്തളത്തിലുള്ള പൊഴിദൈവങ്ങളെയും വിട്ടൊഴിയുക എന്നതാണ്. അതായത് തന്റെ ആത്മീയവും ഭൗതീകവുമായ കഴിവുകളിൽ ആശ്രയിക്കുന്നതിൽ നിന്നും അഹങ്കാരത്തിൽ അകപ്പെട്ടുപോകുന്നതിൽ നിന്നും രക്ഷപ്പെടുക. ഇതിൽ നിന്നും മനസ്സിലാകുന്നത് അഹങ്കാരം ഉപേക്ഷിക്കുകയും പ്രവാചകന്റെ കോന്തല പിടിക്കുകയും ചെയ്യാതെ പൂർണ്ണമായ തൗഹീദ് കരസ്ഥമാക്കാൻ സാധ്യമല്ല എന്നാണ്. ആരെങ്കിലും തന്റെ ഏതെങ്കിലും ശക്തിയെ ദൈവത്തിന് സമാനമാക്കുകയാണെങ്കിൽ അവൻ എങ്ങിനെ തൗഹീദ് വാദിയായിത്തീരാനാണ്. അല്ലാഹുവിന്റെ പ്രകാശം കരസ്ഥമാക്കുന്നതിനും

സമ്പൂർണ്ണ തൗഹീദ് കരസ്ഥമാക്കുന്നതിനുമുള്ള ഒരു ദാസന്റെ പരിശ്രമം ഈ രീതിയിലായിരിക്കണം ഉണ്ടാകേണ്ടത്. ആദ്യം തന്റെ അകത്തുള്ള പൊഴി ദൈവങ്ങളെ പുറത്തേക്ക് വലിച്ചെറിയുക. എനിക്ക് പണമുണ്ടെന്നും ഞാൻ സമുദായത്തിലെ ലീഡറാണെന്നും അതോടൊപ്പം ഞാൻ മുസ്‌ലിമാണെന്നും എനിക്ക് ഇനി ഒന്നിന്റെയും ആവശ്യമില്ലെന്നും പറയുന്നത് തികച്ചും അബദ്ധമാണ്. എനിക്ക് ദീനി അറിവുണ്ടെന്നും ആത്മീയതയിൽ ഞാൻ എത്രയോ ഉയരത്തിരിക്കുന്നുവെന്നും ഒരു സമൂഹം തന്നെ എന്റെ കീഴിലുണ്ടെന്നും അതുകാരണം എനിക്ക് അല്ലാഹുവിനെക്കുറിച്ചുള്ള ജ്ഞാനങ്ങൾ കിട്ടിയിരിക്കുന്നുവെന്നും ആരെങ്കിലും വാദിക്കുകയാണെങ്കിൽ അതും തെറ്റുതന്നെ. കാരണം ഇതിന്റെ എല്ലാം പിന്നിൽ മറഞ്ഞിരിക്കുന്ന അഹങ്കാരമുണ്ട്. ഇതു കാരണം അവരുടെ ഒരു പ്രവർത്തനവും അത് അല്ലാഹുവിന്റെ പേരിൽ നീതി നടപ്പിൽ വരുത്തുവാൻ ശ്രമിക്കുകയാണെങ്കിലും മതപ്രചാരണത്തിന് പരിശ്രമിക്കുകയാണെങ്കിലും മതപ്രചാരണം നടത്തുന്നു എന്നു വാദിക്കുകയാണെങ്കിലും അതുമല്ലെങ്കിൽ ശരീഅത്ത് പുനസ്ഥാപിക്കാനുള്ള പരിശ്രമമാണ് നടത്തുന്നതെങ്കിൽ പോലും ഒരു പ്രവൃത്തിയും തന്നെ സദുദ്ദേശത്തോടുകൂടിയല്ല ചെയ്യുന്നത്. കാരണം ഹൃദയത്തിലുള്ള അഹങ്കാരം ദൂരീകരിക്കപ്പെട്ടില്ല. അവരുടെ ഹൃദയത്തിൽ ദൈവേതരശക്തികൾ താവളമടിപ്പിച്ചിരിക്കുകയാണ്. ഇതു കാരണമാണ് കാലഘട്ടത്തിലെ ഇമാമിനെയും നിഷേധിച്ചിരിക്കുന്നത്. അതുകൊണ്ട് അല്ലാഹുവിന്റെ പ്രകാശം അവരിലേക്ക് എത്തുന്നതിന് അവർക്കും അതിനുമിടയിലുള്ള മറകൾ തടസ്സം സൃഷ്ടിച്ചുകൊണ്ടിരിക്കുകയാണ്. അല്ലാഹു പറയുന്നു അവൻ '*ലത്തീഫാണ്*', അതിസൂക്ഷ്മനാണ്. അതോടൊപ്പം ഖബീറുമാണ്. എല്ലാം നല്ലപോലെ അറിയുന്നവനുമാണ്. അവൻ പരിശുദ്ധഹൃദയത്തിൽ പ്രവേശിക്കുന്ന പ്രകാശമാണ്. അതോടൊപ്പം ഓരോരുത്തരുടെയും ഹൃദയത്തിൽ എന്താണുള്ളതെന്ന് സൂക്ഷ്മമായി നിരീക്ഷിക്കുന്നവനും കൂടിയാണവൻ. ആരുടെ ഹൃദയം ദൈവേതര ശക്തികളാൽ നിറഞ്ഞിരിക്കുന്നുവോ ആരുടെ കണ്ണുകൾ ഭൗതീകമായ അനുഗ്രഹങ്ങളിൽ നിമഗ്നമായിരിക്കുന്നുവോ അവിടങ്ങളിൽ അല്ലാഹുവിന്റെ പ്രകാശം എത്തുകയില്ല. യഥാർത്ഥത്തിൽ അല്ലാഹു പറഞ്ഞ '*വഹുവ യുദ്‌രിക്കുൽ അബ്സാർ*' അവൻ സ്വയം സൃഷ്ടികളിലേക്ക് എത്തിച്ചേരുന്നതാണ് എന്നതിൽ നിന്നും ഫലമനുഭവിക്കേണമെങ്കിൽ നമ്മുടെ ഹൃദയം പരിശുദ്ധമാക്കേണ്ടതാണ്.

അല്ലാഹു പറയുന്നു:

ورفع ابويه على العرش وخروا له سجدا وقال
يا ابت هذا تاويل رؤياي من قبل قد جعلها ربي
حقا وقد احسن بي اذ اخرجني من السجن وجاء
بكم من البدو من بعد ان نزغ الشيطان بيني وبين
اخوتي ان ربي لطيف لما يشاء انه هو العليم الحكيم

ഇവിടെ ഹദ്റത്ത് യൂസുഫ്(അ)ന്റെ സംഭവമാണ് വിവരിക്കുന്നത്. അദ്ദേഹം ആദരവോടുകൂടി തന്റെ മാതാപിതാക്കന്മാരെ മണ്ഡപത്തിൽ ഉയർത്തിയിരുന്നു. അവരെല്ലാം അദ്ദേഹത്തിന്റെ കാരണത്താൽ സാഷ്ടാംഗം പ്രണമിക്കുന്നവരായി വീണു. അദ്ദേഹം പറഞ്ഞു: എന്റെ പിതാവേ, ഞാൻ മുമ്പ് കണ്ട എന്റെ സ്വപ്നത്തിന്റെ സാക്ഷാത്കാരമാണിത്. അത് എന്റെ നാഥൻ യാഥാർത്ഥ്യമാക്കിയിരിക്കുന്നു. എന്നെ തുറുങ്കിൽനിന്ന് അവൻ മോചിപ്പിച്ചപ്പോഴും എനിക്കവൻ ഔദാര്യം ചെയ്തിട്ടുണ്ട്. പിശാച് എന്റെയും എന്റെ സഹോദരങ്ങളുടെയും ഇടയിൽ ഭിന്നിപ്പുണ്ടാക്കിയതിനുശേഷം മരുപ്രദേശത്തുനിന്ന് അവൻ (അല്ലാഹു) നിങ്ങളെ കൊണ്ടുവരികയും ചെയ്തിരുക്കുന്നു. തീർച്ചയായും എന്റെ നാഥൻ അവനുദ്ദേശിക്കുന്നവർക്ക് കരുണ ചെയ്യുന്നവനാകുന്നു. അവൻ സർവ്വജ്ഞനും യുക്തിജ്ഞനുമാണ്.(12:101)

ഈ ആയത്തിൽ ഹദ്റത്ത് യൂസുഫ് (അ) അല്ലാഹുവിന്റെ '*ലത്തീഫ്*' എന്ന ഗുണനാമത്തിന്റെ അടിസ്ഥാനത്തിൽ അല്ലാഹു ചെയ്ത അനുഗ്രഹങ്ങളും കാര്യങ്ങളുമാണ് വിവരിക്കുന്നത്. അദ്ദേഹത്തിന്റെ പരിശുദ്ധ ഹൃദയം കാരണം ചെറുപ്രായത്തിൽ തന്നെ അദ്ദേഹത്തിന് അല്ലാഹു സത്യസ്വപ്നങ്ങൾ കാണിച്ചുകൊടുത്തിരുന്നു. ഇന്ന് ഈ കുടുംബസംഗമത്തിൽ ചെറുപ്പത്തിൽ കണ്ട ആ സ്വപ്നം അദ്ദേഹത്തിന് ഓർമ്മവരികയാണ്. സഹോദരന്മാരുടെ അക്രമനടപടികൾ ഉണ്ടായിട്ടുകൂടി പരീക്ഷണ ഘട്ടങ്ങളിൽ അല്ലാഹു അദ്ദേഹത്തിന്റെ സുഹൃത്തും സഹായിയുമായി വർത്തിച്ച് അദ്ദേഹത്തെ സംരക്ഷിക്കുകയുണ്ടായി. ഇന്ന് ഭൗതീകമായ നിലയിൽ ഉയർന്ന സ്ഥാനം നല്കിക്കൊണ്ട് അദ്ദേഹം ചെയ്ത ത്യാഗത്തിന് തന്റെ '*ലത്തീഫ്*' എന്ന ഗുണത്തിലൂടെ അല്ലാഹു അദ്ദേഹത്തിന് അതിമഹത്തായ അനുഗ്രഹങ്ങൾ നല്കുകയുണ്ടായി. ഇവിടെ ഹദ്റത്ത് യൂസുഫ് നബി(അ) ന് അദ്ദേ

ഹത്തിന്റെ ത്യാഗത്തിനുള്ള പ്രതിഫലം ലഭിച്ചതോടൊപ്പം ഹദ്റത്ത് യഅ്ഖൂബ് (അ) ചെയ്ത ത്യാഗത്തിനുള്ള പ്രതിഫലവും നല്കുകയും തന്റെ മകന് ഭൗതീകമായി ലഭിച്ച ഉന്നത പദവി കാണാൻ കഴിയുന്നതുവരെ അല്ലാഹു അദ്ദേഹത്തെ ജീവിപ്പിച്ചു നിർത്തുകയും ചെയ്തു. അല്ലാഹുവിന്റെ മറ്റു സിഫത്തുകളിലേക്കും ഈ സൂക്തം വെളിച്ചം വീശുന്നു. അല്ലാഹു പിതാവിന്റെയും പുത്രന്റെയും വലിയായിത്തീർന്നു. അവരെ പ്രയാസങ്ങളിൽ നിന്നും രക്ഷപ്പെടുത്തിക്കൊണ്ടിരിക്കുന്നു. ക്ഷമയും ധൈര്യവും അവർക്ക് പകർന്നുകൊടുക്കുകയും ചെയ്തു. ആത്മാർത്ഥരായ ഈ പിതാവും പുത്രനും കാരണം മറ്റു മക്കളുടെ ഇസ്ലാഹും (സംസ്കരണവും) നടക്കുകയും ചെയ്തു. അതുകൊണ്ട് പരസ്പരം ദുആ ചെയ്യുന്നതിലൂടെ ഇസ്ലാഹിനുള്ള മാർഗ്ഗം തുറക്കപ്പെടുമെന്ന വിഷയവും ഇവിടെ വ്യക്തമാകുന്നുണ്ട്. എത്രമാത്രം പരസ്പരം അടുപ്പവും ബന്ധവുമുണ്ടോ അതിനനുസരിച്ച് ദുആയും അധികരിക്കുന്നതാണ്. തിരുനബി (സ) തന്റെ സമൂഹത്തിന്റെ ഇസ്ലാഹിനു വേണ്ടി വളരെയധികം പ്രാർത്ഥിച്ചിട്ടുണ്ടായിരുന്നു. ഏതെങ്കിലും ഗോത്രത്തെക്കുറിച്ച് അവർ ശക്തമായി എതിർക്കുന്നുണ്ടെന്നും അവർക്കായി ശാപപ്രാർത്ഥന നടത്തണമെന്നും തിരുനബി(സ)യോട് പറയപ്പെട്ടാൽ, ശാപപ്രാർത്ഥന നടത്തുന്നതിനു പകരം അവരുടെ ഹിദായത്തിന്നായി പ്രാർത്ഥിക്കുകയാണ് ചെയ്തിരുന്നത്. മാത്രമല്ല ഹിദായത്തിനു വേണ്ടി പ്രാർത്ഥിക്കാൻ തന്റെ ഉമ്മത്തിനെ ആ പുണ്യാത്മാവ് ഉപദേശിക്കുകയും ചെയ്തു.

അതുകൊണ്ട് ഇന്ന് ഉമ്മത്തെ മുസ്ലിമക്ക് വേണ്ടി നാമും ദുആ ചെയ്യേണ്ടത് അനിവാര്യമാണ്. അല്ലാഹു ഖുർആനിൽ പറയുന്നു;

الم تر أن الله أنزل من السماء ماء فتصبح الأرض
مخضرة إن الله لطيف خبير

നീ കണ്ടില്ലേ ആല്ലാഹു ആകാശത്തു നിന്ന് വെള്ളമിറക്കുന്നു. അല്ലാഹു അതിസൂക്ഷ്മനും എല്ലാം അറിയുന്നവനുമാകുന്നു.(22:64)

ഈ ആയത്തിൽ *ലത്തീഫ്* എന്ന സിഫത്ത് വിവരിച്ചുകൊണ്ട് പുതിയ ഒരു വിഷയമാണ് അല്ലാഹു വിവരിക്കുന്നത്. ആത്മീയവും ഭൗതീകവുമായ ജീവിതം വെള്ളം മുഖേനയാണ് ലഭിക്കുന്നത്. ആത്മീയ ജീവിതം കരഗതമാകുന്നതിന്ന് വേണ്ടി സർവ്വശക്തികളുടെയും ഉടമസ്ഥനായ അല്ലാഹുവിലേക്ക് ശ്രദ്ധതിരിക്കേണ്ടതാണ്. ഇവിടെ ആകാശത്തു നിന്ന് വെള്ളം ഇറക്കുന്നതിനെ ഉദാഹരണമായി സമർപ്പിക്കാനുള്ള കാരണം മഴ ആകാശത്തുനിന്ന് പെയ്തുകൊണ്ട് ഭൂമിയെ പച്ചളിപ്പുള്ളതാക്കി മാറ്റുന്നതുപോലെ ആത്മീയജലം ഭൂമിയിൽ ഇറങ്ങി മനുഷ്യന് ആത്മീയത പ്രദാനം ചെയ്യുന്നു എന്നതാണ്. ആകാശത്ത് നിന്ന് മഴ വർഷിക്കുമ്പോൾ പാറകൾക്കും മരുപ്രദേശങ്ങൾക്കും അത് വലിയ ഗുണമൊന്നും ചെയ്യാറില്ല. ഇതു പോലെ ആത്മീയ ജലവും നന്മയുടെ സ്ഫുരണങ്ങളുള്ള വിശുദ്ധഹൃദയത്തിനു മാത്രമേ ഫലം ചെയ്യുകയുള്ളൂ. ജീവന്റെ അടയാളമായ വെള്ളം ഭൂമിയിൽ പതിക്കുമ്പോൾ ഭൂമി പച്ചളിപ്പുള്ളതും ജീവസ്സുറ്റതുമായിത്തീരുന്നതോടൊപ്പം പക്ഷിമൃഗാതികളും വണ്ടുകളും ഷഡ്പദങ്ങളും പോലുള്ള ജീവിവർഗ്ഗവും ഗുണമെടുക്കുന്നു. അവരുടെ ജീവിതം ഇതുമായി ബന്ധപ്പെട്ടതാണ്. എന്നാൽ ഈ വെള്ളം പാറകളിലും മരുപ്രദേശങ്ങളിലും സമതലത്തിൽ ഉണ്ടാക്കുന്നതുപോലുള്ള ഉണർവ്വ് നല്കുന്നില്ല. എന്നാൽ അവർക്കും അൽപസ്വൽപമായ ഗുണങ്ങൾ ഇതുകൊണ്ടുണ്ടാകുന്നു. ജീവന്റെ ഒരംശം അവിടെയുണ്ടെങ്കിൽ അവർക്കും പ്രയോജനം ചെയ്യുന്നു. ഇതുപോലെ ആത്മീയ ജലം ഇറങ്ങുമ്പോൾ നന്മയുള്ള ഹൃദയങ്ങൾക്ക് പുതിയ ജീവൻ നല്കുകയും അവിടെ പുതിയ നാമ്പുകൾ മുളക്കുകയും അങ്ങിനെ അത് വളർന്ന് പന്തലിച്ച് പുഷ്പിക്കുകയും കായ്ക്കുകയും ചെയ്യുന്നു. ആത്മീയജലം പരിശുദ്ധ ഹൃദയമുള്ളവർക്ക് ഗുണം ചെയ്യുന്നതുപോലെ എതിരാളികൾ ഇതിനെ എതിർത്തുകൊണ്ട് ഭൗതികമായ നേട്ടങ്ങൾ കൊയ്യുകയും ചെയ്യുന്നു. ഹരിതകം മനുഷ്യനും ജീവജാലകങ്ങൾക്കും പ്രയോജനം നല്കുന്നതുപോലെ ആത്മീയ ജലവും ഫലഭൂയിഷ്ടമായ ഹൃദയങ്ങൾക്ക് ഫലദായകമായി തീരുന്നതോടൊപ്പം കരിങ്കല്ല് പോലത്തെ ഹൃദയമുള്ളവർക്കും ഫലം നല്കുന്നു. പക്ഷെ ഭൗതീക നേട്ടങ്ങൾ ആണെന്നു മാത്രം.

നമ്മുടെ ജമാഅത്ത് വളർന്നുകൊണ്ടിരിക്കുന്ന സ്ഥലങ്ങളിലെല്ലാം എതിർപ്പുകളും ശക്തമായിക്കൊണ്ടിരിക്കുന്നതായി നമുക്ക് കാണാൻ സാധിക്കുന്നതാണ്. അവർ രാഷ്ട്രീയവും സാമ്പത്തികവുമായ നേട്ടങ്ങൾ ഇതുമുഖേന കൊയ്യാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ആഗമനം ഇവർക്ക് ഭൗതീക നേട്ടത്തിനുള്ള കാരണമായിത്തീർന്നിരിക്കുകയാണ്. ചുരുക്കത്തിൽ ഏതെങ്കിലും രീതിയിലുള്ള ഗുണം എല്ലായിടത്തും ലഭിച്ചുകൊണ്ടിരിക്കുന്നു. ചിലപ്പോൾ ഇത് ചിലർ പ്രകടിപ്പിക്കാറുമുണ്ട്.

അല്ലാഹു മനുഷ്യരിൽ മൃതാവസ്ഥ കാണുമ്പോൾ വെള്ളം ഇറക്കുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)

പേജ് 24-ൽ

എ.എം മുഹമ്മദ് സലീം

# വിവാഹമോചനവും ഇസ്‌ലാമും

**വിവാഹമോചനം ഇസ്‌ലാമിൽ ക്ഷിപ്രസാധ്യമല്ല. അത് നിരവധി ഉപാധികളുള്ള ഒരു സമയബന്ധിത പ്രക്രിയയാണ്. ഇസ്‌ലാമിലെ വിവാഹമോചന നിയമങ്ങൾ തന്നെ വിവാഹമോചനത്തെ സ്വയം ദുർബലപ്പെടുത്തി അനുരഞ്ജനത്തിന്റെ മാർഗ്ഗത്തിലേക്ക് വരാൻ നിർബന്ധിക്കുന്നതാണ്.**

വിവാഹമോചനം നിയമപരമായി അനുവദിച്ചതിന്റെ പേരിൽ വളരെയേറെ വിമർശനങ്ങൾക്ക് വിധേയമായ മതമാണ് ഇസ്‌ലാം. 'ദൈവം കൂട്ടിച്ചേർത്തതിനെ മനുഷ്യൻ വേർപ്പെടുത്താൻ പാടില്ല' എന്ന് പറഞ്ഞ് വിവാഹമോചനത്തിന് അനുവാദം നൽകാത്ത ക്രൈസ്തവ സമൂഹത്തിലാണ് ഇന്ന് വിവാഹമോചനം വളരെ കൂടുതൽ കാണപ്പെടുന്നത് എന്നത് ഒരു വിരോധാഭാസമാണ്. ക്രൈസ്തവ സമൂഹത്തിൽ മാത്രമല്ല എല്ലാ ആധുനിക പരിഷ്കൃത സമൂഹങ്ങളിലും വിവാഹമോചനം സാർവ്വത്രികമായ ഒരു പ്രതിഭാസമായി മാറിക്കൊണ്ടിരിക്കുകയാണ്. വ്യക്തിജീവിതത്തിലെ പ്രശ്നങ്ങളുടെയും സംഘർഷങ്ങളുടെയും പ്രതിഫലനത്തെയാണ് വർദ്ധിച്ചുവരുന്ന ഈ വിവാഹമോചന നിരക്ക് സൂചിപ്പിക്കുന്നത്. അതോടൊപ്പം ജീവിതയാഥാർത്ഥ്യങ്ങളെ അഭിമുഖീകരിക്കുന്നതിലും ധാർമ്മികശക്തിയുടെ പിൻബലത്തോടെ പൊരുത്തക്കേടുകളും അപസ്വരങ്ങളും തരണം ചെയ്യുന്നതിൽ മനുഷ്യൻ നേരിടുന്ന പരാജയത്തെയും ഇത് സൂചിപ്പിക്കുന്നു.

മനുഷ്യവർഗ്ഗത്തിൽപ്പെട്ട സ്ത്രീക്കും പുരുഷനും, അവർ ഏത് ജാതിയിലോ, വർഗ്ഗത്തിലോ, വംശത്തിലോ പെട്ടവരായാലും, ഭാര്യാഭർത്താക്കന്മാരായി ഇണക്കത്തോടെ ജീവിക്കാൻ കഴിയും എന്നത് ദൈവത്തിന്റെ മഹത്തായ ഒരു ദൃഷ്ടാന്തമായി ഖുർആൻ പറയുന്നു.

*'നിങ്ങൾക്ക് നിങ്ങളുടെ വർഗ്ഗത്തിൽ നിന്നുതന്നെ അവൻ ഇണകളെ സൃഷ്ടിച്ചു, എന്നത് അവന്റെ ദൃഷ്ടാന്തങ്ങളിൽപ്പെട്ടതാണ്. നിങ്ങളവരോട് കൂടിച്ചേർന്ന് മന:സ്സമാധാനം കൈവരുത്താൻ വേണ്ടിയാണത്. എന്നിട്ട് നിങ്ങളുടെ ഇടയിൽ അവൻ സ്നേഹവും കാരുണ്യവും ഉണ്ടാക്കുകയും ചെയ്തു എന്നതും. ചിന്തിക്കുന്ന ജനങ്ങൾക്ക് ഇതിൽ പല ദൃഷ്ടാന്തങ്ങളുമുണ്ട്'* (30:32)

മനുഷ്യനെ ഇണകളാക്കി സൃഷ്ടിച്ച ദൈവം അവരെ സ്നേഹത്തിന്റെയും കാരുണ്യത്തിന്റെയും കാണാചരടുകൾ കൊണ്ട് ബന്ധിച്ച് ആ ഇണക്കത്തെ ദൃഢപ്പെടുത്തിയിരിക്കുന്നു എന്ന് അഭിമാനപൂർവ്വം പ്രസ്താവിക്കുന്നു. ഭൂമിയിൽ നടക്കുന്ന വിവാഹങ്ങളിൽ ബഹുഭൂരിപക്ഷവും സ്നേഹവാത്സ്യങ്ങളുടെ ദൈവിക അനുഗ്രഹത്താൽ സമ്പന്നമാണ് എന്നത് ഈ ഖുർആൻ വചനത്തിന്റെ ഉത്തമ ദൃഷ്ടാന്തമാണ്. നിർഭാഗ്യവാനായ മനുഷ്യനാണ് തന്റെ പിഴവുകൾ കൊണ്ട് വിവാഹ ബന്ധത്തെ വിഛേദിക്കുന്നത്. ഒരു ധർമ്മസംഹിതയുടേയോ മതാദ്ധ്യാപനങ്ങളുടെയോ സഹായമില്ലാതെ തന്നെ അല്ലാഹു മനുഷ്യനിൽ നല്കിയ ജന്മനാലുള്ള പരസ്പരസ്നേഹത്തിന്റെ ബലത്തിൽ മനുഷ്യന് വിജയകരമായ വൈവാഹികജീവിതം നയിക്കാനാവും. എന്നാൽ വൈവാഹികജീവിതത്തെ ആത്മീയസുരഭിലവും ശാന്തിപൂർണ്ണവുമാക്കാൻ ഇസ്‌ലാം നൽകുന്ന അദ്ധ്യാപനങ്ങൾ നിസ്തുലമാണ്. മാത്രമല്ല സമൂഹത്തെ സാക്ഷി നിർത്തി നടക്കുന്ന മുസ്‌ലിം വിവാഹ ചടങ്ങുകളിൽ ദാമ്പത്യജീവിതത്തിന്റെ നാനാവശങ്ങളിലേക്കും വെളിച്ചം വീശുന്ന പ്രഭാഷണങ്ങൾ റസൂൽ തിരുമേനി (സ) യുടെ ചര്യയെന്ന നിലക്ക് മുസ്‌ലിം സമൂഹങ്ങളിൽ നിരന്തരം നടന്നുകൊണ്ടിരിക്കുന്നു. അതുകൊണ്ട് മുസ്‌ലിം സമൂഹത്തിൽ പൊതുവെ ദാമ്പത്യജീവിതം സംഘർഷരഹിതമാണ്. എങ്കിലും താര്യതമ്യേന വിവാഹമോചനനിരക്ക് ആധുനിക കാലത്ത് വർദ്ധിച്ചുവരുന്നതായിക്കാണാം. ഇസ്‌ലാമിനെ സംബന്ധിച്ചേടത്തോളം ഇത് ദു:ഖകരമാണ്.

മനുഷ്യവ്യക്തിത്വങ്ങൾ പ്രതിജനഭിന്നങ്ങളാണ്. ഐക്യത്തോടൊപ്പംതന്നെ ജീവിതവീക്ഷണങ്ങളിൽ ഭിന്നതകളും വൈരുദ്ധ്യങ്ങളും സ്വാഭാവികമാണ്. വാസ്തവത്തിൽ പൊരുത്തക്കേടുകളേയും അസ്വാരസ്യങ്ങളേയും ഏകോപിപ്പിച്ച് ഇണക്കത്തോടും പര

സ്പര സ്നേഹത്തോടും കൂടി മുന്നോട്ട് കൊണ്ടു പോകുന്ന കലയാണ് വൈവാഹിക ജീവിതം.

വിവാഹമോചനത്തിന്റെ കാരണങ്ങൾ നിരവധിയാണ്. വ്യക്തികളുടെ മാനസീകാവസ്ഥയും അഭിരുചിയും സമീപനവും വ്യത്യസ്തമായിരിക്കുന്നത് പോലെ വിവാഹമോചനത്തിന്റെ കാരണങ്ങളും വ്യത്യസ്തമാണ്. വിവാഹമോചനം ഇസ്‌ലാം അങ്ങേയറ്റം വെറുക്കുന്ന ഒരു വ്യക്തി ദുരന്തമാണ്. '***അനുവദനീയമാക്കിയിട്ടുള്ള കാര്യങ്ങളിൽ അല്ലാഹുവിന് ഏറ്റവും അനിഷ്ടകരമായ കാര്യമാണ് വിവാഹമോചനം***' (അബൂദാവൂദ്) എന്ന് റസൂൽ തിരുമേനി (സ) പറയുന്നു, മറ്റൊരിക്കൽ അവിടുന്ന് അരുളി '***നിങ്ങൾ വിവാഹം കഴിക്കുക, വിവാഹമോചനം നടത്താതിരിക്കുക, ആസ്വാദനത്തിനുവേണ്ടി രുചി നോക്കി നടക്കുന്ന സ്ത്രീപുരുഷന്മാരെ അല്ലാഹു ഇഷ്ടപ്പെടുകയില്ല.*** (ദാറുഖുത്നി) '***വിവാഹമോചനവേളയിൽ അല്ലാഹുവിന്റെ സിംഹാസനം വിറകൊള്ളുമെന്നും റസൂൽ തിരുമേനി(സ)പറയുകയുണ്ടായി.***(ഖുർതുബി)

മനുഷ്യപ്രകൃതിക്കും യാഥാർത്ഥ്യങ്ങൾക്കും യോജിച്ച വിധത്തിലാണ് ഇസ്‌ലാമിക നിയമങ്ങൾ ആവിഷ്കരിച്ചിട്ടുള്ളത്. വൈവാഹികജീവിതം മുമ്പോട്ടു കൊണ്ടുപോകാൻ കഴിയാത്തവിധം അകൽച്ചയും വെറുപ്പും വിദ്വേഷവുമാണ് ദമ്പതിമാർക്കിടയിൽ വർദ്ധിച്ചു വരുന്നതെങ്കിൽ ഇസ്‌ലാം വിവാഹമോചനം അനുവദിച്ചുകൊണ്ട് അവർക്ക് ആശ്വാസം നൽകുന്നു. അവരുടെ ജീവിതം ഭൂമിയിലെ നരകമാക്കാൻ ഇസ്‌ലാം അനുവദിക്കുന്നില്ല. ഇത് മറ്റു മതങ്ങളെ അപേക്ഷിച്ച് ഇസ്‌ലാമിനെ ഏറ്റവും പുരോഗമനപരവും യാഥാർത്ഥ്യ ബോധമുള്ള ഒരു മതവുമാക്കി തീർക്കുന്നു. അതായത് വിവാഹം എന്നത് മറ്റു മതങ്ങളിലുള്ളതുപോലെ യാതൊരു നിലക്കും വിഛേദിക്കാൻ കഴിയാത്ത സ്ത്രീപുരുഷന്മാർ തമ്മിലുള്ള ഒരു വിളക്കിച്ചേർക്കലായല്ല ഇസ്‌ലാം കാണുന്നത്. ഇസ്‌ലാമിൽ അതൊരു സിവിൽ കരാറാണ്. അത് സാധാരണ ഒരു കരാറല്ല. അതിന്റെ ദൃഢതയെ സംബന്ധിച്ചും അവിഛിന്നതയെ സംബന്ധിച്ചും ഉണർത്തിക്കൊണ്ട് ഖുർആൻ ഇങ്ങിനെ പറയുന്നു.

'***നിങ്ങൾ പരസ്പരം ഒട്ടിച്ചേർന്ന് ജീവിക്കുകയും അവർ നിങ്ങളിൽനിന്ന് ഉറച്ച കരാർ സ്വീകരിക്കുകയും ചെയ്ത സ്ഥിതിക്ക് നിങ്ങൾ അതെങ്ങിനെ തിരിച്ചുവാങ്ങും*** (4:22)

ഭാര്യയോട് ഇഷ്ടക്കേട് ഉള്ളതുകൊണ്ട് ഭർത്താവിന് വിവാഹമോചനം ചെയ്യാം എന്ന നിലപാട് ഇസ്‌ലാമികമല്ല. ആ ഇഷ്ടക്കേടിനെ ഒരൊറ്റ ദൃഷ്ടിയിലൂടെ നോക്കാതെ അവളിലെ നന്മകൾ കണ്ടുകൊണ്ട് തന്നെ പരമാവധി വിട്ടുവീഴ്ചയോടെ ജീവിച്ച് ദാമ്പത്യം സ്നേഹസമ്പൂർണ്ണമാക്കാൻ ശ്രമിക്കണമെന്നാണ് ഖുർആന്റെ ഉപദേശം. '***നിങ്ങൾ ജീവിത പങ്കാളിയോട് ഉത്തമരൂപത്തിൽ വർത്തിക്കുക. നിങ്ങൾക്ക് അവരുടെ നേരെ അനിഷ്ടം തോന്നിയേക്കാം. എന്നാൽ നിങ്ങൾക്ക് അനിഷ്ടകരമായി തോന്നുന്ന ഒന്നിന് അല്ലാഹു സമൃദ്ധമായ നന്മകൾ ഒരുക്കിവെച്ചിട്ടുണ്ടാവാം.*** (4:19)

വിവാഹമോചനം ഇസ്‌ലാമിൽ നിരവധി വ്യവസ്ഥകൾക്കും ഉപാധികൾക്കും വിധേയമായ ഒരു സുദീർഘ പ്രക്രിയയാണെന്ന കാര്യം പ്രത്യേകം പ്രസ്താവ്യമാണ്. അതിന്റെ ഓരോഘട്ടത്തിലും ദമ്പതിമാർ തമ്മിലുള്ള അനുരഞ്ജനത്തിന് ആവർത്തിച്ചാവർത്തിച്ചുള്ള ശ്രമങ്ങളുണ്ടാവണമെന്ന് നിഷ്കർഷിക്കുന്നു.

ദമ്പതിമാർ തമ്മിൽ പരസ്പരം അഭിപ്രായവ്യത്യാസങ്ങളും അസ്വാരസ്യങ്ങളും ഉടലെടുക്കാതിരിക്കാൻ ഭാര്യയും ഭർത്താവും അവരവരുടെ സവിശേഷ അധികാരങ്ങളെയും സ്ഥാനങ്ങളെയും, പ്രവർത്തന രീതിയെ സംബന്ധിച്ചും ബോധവാന്മാരായിരിക്കണമെന്ന് താഴെ എഴുതിയ ഈ ഖുർആൻ വാക്യങ്ങൾ നമ്മെ ഉണർത്തുന്നു.

**ഗുരുതരമായ കലഹങ്ങളും മധ്യസ്ഥന്മാരും**

'***സ്ത്രീകൾക്ക് ചില ബാധ്യതകളുള്ളത് പോലെ ന്യായമായ അവകാശങ്ങളുമുണ്ട്'.(2:23) 'പുരുഷന്മാർ സ്ത്രീകളുടെമേൽ രക്ഷാധികാരമുള്ളവരാണ്. അല്ലാഹു അവരിൽ ചിലർക്ക് അവരെക്കാൾ ചില മേന്മകൾ നൽകിയത് കൊണ്ടും അവർ തങ്ങളുടെ ധനത്തിൽനിന്ന് ചെലവ് ചെയ്യുന്നു എന്നുള്ളതുകൊണ്ടുമാണിത്. അതിനാൽ അനുസരണശീലമുള്ളവരും അല്ലാഹു സംരക്ഷിച്ച വിധം (തങ്ങളുടെ ഭർത്താക്കന്മാരുടെ) രഹസ്യങ്ങൾ സൂക്ഷിക്കുന്നവരുമാണ് സച്ചരിതരായ സ്ത്രീകൾ (4:35).***

ഭർത്താവിനെ അനുസിക്കാൻ ബാദ്ധ്യസ്ഥയായ സ്ത്രീ അനുസരണത്തോടെയും പരസ്പര വിശ്വാസവും രഹസ്യവും കാത്തുസൂക്ഷിച്ച് ജീവിക്കുകയും ചെയ്യുമ്പോൾ വിവാഹജീവിതം സ്വർഗ്ഗീയമാവുന്നു. ഇതിന് വിപരീതമായി ഗുരുതരമായ കലഹങ്ങളും പിണക്കവും ഉടലെടുക്കുകയും വിവാഹബന്ധം വിഛേദിക്കപ്പെട്ടുപോകുമെന്ന് ബന്ധുക്കളോ ബന്ധപ്പെട്ട അധികാരികളോ അറിയുന്നപക്ഷം അവർ അനുരഞ്ജിപ്പിക്കാനാണ് ശ്രമിക്കേണ്ടത്.

***എന്നിട്ടും അവർ രണ്ടുപേർക്കുമിടയിൽ പിളർപ്പുണ്ടാകുമെന്ന് നിങ്ങൾ (ബന്ധപ്പെട്ട അധികാരികൾ) ഭയപ്പെടുന്നപക്ഷം, അവന്റെ ബന്ധുക്കളിൽനിന്ന് ഒരു മധ്യസ്ഥനേയും അവളുടെ ബന്ധുക്കളിൽ നിന്ന് ഒരു മധ്യസ്ഥനേയും നിശ്ചയിക്കുക. അവർ രണ്ടുപേരും (മധ്യസ്ഥന്മാർ) രഞ്ജിപ്പുണ്ടാക്കണമെന്ന് ഉദ്ദേശിക്കുന്നതായാൽ അല്ലാഹു അവർ രണ്ടുപേർക്കുമിടയിൽ യോജിപ്പുണ്ടാക്കുന്നതാണ്. തീർച്ചയായും അല്ലാഹു എല്ലാം അറിയുന്നവനും സൂക്ഷ്മജ്ഞനുമാണ് (4:36)***

**ത്വലാഖ്**

ഭർത്താവിന് നല്കപ്പെട്ട അധികാരം ഉപയോഗപ്പെടുത്തി വിവാഹബന്ധം വേർപ്പെടുത്തുന്നതിനെയാണ് ത്വലാഖ് എന്ന് പറയുന്നത്. ത്വലാഖ് പുരുഷനുള്ള (ഭർത്താവിനുള്ള) അധികാരമാണ്. വിവാഹബന്ധം ആരുടെ അധികാരത്തിലാണോ ആ ആൾ '*അല്ലദീ ബിയദിഹീ ഉദ്കത്തു നിക്കാഹി*' എന്ന ഖുർആന്റെ പരാമർശമനുസരിച്ച് വിവാഹമോചനത്തിന് സാധാരണഗതിയിലുള്ള അധികാരം ഭർത്താവിനാണ്. ത്വലാഖ് രണ്ട് വിധത്തിലുണ്ട്. ഒന്ന് '*ത്വലാഖ് റജ്ഈ*'-തിരിച്ചെടുക്കാവുന്ന അഥവാ റദ്ദാക്കാവുന്ന ത്വലാഖ് (Revocable Divorce) രണ്ടാമത്തേത് '*ത്വലാഖ് ബാഈൻ*'- തിരിച്ചെടുക്കാൻ പറ്റാത്ത അഥവാ റദ്ദാക്കാൻ പറ്റാത്ത ത്വലാഖ് (Irrevocable Divorce).

അറബികൾക്കിടയിൽ അജ്ഞാനകാലത്തുണ്ടായ ഒരു സമ്പ്രദായമായിരുന്നു 'ഈലാഅ്.' ഭർത്താവ്, ഞാൻ ഭാര്യയുമായി ബന്ധപ്പെടുകയില്ല എന്ന് പ്രതിജ്ഞ ചെയ്ത് മാറിനില്ക്കുന്ന ഒരു സമ്പ്രദായമാണിത്. ചിലപ്പോൾ വർഷങ്ങളോളം ഇങ്ങനെ ഭാര്യയുമായി ബന്ധപ്പെടാതെ മാറി നിൽക്കും. അറബികൾക്കിടയിലുണ്ടായിരുന്ന ത്വലാഖിന്റെ ഒരു പ്രാകൃതരൂപമാണിത്. അങ്ങനെ പ്രതിജ്ഞ ചെയ്തവർ നാല് മാസം മാത്രമേ തങ്ങളുടെ ഭാര്യയുമായി വിട്ടു നിൽക്കാൻ പാടുള്ളൂ എന്ന് താഴെ കൊടുത്ത ഖുർആൻ വാക്യം അവതരിച്ചതോടെ വിധി വന്നു. ബോധപൂർവ്വം നടത്തുന്ന ഇത്തരം നിരർത്ഥകമായ ശാപങ്ങളെ അപലപിച്ചുകൊണ്ട് ഖുർആൻ പറയുന്നു:

'***ഞങ്ങളുടെ ഭാര്യമാരുമായി സംസർഗ്ഗം ചെയ്യുകയില്ലെന്ന് ശപഥം ചെയ്യുന്നവർക്ക് (പരമാവധി) നാലു മാസം പ്രതീക്ഷിക്കാവുന്നതാണ്. പിന്നെ അവർ (ഈ കാലയളവിൽ രഞ്ജിപ്പ് ഉദ്ദേശിച്ച്) മടങ്ങുന്നുവെങ്കിൽ തീർച്ചയായും അല്ലാഹു സർവ്വഥാ പൊറുക്കുന്നവനും വളരെ കൃപചെയ്യുന്നവനുമത്രെ***'(2:227)

ഇതിൽനിന്നും ഭാര്യാഭർത്താക്കന്മാർ പിണങ്ങിക്കൊണ്ട്, ബന്ധപ്പെടാതെ നാലുമാസം മാത്രമേ നിൽക്കാൻ പാടുള്ളൂവെന്നതിന് ഖുർആൻ പ്രമാണം ഈ വചനമാണ്. നാലു മാസം കഴിഞ്ഞാൽ മധ്യസ്ഥന്മാർ ഇടപെട്ടു പ്രശ്നം പരിഹരിച്ച് രഞ്ജിപ്പുണ്ടാക്കാൻ ശ്രമിക്കണം.

ഇനി മധ്യസ്ഥശ്രമങ്ങൾക്കെല്ലാം ശേഷം ഭർത്താവ് ത്വലാഖിലേക്ക് പ്രവേശിക്കുകയാണെങ്കിൽ അത് ഉടനടി പ്രാബല്യത്തിൽ വരുത്താവുന്നവിധം ക്ഷിപ്രസാധ്യമല്ല. നിശ്ചിത കാലദൈർഘ്യത്തോടു കൂടിയതും ഉപാധികളോടെ വ്യവസ്ഥ ചെയ്യപ്പെട്ടതുമായ ഒരു പ്രക്രിയയാണ് ത്വലാഖ്. ഈ നിശ്ചിത കാലദൈർഘ്യമാണ് ഇദ്ദ: എന്നറിയപ്പെടുന്നത്. ഈ ഘട്ടത്തിലെല്ലാം ഭാര്യാഭർത്താക്കന്മാർ തമ്മിൽ അനുരഞ്ജനത്തിന്റെ തീവ്രശ്രമങ്ങൾ നടത്താനാണ് വിശുദ്ധ ഖുർആനിലെ ഉപാധികളുടെ താല്പര്യം. ഇദ്ദ, നാലുമാസവും പത്തു ദിവസവുമാണ്.(2:235) വിവാഹമോചിതയുടെ ഇദ്ദ കാലം താഴെ വിവരിക്കുന്നു.

**ഇദ്ദ:കാലം**

'***ഇനി അവർ വിവാഹമോചനത്തിനാണ് തീരുമാനിക്കുന്നതെങ്കിൽ നിശ്ചയമായും അല്ലാഹു എല്ലാം കേൾക്കുന്നവനും നന്നായി അറിയുന്നവനുമാകുന്നു, വിവാഹമോചിതരായ സ്ത്രീകൾ മൂന്ന് ആർത്തവ കാലം വരെ സ്വയം നിയന്ത്രിച്ചു കാത്തിരിക്കേണ്ടതാണ്.... അവരുടെ ഭർത്താക്കന്മാർ രഞ്ജിപ്പാണ് ആഗ്രഹിക്കുന്നതെങ്കിൽ അതിൽ ആ (കാലയളവിൽ) അവരെ തിരിച്ചെടുക്കുന്നതിൽ കൂടുതൽ അവകാശമുള്ളവരാണ്*** (2:228, 229)

ത്വലാഖ് ചൊല്ലിയ ഉടൻതന്നെ വിവാഹ വിഛേദനം നിലവിൽ വരുന്നില്ല എന്ന് ഈ വചനം വ്യക്തമാക്കുന്നു. അവൾ മൂന്ന് ആർത്തവകാലം (ഥലാഥതു ഖുറൂഅ്) കാത്തിരിക്കണം. 'ഖുറൂഅ്' എന്നതിന് ആർത്തവകാലങ്ങൾ എന്നും നേർവിപരീതമായ ശുദ്ധികാലങ്ങൾ എന്നും അർത്ഥം പറയുന്നു. ഖുലഫാഉർറാശിദയും ഇമാംഅബൂഹനീഫയും(റ)ഇമാം ഹംബൽ(റഹ്)ഉം 'ഖുർഅ' എന്ന പദത്തിന് ആർത്തവകാലം എന്ന് അർത്ഥം പറയുമ്പോൾ, ആയിശ (റ:അ), ഇബ്നു ഉമർ (റ) ഇമാം മാലിക്ക് (റഹ്) എന്നിവർ ശുദ്ധികാലം എന്നാണ് അർത്ഥം പറയുന്നത്. മൂന്ന് ആർത്തവങ്ങൾ എന്നു പറഞ്ഞാൽ മൂന്ന് മാസവും, മൂന്ന് ശുദ്ധികാലങ്ങൾ എന്ന് പറഞ്ഞാൽ മൂന്ന് മാസവും ആവും. മദ്ഹബിന്റെ ഈ വ്യത്യസ്ത വീക്ഷണങ്ങൾ പുലർത്തുന്ന ഈ വിഷയം ഔചിത്യത്തിന് വിടാവുന്നതാണ്.

വിവാഹമോചനം ചെയ്യപ്പെട്ട ആദ്യത്തെ ത്വലാഖ് കൊടുത്ത സ്ത്രീ ഈ കാലയളവിൽ മൂന്ന് ആർത്തവകാലങ്ങളോ അല്ലെങ്കിൽ മൂന്ന് ശുദ്ധികാലങ്ങളോ പൂർത്തിയാക്കുന്ന ഇദ്ദ:കാലം മുഴുവൻ ഭർത്താവിന്റെ വീട്ടിൽ തന്നെയാണ് കഴിയേണ്ടത്. ഗർഭിണിയുടെ ഇദ്ദ കാലം അവർ പ്രസവിക്കുന്നത് വരെയാണ്. പ്രസവ ശുശ്രൂഷയടക്കം എല്ലാ ചിലവുകളും ഭർത്താവ് തന്നെ വഹിക്കണം. ശിശുവിന് മുലകൊടുക്കുകയാണെങ്കിൽ അതിന്റെ ചിലവും ഭർത്താവാണ് വഹിക്കേണ്ടത്. ആർത്തവം നിലച്ച സ്ത്രീയാണെങ്കിൽ ഇദ്ദ: മൂന്ന് മാസമാണ്. അല്ലാഹു ഖുർആനിൽ പറയുന്നു:

***നിങ്ങളുടെ സ്ത്രീകളിൽനിന്ന് ആർത്തവത്തെക്കുറിച്ച് പ്രതീക്ഷയില്ലാത്തവരെ സംബന്ധിച്ചിടത്തോളം നിങ്ങൾ സംശയിക്കുന്ന പക്ഷം അവരുടെ ഇദ്ദ: മൂന്ന് മാസമാണ്. ആർത്തവം ഉണ്ടാവാത്ത സ്ത്രീകളുടെ കാര്യവും അങ്ങനെതന്നെ. ഗർഭിണികളാകട്ടെ അവരുടെ അവധി (ഇദ്ദ) അവർ പ്രസവിക്കലാകുന്നു. വല്ല***

***വനും അല്ലാഹുവിനെ സൂക്ഷിക്കുന്നതായാൽ അല്ലാഹു അവന്റെ കാര്യത്തിൽ സൗകര്യമുണ്ടാക്കിക്കൊടുക്കുന്നതാണ്.***(65:67)

ഖുർആൻ തുടരുന്നു:

***അവരെ (വിവാഹമുക്തകളായ സ്ത്രീകളെ അവരുടെ ഇദ്ദയുടെ സമയത്ത്) നിങ്ങളുടെ കഴിവിനനുസരിച്ച് നിങ്ങളുടെ വാസസ്ഥലത്ത് താമസിപ്പിക്കുക. അവർക്ക് വിഷമമുണ്ടാക്കാൻ വേണ്ടി നിങ്ങളവരെ ബുദ്ധിമുട്ടിക്കരുത്. അവർ ഗർഭിണികളാണെങ്കിൽ പ്രസവിക്കുന്നത് വരെ നിങ്ങളവർക്ക് ചിലവ് നല്കുക. പിന്നീട് നിങ്ങളവർക്കു വേണ്ടി അവർ (ശിശുവിന്) മുലകൊടുക്കുകയാണെങ്കിൽ അവരുടെ പ്രതിഫലങ്ങൾ നല്കുക. ഉചിതമായ നിലയിൽ നിങ്ങൾ പരസ്പരം കൂടിയാലോചിച്ച് തീരുമാനിക്കുക. നിങ്ങൾക്ക് പരസ്പരം വിഷമം അനുഭവപ്പെടുന്നതായാൽ അവനു (പിതാവിനുവേണ്ടി) മറ്റൊരു സ്ത്രീ മുലപ്പാൽ കൊടുക്കട്ടെ.*** (അത്തലാക്ക് 65:7)

നിക്കാഹ് കഴിഞ്ഞു പക്ഷെ സഹശയനം നടന്നില്ല. അതിന് മുമ്പേ ത്വലാഖ് ചൊല്ലിയാൽ ഇദ്ദ ആചരിക്കേണ്ട. ഖുർആൻ പറയുന്നു:

'***സത്യവിശ്വാസികളേ, നിങ്ങൾ സത്യവിശ്വാസിനികളെ വിവാഹം കഴിക്കുകയും എന്നിട്ട് അവരെ സ്പർശിക്കുന്നതിന് മുമ്പ് നിങ്ങൾ അവരുമായി ബന്ധം വേർപ്പെടുത്തുകയും ചെയ്താൽ നിങ്ങൾ എണ്ണിക്കണക്കാക്കുന്ന ഇദ്ദ: ആചരിക്കണമെന്ന് അവരോട് ആവശ്യപ്പെടാൻ നിങ്ങൾക്കവകാശമില്ല. അതുകൊണ്ട് നിങ്ങൾ അവർക്ക് കുറച്ച് ജീവിതവിഭവം നല്കുക. ഭംഗിയായ നിലയിൽ അവരെ വിട്ടയക്കുകയും ചെയ്യുക.***' (33:50)

**ഇദ്ദ: കാലത്തെ തിരിച്ചെടുക്കൽ**

വിവാഹമോചനത്തിന്റെ ആദ്യപടി എന്ന നിലക്ക് ത്വലാഖ് ചെയ്യപ്പെട്ടെങ്കിലും ഇദ്ദ:കാലത്ത് പുരുഷന് സ്ത്രീ അന്യയാകുന്നില്ല. അതേ സമയം ഭാര്യയുമല്ല. ഈ കാലയളവിൽ ത്വലാഖ് ചെയ്ത് വീട്ടിൽ താമസിക്കുന്ന സ്ത്രീയെ വീണ്ടും ഭാര്യാപദത്തിലേക്ക് നിരുപാധികം ഭർത്താവിന് തിരിച്ചുകൊണ്ടുവരാം. വാസ്തവത്തിൽ ഒരു വീട്ടിൽ താമസിക്കുമ്പോൾ വീണ്ടും അവർ അടുക്കാനും രഞ്ജിപ്പുണ്ടാക്കുവാനുമാണ് ഇസ്‌ലാം അങ്ങനെ നിഷ്കർഷിച്ചത്. ഇങ്ങനെ ത്വലാഖ് ചൊല്ലിയതിനു ശേഷവും ഭാര്യയെ ഭാര്യാപദത്തിലേക്ക് തിരിച്ചെടുക്കാം. ഈ ത്വലാഖിനെയാണ് 'ത്വലാഖ് റജ്ഈ' എന്നു പറയുന്നത്. ഇത് രണ്ട് തവണ ഇസ്‌ലാമിൽ അനുവദനീയമാണ്. അതായത് ഇദ്ദയുടെ കാലഘട്ടത്തിൽ പുരുഷന് അവളെ തിരിച്ചെടുക്കാം. എന്നാൽ ഇദ്ദ കാലം കഴിഞ്ഞതിന് ശേഷമാണെങ്കിൽ അവളുടെ സമ്മതം വാങ്ങി വീണ്ടും നിക്കാഹ് ചെയ്യേണ്ടതുണ്ട്. അങ്ങനെ ഒന്നാമത്തെ ത്വലാഖ് കഴിഞ്ഞ് തിരിച്ചെടുത്ത് വിവാഹജീവിതം നയിക്കവെ വീണ്ടും പ്രശ്നങ്ങളുണ്ടായി ത്വലാഖ് ചൊല്ലി എന്നിരിക്കട്ടെ. എന്നാലും ഇദ്ദ: കാലത്തിനുള്ളിൽ വീണ്ടും ആദ്യത്തേത് പോലെ തിരിച്ചെടുക്കാം. അതുപോലെ ഇദ്ദക്ക് ശേഷം പുനർ വിവാഹത്തിലൂടെയും തിരിച്ചെടുത്ത് ത്വലാഖ് റദ്ദാക്കാവുന്നതാണ്. ഇങ്ങനെ രണ്ട് തവണ തിരിച്ചെടുക്കാവുന്ന അഥവാ റദ്ദാക്കാവുന്ന ത്വലാഖ് (ത്വലാഖ് റജ്ഈ) ഇസ്‌ലാം അനുവദിക്കുന്നു. ഇതിൽ നിന്നെല്ലാം മനസ്സിലാകുന്നത് ത്വലാഖിന് ശേഷവും വേർപിരിയുന്ന ബന്ധങ്ങൾ അനുരജ്ഞനത്തിലൂടെ പുനസ്ഥാപിച്ചു മുന്നോട്ടുകൊണ്ടുപോകലാണ് ഇസ്‌ലാമിന്റെ താൽപര്യം എന്നാണ്. ഖുർആൻ പറയുന്നു:

***(റദ്ദാക്കാവുന്ന അഥവാ തിരിച്ചെടുക്കാവുന്ന) വിവാഹമോചനം രണ്ടു പ്രാവശ്യമാണ്. പിന്നീട് ന്യായമായ നിലയിൽ (ഭാര്യയെ) കൂടെ നിർത്തുകയോ ഔദാര്യപൂർവ്വം വിട്ടയക്കുകയോ ചെയ്യാം. നിങ്ങൾ അവർ (ഭാര്യമാർ) ക്ക് നല്കിയിട്ടുള്ളതിൽ നിന്നും യാതൊന്നും (തിരികെ) വാങ്ങുന്നത് നിങ്ങൾക്ക് അനുവദനീയമല്ല. രണ്ടുപേരും അല്ലാഹുവിന്റെ നിയമാതിർത്തികളെ നിലലിർത്തുകയില്ലെന്ന് ഭയപ്പെടുന്നെങ്കിലല്ലാതെ. എന്നാൽ അല്ലാഹുവിന്റെ നിയമപരിധികളെ പാലിക്കുവാൻ അവർക്ക് കഴിയാതെ വരുമെന്ന് നിങ്ങൾ ഭയപ്പെടുന്നുവെങ്കിൽ അപ്പോൾ എന്തു നല്കിക്കൊണ്ട് അവൾ (വിവാഹ) മോചനം നേടുന്നുവോ അതിലവർക്ക് ഇരുവർക്കും കുറ്റമില്ല. അല്ലാഹുവിന്റെ നിയമപരിധികളാണിവ. അതുകൊണ്ട് ഇവയെ നിങ്ങൾ ലംഘിക്കരുത്. ആരെങ്കിലും അല്ലാഹുവിന്റെ നിയമപരിധികളെ അതിലംഘിക്കുന്നുവെങ്കിൽ (അറിയുക) അവർ തന്നെയാണ് അധർമ്മികൾ*** (2:230).

**ത്വലാഖിന് ശേഷവും അവൾ ഭർതൃഗൃഹത്തിൽ തന്നെ താമസിക്കണം**

'***ഓ നബീ,നിങ്ങൾ സ്ത്രീകളെ വിവാഹമോചനം ചെയ്യുമ്പോൾ അവരുടെ ഇദ്ദയുടെ സമയമനുസരിച്ച് വിവാഹമോചനം ചെയ്യുക. ഇദ്ദ കണക്കാക്കുകയും ചെയ്യുക. നിങ്ങളുടെ നാഥനായ അല്ലാഹുവിനെ സൂക്ഷിക്കുക. അവരുടെ വീടുകളിൽ നിന്നും നിങ്ങളവരെ പുറത്താക്കരുത്. അവർ സ്വയം പോകയുമരുത്. അവർ പ്രത്യക്ഷമായൊരു ദുർവൃത്തി ചെയ്താലല്ലാതെ. അല്ലാഹുവിന്റെ (നിയമ) പരിധികളാണിവ. അല്ലാഹുവിന്റെ നിയമപരിധികളെ വല്ലവനും ലംഘിക്കുന്നതായാൽ അവൻ തന്റെ സ്വന്തം ആത്മാവിനോട് തന്നെയാണ് ദ്രോഹം ചെയ്യുന്നത്. അതിനു ശേഷം അല്ലാഹു ഏതെങ്കിലും ഒരു പുതിയകാര്യം നമ്മളിൽ വരുത്തിയേക്കുമെന്ന് നീ അറിയുന്നില്ല.***'(65:2) ഖുർആന്റെ ഈ കല്പന നബി തിരുമേനി(സ)യോടു

മാത്രമല്ല. നബി തിരുമേനി(സ)ക്കാകട്ടെ വിവാഹമോചനം പാടില്ലായെന്ന് അല്ലാഹു കല്പിച്ചതാണ്.(33:53) അതുകൊണ്ട് ഇത് മുസ്ലിംകളോടുള്ള പൊതുകല്പനയാണ്.

ഈ ഖുർആൻ വചനത്തിൽ വിവാഹമോചനം ചെയ്യപ്പെട്ട (ഒന്നാമത്തെ ത്വലാഖ് ചൊല്ലിയ) സ്ത്രീയെ ഇദ്ദ: കാലംവരെ പുരുഷന്റെ വീട്ടിൽ തന്നെയാണ് പാർപ്പിക്കേണ്ടത് എന്ന് വ്യക്തമായും അല്ലാഹു പറയുന്നു. വ്യക്തമായ നീചവൃത്തി ചെയ്താലല്ലാതെ അവരെ വീട്ടിൽനിന്നും പുറത്താക്കരുതെന്ന് അനുശാസിക്കുകയും ചെയ്യുന്നു. അതോടൊപ്പം സ്ത്രീകളോട് സ്വയം പുറത്ത് പോകുകയും ചെയ്യരുത് എന്നും കല്പിക്കുന്നു. ഇവിടെ വ്യക്തമായ നീചവൃത്തി എന്നതുകൊണ്ട് ഉദ്ദേശിക്കപ്പെട്ടത് വ്യഭിചാരമാണ്. വിവാഹമോചനങ്ങളിൽ ബഹുഭൂരിപക്ഷവും സ്ത്രീയുടെ വ്യഭിചാരക്കുറ്റം കൊണ്ടല്ല എന്ന് വ്യക്തമാണല്ലോ. വാസ്തവത്തിൽ മുറിഞ്ഞുപോയ ബന്ധം പുനഃസ്ഥാപിക്കാൻ കൂടെ താമസിക്കണം എന്ന് അല്ലാഹു കല്പിച്ച ഈ നിബന്ധന സാർവ്വത്രികമായി ലംഘിക്കപ്പെട്ടുകാണുന്നു. ഒരേ വീട്ടിൽതന്നെ ത്വലാഖ് ചെയ്യപ്പെട്ട ഭാര്യാഭർത്താക്കന്മാർ ജീവിക്കുമ്പോൾ തീർച്ചയായും അനുരഞ്ജനത്തിനുള്ള ഏറ്റവും അനുയോജ്യമായ ഒരവസ്ഥ നിയമം വഴി അല്ലാഹു അവർക്ക് ഒരുക്കുകയാണ് ചെയ്യുന്നത്. ഇദ്ദ കാലയളവിൽ മറ്റൊരുപാധിയും കൂടാതെ അവർക്ക് ആ വിവാഹബന്ധം പുനസ്ഥാപിക്കാൻ ഇതുമൂലം സാധ്യമാവുന്നു. അവരുടെ തീരുമാനം അയഥാർത്ഥമായ കാരണംകൊണ്ടോ പെട്ടെന്നുള്ള കോപാവേശംകൊണ്ടോ ആണെങ്കിൽ തീർച്ചയായും അവർ യോജിച്ചുപോകും. പക്ഷെ, ഇവിടെ സംഭവിക്കുന്നത് നേരെ മറിച്ചാണ്. വഴക്കും വക്കാണവുമായി ഭാര്യ അവളുടെ വീട്ടിൽ എത്തിയതിന് ശേഷമോ ഭർത്താവിൽ നിന്ന് അവൾ അകന്നു കഴിയുന്ന വേളയിലോ ആണ് ഭർത്താവ് ത്വലാഖ് ചൊല്ലുന്നത്. ഇങ്ങനെ വേർപെട്ട് കഴിയുന്ന അവസ്ഥയിൽ തന്നെ ഇദ്ദയുടെ കാലാവധി തീരുന്നു. അങ്ങനെ അല്ലാഹുവിന്റെ പവിത്രമായ ഒരു നിയമം ഇവിടെ ലംഘിക്കപ്പെടുകയും അതിന്റെ ആനുകൂല്യം ലഭിക്കാതെ പോകുകയും ചെയ്യുന്നു. ഈ വിധി കർശനമായും സമൂഹവും ബന്ധുക്കളും നടപ്പിൽ വരുത്തുകയാണെങ്കിൽ ഒരുപാട് വിവാഹമോചനങ്ങൾ ഒഴിവാക്കപ്പെടും.

**ഇദ്ദ: യുടെ യുക്തി**

ത്വലാഖിന് ശേഷമുള്ള ഇദ്ദ എന്നത് ചുരുങ്ങിയത് മൂന്ന് ആർത്തവങ്ങൾക്കിടയിലുള്ള രണ്ട് ശുദ്ധികാലം ഉൾപ്പെടുന്നതാണ്. ത്വലാഖ് പ്രഖ്യാപിക്കുന്ന അവസരം ശുദ്ധികാലമായിരിക്കണമെന്ന് നിർബന്ധമാണ്. ആർത്തവസമയത്ത് ത്വലാഖ് പാടില്ല. ഇതിന്റെ താല്പര്യം ആർത്തവവേളയിൽ അവർ തമ്മിൽ സമ്പർക്കമില്ലാത്ത കാലമാണ്. ഈ ഘട്ടത്തിൽ സ്ത്രീകൾക്ക് മാനസീക പിരിമുറുക്കവും അസ്വസ്ഥതയും സ്വാഭാവികമാണ്. സമ്പർക്കമില്ലാത്തതിനാൽ ആർത്തവകാലത്ത് ഭർത്താവിന് സ്ത്രീയോടുള്ള ആഭിമുഖ്യം കുറയുന്നു. അവരുടെ സംഘർഷങ്ങളും പിണക്കവും ലൈംഗികവേഴ്ചയിലൂടെ ലഘൂകരിക്കാനും മയപ്പെടുത്താനുമുള്ള സന്ദർഭം ഉണ്ടാവുന്നില്ല. ശാരീരികമായി കൂടുതൽ അടുപ്പമുണ്ടാക്കുന്ന ശുദ്ധികാലത്ത് ത്വലാഖിനുള്ള പ്രവണത കുറയുന്നതുകൊണ്ടാണ് ആ സമയത്ത് ത്വലാഖ് ചൊല്ലാൻ നിർദ്ദേശിച്ചത്.

അങ്ങനെ ത്വലാഖ് പ്രഖ്യാപനത്തിനുശേഷം മൂന്ന് ആർത്തവകാലങ്ങളിൽ (ഇദ്ദകാലത്ത്) ഭാര്യയുടെ കാത്തിരിപ്പിന്റെ ഘട്ടമാണ്. ഈ ഘട്ടത്തിൽ ഭർത്താവിനോടൊപ്പം താമസിക്കുന്ന ത്വലാഖ് ചെയ്യപ്പെട്ട ഭാര്യയെ പുനർവിവാഹം ചെയ്യാതെ ത്വലാഖ് ദുർബലപ്പെടുത്തി അവളെ തിരിച്ചെടുക്കാം. ഇദ്ദ: കാലത്ത് ഭർത്താവിന്റെ വീട്ടിൽ തന്നെ കഴിയുന്നതുകൊണ്ട് വിവാഹജീവിതം പുനസ്ഥാപിക്കാനുള്ള ഉചിതമായ സന്ദർഭവും സമയവും ലഭിക്കുന്നു. വിവാഹമുക്ത ഗർഭിണിയാണെങ്കിൽ പ്രസവിക്കുന്നതുവരെയാണ് അവളുടെ ഇദ്ദ. ഈ സന്ദർഭത്തിൽ അവൾ ഭർത്താവിന്റെ വീട്ടിലും ചിലവിലുമാണ് കഴിയേണ്ടത്. ത്വലാഖ് ചെയ്യപ്പെട്ടവളോടുള്ള വിരോധവും വിപ്രതിപത്തിയും ഇല്ലാതാവുന്ന ഏറ്റവും അനുകൂലമായ സാഹചര്യമായി ആ സന്ദർഭം മാറുന്നു. ഈ കാലയളവിൽ അവളെ തിരിച്ചെടുക്കാനുള്ള സാധ്യത ഒരുക്കുകയാണ് ഈ നിബന്ധന വഴി ഇസ്ലാം ഉദ്ദേശിക്കുന്നത്.

**മൂന്നാമത്തെ ത്വലാഖ് അഥവാ തിരിച്ചെടുക്കാൻ പറ്റാത്ത ത്വലാഖ്**

***പിന്നീട് (മൂന്നാം പ്രാവശ്യം) അവൻ അവളുമായുള്ള വിവാഹബന്ധം വേർപ്പെടുത്തിയെങ്കിൽ അതിനുശേഷം അവനല്ലാതെ മറ്റൊരു ഭർത്താവിനെ അവൾ വിവാഹം ചെയ്യുകയും ആ ബന്ധം വേർപ്പെടുകയും ചെയ്യുന്നതുവരെ അവൾ അവന് അനുവദനീയമാവുകയില്ല. പിന്നെ ആ (രണ്ടാമത്തെ) ആൾ അവളെ വിവാഹമോചനം ചെയ്തുകഴിഞ്ഞാൽ (വിവാഹബന്ധത്തിലേക്ക്) അവരന്യോന്യം തിരിച്ചുവരുന്നതിൽ അവർക്ക് കുറ്റമൊന്നുമില്ല.*** (23:231)

പുരാതനകാലത്ത് അറബികൾ നിരവധി തവണ ഇഷ്ടമുള്ളപ്പോഴെല്ലാം ത്വലാഖ് ചൊല്ലുകയും വീണ്ടും തിരിച്ചെടുക്കുകയും ചെയ്യുമായിരുന്ന 'ഈലാഅ്' എന്ന ഈ സമ്പ്രദായത്തെക്കുറിച്ച് നേരത്തെ പ്രതിപാദിച്ചിരുന്നു. ഹദ്റത്ത് ആയിശ(റ:അ) റിപ്പോർട്ട് ചെയ്ത ഹദീസിൽ ഇങ്ങനെ നൂറു തവണ ത്വലാഖ് ചൊല്ലി തിരിച്ചെടുക്കുകയും സ്ത്രീകൾക്ക് ബന്ധം വിഛേദിച്ച് മറ്റൊരു ഭർത്താവിനെ വരിക്കാൻ അവസരം നിഷേധിച്ച് അവരെ കഷ്ടപ്പെടുത്തുകയും ചെയ്യുന്ന ഒരു സംഭവം വിവരിച്ചിരിക്കുന്നു. ഇസ്ലാം അങ്ങനെ തിരി

ച്ചെടുക്കാവുന്ന ത്വലാഖ് രണ്ടായി ചുരുക്കി. മൂന്നാമത് തിരിച്ചെടുക്കണമെങ്കിൽ ആ സ്ത്രീ മറ്റൊരാളെ വിവാഹം ചെയ്യണമെന്ന നിബന്ധന വെച്ചു. വിവാഹ ജീവിതം കുട്ടിക്കളിയല്ലെന്നും അത് ഗൗരവമേറിയ ഉറച്ച ബന്ധമാണെന്നും ഇസ്‌ലാം ഈ ഉപാധി മുഖേന പ്രഖ്യാപിക്കുന്നു.

തിരിച്ചെടുക്കാവുന്ന അഥവാ റദ്ദാക്കാവുന്ന വിവാഹമോചനം രണ്ടു പ്രാവശ്യമാണെന്നു (അത്വലാക്കു മർറത്താൻ) പറഞ്ഞതിനുശേഷം, അതായത് ഒരു തവണ ത്വലാഖ് ചൊല്ലി തിരിച്ചെടുത്തു വിവാഹജീവിതം ആരംഭിച്ചു മറ്റൊരവസരത്തിൽ വീണ്ടും ത്വലാഖ് ചൊല്ലി പിന്നെയും തിരിച്ചെടുത്തു. അതിനു ശേഷം മൂന്നാമതും ത്വലാഖ് ചൊല്ലുകയാണെങ്കിൽ രണ്ടുതവണ തിരിച്ചെടുത്തതുപോലെ അവളെ തിരിച്ചെടുക്കാൻ സാധ്യമല്ല, അവൾ മറ്റൊരാളെ വിവാഹം ചെയ്ത് സ്വാഭാവികമായ രീതിയിൽ അതും പ്രശ്നവശാൽ ത്വലാഖ് ചൊല്ലി ബന്ധവിഛേദം നടത്തിയാലോ ഭർത്താവ് മരണപ്പെട്ടാലോ മാത്രമേ മൂന്ന് തവണ ത്വലാഖ് ചൊല്ലിയ ഭർത്താവിന് വീണ്ടും അവളെ വിവാഹം ചെയ്യാൻ പാടുള്ളൂ.

സാധാരണ മുസ്‌ലിംകൾ റസൂൽ തിരുമേനി(സ)യുടെ സുന്നത്തിനു വിരുദ്ധമായി മൂന്ന് ത്വലാഖും ഒരുമിച്ചു ചൊല്ലി മൊഴിചൊല്ലാറുണ്ട്. ഇത് പാടില്ലാത്ത കുറ്റമാണെന്ന് റസൂൽ തിരുമേനി (സ) യുടെ സുന്നത്തിൽ നിന്നും വളരെ വ്യക്തമാണ്. അങ്ങനെ മൂന്നോ അതിലധികമോ ത്വലാഖ് ഒരേ ശ്വാസത്തിൽ ചൊല്ലിയാൽ തന്നെ അവ ഒന്നായി മാത്രമേ പരിഗണിക്കൂ. ഇബ്നു അബ്ബാസിൽ(റ) നിന്നു നിവേദനം ' ***റുകാനത്ത് തന്റെ ഭാര്യയെ ഒറ്റയിരിപ്പിൽ മൂന്ന് തവണ ത്വലാഖ് ഒന്നിച്ചു ചൊല്ലി. അങ്ങിനെ പ്രതി കഠിനമായി ദുഃഖിച്ചു. ആവലാതിയുമായി തിരുമേനി(സ) യുടെ അടുത്തെത്തി. എങ്ങനെയാണ് ത്വലാഖ് ചൊല്ലിയതെന്ന് നബി (സ) ചോദിച്ചു. അദ്ദേഹം പറഞ്ഞു: ഒറ്റയിരിപ്പിൽ തന്നെ മൂന്നും ചൊല്ലി. അപ്പോൾ നബി(സ) അരുളി: അതൊന്ന് മാത്രമാണ്. ആകയാൽ നീ ഉദ്ദേശിക്കുന്നുവെങ്കിൽ അവളെമടക്കിയെടുക്കുക'***(അബുദാവൂദ്).

കോപാവേശത്താൽ മൂന്ന് തവണ ഒറ്റയടിക്ക് ത്വലാഖ് ചൊല്ലി പിന്നീട്, വീണ്ടുവിചാരമുണ്ടായി അവളെതന്നെ വിവാഹം കഴിക്കുന്ന സംഭവമുണ്ടാകാറുണ്ട്. അങ്ങനെ വീണ്ടും അവളെ നിക്കാഹ് ചെയ്യാൻ അവൾ മറ്റൊരാളെ വിവാഹം കഴിക്കണമെന്ന നിബന്ധനയുള്ള പ്രസ്തുത ഖുർആൻ ആയത്ത് തടസ്സമായി നില്ക്കുന്നു. അതിനെ മറികടക്കാൻ അവളെ മറ്റൊരാളെക്കൊണ്ട് വിവാഹം കഴിപ്പിച്ച് ഒരുദിവസം സഹവസിപ്പിച്ച് നിർബന്ധപൂർവ്വം ത്വലാഖ് ചൊല്ലുന്നു. ഖുർആന്റെ ചൈതന്യത്തിന് വിരുദ്ധമായ ഈ കൃത്രിമ സമ്പ്രദായത്തെയാണ് 'ചടങ്ങിരിക്കൽ' അഥവാ 'ഹലാല' എന്നു പറയുന്നത്. ഇത് തികച്ചും അനിസ്‌ലാമികമാണ്. ചടങ്ങിനിരിക്കുന്നവനെയും അതിനു ശ്രമിക്കുന്നവരെയും ശപിച്ചിരിക്കുന്നു എന്ന് റസൂൽ തിരുമേനി (സ) പറഞ്ഞിട്ടുണ്ട്.

**ഖുൽഅ്**

ത്വലാഖ് പുരുഷൻ മുൻകൈയ്യെടുത്ത് നടത്തുന്ന വിവാഹമോചനമാണെങ്കിൽ സ്ത്രീയുടെ അപേക്ഷപ്രകാരം നടത്തപ്പെടുന്ന വിവാഹമോചനമാണ് ഖുൽഅ്. ഖുർആൻ പറയുന്നു: ***അല്ലാഹുവിന്റെ നിയമപരിധികളെ പാലിക്കുവാൻ അവർക്ക് കഴിയാതെ വരുമെന്ന് നിങ്ങൾ ഭയപ്പെടുന്നുവെങ്കിൽ അപ്പോൾ എന്ത് നല്കിക്കൊണ്ട് അവളെ വിവാഹമോചനം നേടുന്നുവോ അതിലവർക്കിരുവർക്കും കുറ്റമില്ല. അല്ലാഹുവിന്റെ നിയമപരിധികളാണിവ. അതുകൊണ്ട് ഇവയെ നിങ്ങൾ ലംഘിക്കരുത്.*** (2:230)

സ്ത്രീകൾ തങ്ങളുടെ ആവശ്യപ്രകാരം പുരുഷനിൽനിന്ന് വിവാഹമോചനം നേടുമ്പോൾ ആ കാര്യത്തിൽ മൂന്നാമതൊരു അധികാരസ്ഥാപനത്തിന്റെയോ, ഖാളിയുടെയോ, കോടതിയുടെയോ ഇടപെടൽ ഉണ്ടാവണമെന്ന് ഈ വചനം വ്യക്തമാക്കുന്നു. ഭാര്യ ഭർത്താവിന്റെ കൂടെ ജീവിക്കാൻ ഇഷ്ടപ്പെടാതിരിക്കുകയും ഭർത്താവ് ത്വലാഖ് നല്കാതിരിക്കുകയും ചെയ്യുന്ന അവസരത്തിൽ നടത്തുന്ന ഖുൽഅ്ന് ഇങ്ങനെയൊരു മൂന്നാം കക്ഷിയുടെ ഇടപെടൽ ആവശ്യമായിവരുന്നു. അതായത് സ്ത്രീ ഈയൊരപേക്ഷ പ്രസ്തുത അധികാരസ്ഥാപനത്തിനാണ് സമർപ്പിക്കേണ്ടത്. സ്ത്രീയുടെ ആവശ്യപ്രകാരമാണ് വിവാഹമോചനം നടക്കുന്നത് എന്നതിനാൽ അവർ പുരുഷനിൽനിന്ന് സ്വീകരിച്ച മഹറും, മറ്റു സമ്മാനങ്ങളും പുരുഷന് തിരിച്ചുവാങ്ങാവുന്നതാണ്. ഒരിക്കലും അതിലധികമാവാൻ പാടില്ല. റസൂൽ തിരുമേനി(സ) ഖുൽഅ് ചെയ്യാൻ സ്ത്രീകളെ തടസ്സമില്ലാതെ അനുവദിച്ചതായി കാണാം. സൽസ്വഭാവിയായിരുന്നെങ്കിലും വിരൂപനായ സാബിത്ത്ബിനു ഖൈസി(റ)ൽ നിന്നും വിവാഹമോചനം നേടിയ ജമീല ബിൻത് സുനൂലിന്റെ ചരിത്രം ഹദീസുകളിൽ രേഖപ്പെട്ടുകിടക്കുന്നു. റസൂൽ തിരുമേനി (സ) അവരോട് ചോദിച്ചു: ***"നിങ്ങൾ അദ്ദേഹത്തിൽ നിന്ന് എന്താണ് വാങ്ങിയത്? 'ഒരു തോട്ടം' ആണെന്ന് അവർ പറഞ്ഞു. 'എന്നാൽ അത് മടക്കിക്കൊടുത്തുകൂടെ' എന്ന് തിരുമേനി(സ) അന്വേഷിച്ചു. അതെയെന്ന് അവർ ഉത്തരം പറഞ്ഞു. റസൂൽ(സ) ഖൈസിനോട് പറഞ്ഞു 'തോട്ടം സ്വീകരിച്ചുകൊള്ളുക. അവളെ ഒരു തവണ വിവാഹമോചനം നടത്തുകയും ചെയ്യുക"*** (ബുഖാരി)

ഇവിടെ ഭർത്താവിന്റെ വൈരൂപ്യം കാരണം അദ്ദേഹത്തോടു അതൃപ്തിയുണ്ടാവുകയും ആ അതൃപ്തി

പേജ് 20-ൽ

ലേഖനം

ഡോ: ഇ.കെ.മുഹമ്മദ്

# മഹത്തായ മനുഷ്യ ജന്മം

ദിവസങ്ങൾ പുലരുന്നു,അസ്തമിക്കുന്നു. ദിവസങ്ങൾ കൊഴിയുന്നതോടൊപ്പം ജീവിതവും കടന്നുപോകുന്നു. അമൂല്യമായ ജീവിതത്തിന്റെ പകുതിയും ഉറക്കവും ഉദാസീനതയും കൊണ്ട് തീർക്കുകയാണ്. ഉണർന്നിരിക്കുന്ന സമയങ്ങളിൽ സുഖമോ സമാധാനമോ അനുഭവിക്കുന്നില്ല. ഭൂരിഭാഗം ആളുകൾക്കും ജീവിതത്തെക്കുറിച്ച് ഒരുൾക്കാഴ്ചയില്ല. ജീവിക്കണം മരിക്കണം, അത്രതന്നെ.

യഥാർത്ഥത്തിൽ മനുഷ്യജീവിതത്തിന്റെ ലക്ഷ്യമെന്ത്? നമ്മെ ദൈവം സൃഷ്ടിച്ചതെന്തിന്? തിന്നും കുടിച്ചും മരിച്ചു പോകാനാണോ? ഒരിക്കലുമല്ല. പിന്നെ അല്ലാഹുവിനെ ആരാധിക്കുക, മനുഷ്യരോടുള്ള കടമ നിറവേറ്റുക. ഇതു തന്നെയാണ് മനുഷ്യ ജീവിതത്തിന്റെ പൂർണ്ണ ലക്ഷ്യം. ഇത് മറ്റാരും പറഞ്ഞില്ലെങ്കിലും അനന്ത കൃപാനിധിയായ കരുണാവാരിധിയായ അല്ലാഹു പരിശുദ്ധഖുർആനിൽ മനുഷ്യരെ പഠിപ്പിച്ചിട്ടുണ്ട്. അല്ലാഹു പറയുന്നു: '***വമാ ഖലക്ത്തുൽ ജിന്ന വൽഇൻസ ഇല്ലാ ലി യഅ്ബുദൂൻ***' ജിന്നിനെയും ഇൻസിനെയും എന്നെ ആരാധിക്കാനായിട്ടല്ലാതെ സൃഷ്ടിച്ചിട്ടില്ല. മനുഷ്യന്റെ സൃഷ്ടിപ്പോടുകൂടി ഈ ഒരു മഹത്തായ ലക്ഷ്യമാണ് അല്ലാഹു അവരുടെ മുമ്പാകെ വെച്ചിട്ടുള്ളത്. ഈ ലക്ഷ്യം മുന്നിൽ വെച്ച് മനുഷ്യർ മുന്നോട്ടുപോയില്ലെങ്കിൽ മനുഷ്യരുടെയും മൃഗങ്ങളുടെയും ജീവിതങ്ങൾ തമ്മിൽ വ്യത്യാസമൊന്നും കാണാൻ കഴിയില്ല. കളിയിൽ മുഴുകി ബാല്യമകലുന്നു. തരുണിയിൽ സക്തനായി താരുണ്യം പൊലിയുന്നു. വാർദ്ധക്യത്തിൽ രോഗാദികൾ കാരണം മരണത്തെ കാത്തിരിക്കുന്നു. തിന്നുക, കുടിക്കുക, ശരീരം പുഷ്ടിപ്പെടുത്തുക. ഇതിനാണോ ഈ മഹത്തായ മനുഷ്യജന്മം. മനുഷ്യനാര്? അവൻ എവിടെ നിന്നു വന്നു? എന്തിനു ജനിച്ചു? അവസാനം എവിടേക്കു പോകുന്നു? ഇതിനെല്ലാം ഉത്തരമറിഞ്ഞിരിക്കുന്നവനാണ് യഥാർത്ഥ ജ്ഞാനി. ഈ ജ്ഞാനമാണ് തന്റെ സ്രഷ്ടാവിനോടും സൃഷ്ടിയോടുമുള്ള കടമ നിർവ്വഹിക്കാനവനെ പ്രാപ്തനാക്കുന്നത്.

ആഹാരം, ഉറക്കം, ഭയം ഇവയെല്ലാം മറ്റുജീവജാലങ്ങൾക്കും ഉള്ളതുതന്നെ. മനുഷ്യ ജീവിതത്തിന്റെ പ്രത്യേകത ഇവയ്ക്കെല്ലാം പുറമെ ഒരു ആത്മീയ തലമുണ്ടെന്നുള്ളതാണ്. ആത്മീയ നഷ്ടബോധമില്ലാത്തവന്റെ ജീവിതം മഹാനഷ്ടത്തിലാണെന്ന് പരിശുദ്ധ ഖുർആൻ സൂചന നൽകുന്നു.

*കാലം സാക്ഷി,തീർച്ചയായും മനുഷ്യരെല്ലാം നഷ്ടത്തിലാണ്. സത്യവിശ്വാസം സ്വീകരിച്ചവരും സൽക്കർമ്മങ്ങൾ പ്രവർത്തിച്ചവരും സത്യം സ്വീകരിക്കാനും ക്ഷമ പാലിക്കാനും ഉപദേശിച്ചവരൊഴികെ. (ഖുർആൻ: 103: 1-4)*

ഈ ചെറിയ സൂറത്തിലൂടെ ഒരു മഹത്തായ ജീവിത സന്ദേശമാണ് അല്ലാഹു നൽകുന്നത്. ഒരു ലക്ഷ്യമോ ബോധമോ ഇല്ലാതെ കേവലം ഭൗതീകനേട്ടങ്ങൾക്കു വേണ്ടി കഷ്ടപ്പാടുകളും നരകയാതനകളും അനുഭവിച്ച് തനിക്കും തന്റെ കുടുംബത്തിനും സുഖിച്ചു കഴിയാൻ മാത്രം പാടുപെടുന്നവർ ഓർത്തിരിക്കട്ടെ, അവർ ഭയങ്കര നാശത്തിലാണ്. വിധിതീർപ്പു നാളിൽ ഉറ്റവരും ഉടയവരുമില്ലാത്ത നിലയിൽ അവർ അവഗണിക്കപ്പെടും.

ജീവിതത്തിൽ നാം ഒരുപാട് അറിയുകയും മനസ്സിലാക്കുകയും ചെയ്യുന്നു. ചിലരുടെ വിശ്വാസമനുസരിച്ച് എത്രയോ ജന്മങ്ങളിലെ നരകയാതനകളും സുകൃതങ്ങളും കുടിച്ചേർന്ന് പാപ പുണ്യങ്ങൾ സമമായപ്പോൾ ഈശ്വരകൃപയാൽ മാത്രം സിദ്ധിച്ചതാണ് ഈ മനുഷ്യ ശരീരം. പക്ഷേ, ഭൂമിയിൽ ഒരു ജീവിതമേയുള്ളൂ. അത് വിശ്വാസം പോലെ കർമ്മനിഷ്ഠവും ലക്ഷ്യം പരലോകവുമായിരിക്കണം. ഐഹീക ജീവിതത്തിൽ അനുവദനീയമായതൊക്കെ അനുഭവിക്കാം. ഒരു യാത്രക്കാരനെപ്പോലെ യാത്രക്കാവശ്യമായ വിഭവങ്ങൾ. അതാണുത്തമം. ഐഹികജീവിത നേട്ടങ്ങൾക്കു വേണ്ടിയാണ് മനുഷ്യൻ സമ്പാദിക്കുന്നതെങ്കിൽ അതവനു ലഭിക്കുകതന്നെ ചെയ്യും. പക്ഷേ, വിധിനാളിൽ അവന്റെ ഓഹരി ശൂന്യമായിരിക്കും.

ഈ ഭൂതലത്തിലെ ജീവിതം യഥാർത്ഥത്തിൽ മനുഷ്യർക്കൊരു പരീക്ഷണമാണ്. ഇതിനുശേഷം അല്ലാഹുവിന്റെ സവിധത്തിൽ മടങ്ങിപ്പോകേണ്ടതുണ്ട്. ഭൂതലത്തിലെ പ്രവർത്തനങ്ങൾ കണിശമായി പരിശോധിച്ച് ആര് വിജയിച്ചുവെന്നും ആര് പരാജയപ്പെട്ടുവെന്നും അപ്പോൾ വിധികല്പിക്കും. മനുഷ്യരെ സംബന്ധിച്ചിടത്തോളം ശരിയായ കർമ്മ നയം ഒന്നു മാത്രമേയുള്ളൂ. ഒരേയൊരു ആരാധ്യനും വിധികർത്താവുമായ

പേജ് 20-ൽ

ഐ.കെ അഹ്മദ് കുട്ടി

# അബു സുഫിയാനെ വിചാരണ ചെയ്യുന്ന കൈസർ ചക്രവർത്തി

നബിതിരുമേനി(സ) മദീനയിൽ എത്തിയതിനു ശേഷം തന്റെ സന്ദേശങ്ങൾ ലോകത്തുടനീളം വ്യാപിപ്പിക്കുന്നതിന്നാവശ്യമായ നടപടികൾ എടുക്കുകയുണ്ടായി. അതിൽ സുപ്രധാനമായ ഒരു സംരംഭമായിരുന്നു,വിവധ പ്രദേശങ്ങളിലെ രാജാക്കന്മാർക്കും ഭരണകർത്താക്കൾക്കും എഴുത്തുമുഖേന ഇസ്‌ലാമിന്റെ സത്യതയും മഹത്വവും വെളിപ്പെടുത്തിക്കൊടുക്കുക എന്നത്.

റോമൻ ചക്രവർത്തിയായ കൈസറിന്റെ അടുക്കലേക്ക് എഴുത്തുമായി ചെന്നത് ദിഹിയാകൽബി എന്ന മാന്യദേഹമായിരുന്നു. അദ്ദേഹം ബസ്രയിൽ ചെന്ന് ഗവർണ്ണറെ കാണുകയും തന്റെ ആഗമനോദ്ദേശ്യം വെളിപ്പെടുത്തുകയും ചെയ്തു. ആ സമയത്ത് കൈസർ ചക്രവർത്തി സിറിയയിൽ പര്യടനം നടത്തുകയായിരുന്നു. ഗവർണ്ണർ, ദിഹിയാകൽബിയെ ഉടൻതന്നെ സിറിയയിലേക്ക് അയക്കുകയുണ്ടായി. കൈസറിന്റെ ദർബാറിലെത്തിയ ദിഹിയാ അവിടത്തെ സമ്പ്രദായമനുസരിച്ചുള്ള സാഷ്ടാംഗപ്രണാമത്തിന് വിസമ്മതിക്കുകയുണ്ടായി. ദൈവത്തിന്റെ മുമ്പിൽ മാത്രമേ സാഷ്ടാംഗപ്രണാമത്തിന് എന്റെ മതം എന്നെ അനുവദിക്കുന്നുള്ളൂവെന്ന് അദ്ദേഹം വെളിപ്പെടുത്തി. തുടർന്ന് നബി(സ) തിരുമേനിയുടെ സന്ദേശം കൈസറിനെ ഏല്പ്പിച്ചു. ഒരു പരിഭാഷകൻ മുഖേന കത്ത് വായിച്ച കൈസർ പട്ടണത്തിൽ ഏതെങ്കിലും അറബി കച്ചവടസംഘം വന്നിട്ടുണ്ടോയെന്ന് അന്വേഷിക്കുകയും രാജസദസ്സിലേക്ക് അവരെ ആനയിക്കാൻ കല്പിക്കുകയും ചെയ്തു. യാദൃശ്ചികമായി പട്ടണത്തിലുണ്ടായിരുന്ന അബുസുഫിയാനെയാണ് രാജഭടന്മാർ ദർബാറിലെത്തിച്ചത്. അദ്ദേഹം തന്റെ വ്യാപാരാവശ്യാർത്ഥം സിറിയയിൽ എത്തിയതായിരുന്നു. തുടർന്നു ചക്രവർത്തി അബുസുഫിയാനെ ചോദ്യം ചെയ്യാനാരംഭിച്ചു:

ചോ: പ്രവാചകനാണെന്ന് വാദിക്കുന്ന വ്യക്തിയെ താങ്കൾ അറിയുമോ? ഈ പ്രവാചകവാദിയുടെ കുടുംബം എത്തരത്തിലുള്ളതാണ്?

ഉ: അദ്ദേഹം ഒരു കുലീന കുടുംബത്തിൽനിന്നുള്ള ആളാണ്. മാത്രമല്ല അദ്ദേഹം എന്റെ ബന്ധുകൂടിയാണ്.

ചോ: പ്രവാചക വാദത്തിനു മുമ്പ് നിങ്ങളുടെ ജനത അദ്ദേഹം കള്ളം പറയുന്നവനാണെന്ന് പറഞ്ഞിരുന്നോ?

ഉ: ഇല്ല.

ചോ: ഇത്തരത്തിലുള്ള ഒരുവാദം ഒരു അറബി ഇതിനു മുമ്പ് പുറപ്പെടുവിച്ചതായി അറിയുമോ?

ഉ: ഇല്ല.

ചോ: അദ്ദേഹത്തിന്റെ മുൻഗാമികളിലാരെങ്കിലും ഭരണകർത്താക്കളോ, രാജാക്കന്മാരോ ആയി ഉണ്ടായിരുന്നുവോ?

ഉ: ഇല്ല.

ചോ: തീരുമാനമെടുക്കുന്നതിലും പ്രശ്നങ്ങൾ പരിഹരിക്കുന്നതിലും അദ്ദേഹത്തിന്റെ കഴിവിനെക്കുറിച്ച് എന്താണ് അഭിപ്രായം?

ഉ: ഇത്തരത്തിലുള്ള ഒരു കഴിവുകേടും ഞങ്ങൾ അദ്ദേഹത്തിൽ കണ്ടിട്ടില്ല.

ചോ: അദ്ദേഹത്തിന്റെ അനുയായികൾ എത്തരത്തിലുള്ളവരാണ്? അവർ ശക്തന്മാരും സമൂഹത്തിലെ ഉന്നത വ്യക്തികളുമാണോ? അതോ അവർ വിനീതരും പാവങ്ങളുമാണോ?

ഉ: അധികം പേരും സാധുക്കളും ചെറുപ്പക്കാരും വിനയാന്വിതരുമാണ്.

ചോ: അവരുടെ എണ്ണം വർദ്ധിക്കുകയാണോ, അതല്ല കുറഞ്ഞുവരികയാണോ?

ഉ: വർദ്ധിച്ചുകൊണ്ടേയിരിക്കുന്നു.

ചോ: മുൻവിശ്വാസത്തിലേക്ക് അവർ തിരിച്ചുപോകുന്നുണ്ടോ?

ഉ: ഇല്ല.

ചോ: ഏതെങ്കിലും യുദ്ധത്തിൽ അവർ ഏർപ്പെട്ടിട്ടുണ്ടോ?

ഉ: അതെ.

ചോ: എന്തായിരുന്നു ഫലം?

റോമിന്റെ തലവൻ എന്ന് അഭിസംബോധന ചെയ്തതിൽ അപാകതയില്ലെന്നു ചക്രവർത്തി പറയുകയുണ്ടായി. കത്ത് കൊടുക്കുമ്പോഴും അതിനു

പേജ് 20-ൽ

പേജ് - 17 - ൽ നിന്ന്

ഭർത്താവിനോടുള്ള കടമകൾ നിർവ്വഹിക്കാൻ പറ്റുമോ എന്ന ഭയത്തിൽനിന്നുമാണ് ജമീല ബിൻത് സുലുൻ ഖുൽഅ് ആവശ്യപ്പെടുന്നത്. നേരത്തെ ഹദീസിൽ പറഞ്ഞതുപോലെ 'രുചി നോക്കി നടക്കുന്ന' ശീലമുള്ള സ്ത്രീയായതുകൊണ്ടല്ല റസൂൽ തിരുമേനി (സ) സൗന്ദര്യത്തിന്റെ ത്വത്വശാസ്ത്രമോ വൈരൂപ്യത്തെ ഇഷ്ടപ്പെടാത്തത് ശരിയല്ല എന്ന രീതിയിലുള്ള ഗുണ ദോഷങ്ങളൊന്നും ഈ അവസരത്തിൽ അവരോട് പറഞ്ഞിട്ടുമില്ല എന്ന കാര്യവും പ്രത്യേകം ഓർക്കേണ്ട താണ്. ഖുൽഉം ത്വലാഖ് പോലെ വെറുക്കപ്പെട്ട സംഗതിയാണെന്ന് റസൂൽ തിരുമേനി (സ) ഉപദേശിച്ചിരിക്കുന്നു.

**ഫസ്ഖ്**

ഭാര്യയുടെ അവകാശങ്ങൾ നിഷേധിക്കുകയും അതേസമയം വിവാഹമോചനം നല്കാതിരിക്കുകയും ചെയ്യുന്ന ഭർത്താക്കന്മാരിൽ നിന്നുമുള്ള വിവാഹമോചനമാണ് ഫസ്ക്. ഇവിടെ സ്ത്രീ പീഢിതയാണ്.

ദാമ്പത്യജീവിതത്തിൽ ലൈംഗീകബന്ധം ഇല്ലാതിരിക്കുക, ഭർത്താവിന് സന്താനോൽപാദനശേഷി ഇല്ലെന്ന് തെളിയുക,നിരന്തരം ക്രൂരത കാട്ടുക,അങ്ങനെ ഭാര്യയുടെ ജീവിതം ക്ലേശപൂർണ്ണമാക്കുന്ന ഭർത്താവിൽ നിന്നും മോചനമാണ് ഫസ്ഖിന്റെ നിയമം കൊണ്ട് ഉദ്ദേശിക്കുന്നത്.

ഖലീഫ ഉമർ (റ) ഭർത്താവിൽനിന്നും അകന്നു കഴിയുന്ന വിരഹിയായ ഒരു ഭാര്യ തന്റെ വിധിയെ പഴിച്ച് ചൊല്ലിയ ശോകനിർഭരമായ കവിത കേൾക്കുകയുണ്ടായി. അവളുടെ വിവരങ്ങൾ അന്വേഷിച്ചു. ദീർഘ കാലമായി ഭർത്താവ് തന്നിൽനിന്നകന്നു നിൽക്കുന്നതിനാൽ അവൾ അസംതൃപ്തയായിരുന്നു. ഉമർ(റ) അവൾക്ക് ഫസ്ഖിനുള്ള അനുവാദം കൊടുത്ത സംഭവം പ്രസിദ്ധമാണ്. വിരഹിയായ ഭാര്യ എത്ര കാത്തിരിക്കണമെന്നത് അവളുടെ സഹനവും ക്ഷമയുമായി ബന്ധപ്പെട്ട കാര്യമാണ്. നിയമപരമായി ചുരുങ്ങിയത് 4 മാസം മാത്രമേ വിട്ടുനിൽക്കാൻ പാടുള്ളൂ എന്ന് ഈലാഅ് (ഭാര്യയുമായി ബന്ധപ്പെടുകയില്ല എന്ന പ്രതിജ്ഞ) നെ സംബന്ധിച്ച ഖുർആന്റെ വിധിയിൽ (2:227) പറഞ്ഞിരിക്കുന്നു.

**ഉപസംഹാരം**

മനുഷ്യന്റെ ജീവിതപ്രശ്നങ്ങളെ ഏറ്റവും സത്യസന്ധമായും നീതിപൂർവ്വമായും കൈകാര്യം ചെയ്യുന്ന മതമാണ് ഇസ്ലാം. ആവശ്യമാണെങ്കിൽ പുരുഷനെ പോലെ സ്ത്രീക്കും ഇസ്ലാം വിവാഹ മോചനാവകാശം അനുവദിക്കുന്നു. അതുകൊണ്ടു തന്നെ ഇസ്ലാം പുരോഗമനപരമാണ്. എന്തായാലും വിവാഹമോചനം വേദനാജനകമാണ്. അനിവാര്യമായ യാഥാർത്ഥ്യം എന്ന നിലയിലേക്ക് അത് ആവശ്യമായി വരുമ്പോൾ ഇസ്ലാം അത് അംഗീകരിക്കുകയും അതിന്റെ ഓരോ ഘട്ടത്തിലും അനുരഞ്ജനശ്രമത്തിനുള്ള അതിസൂക്ഷ്മമായ ഉപാധികൾ വെക്കുകയും ചെയ്യുന്നു.

മുറിച്ചുമാറ്റപ്പെടുന്ന മനുഷ്യബന്ധങ്ങൾക്ക് ഏറ്റവും കുറച്ച് ആഘാതമേൽപ്പിക്കുന്ന രീതിയിൽ ആവിഷ്കരിച്ചിട്ടുള്ളതാണ് ഇത് സംബന്ധിച്ച ഇസ്ലാമിക നിയമങ്ങൾ. ധാർമ്മികതയുടെ ഉദാത്തമായ മാനങ്ങൾ കൊണ്ട് അവ അനുഗ്രഹീതങ്ങളാണ്. മുസ്ലീംകളും പൊതുസമൂഹവും ഇസ്ലാമിലെ വിവാഹമോചന നിയമങ്ങളുടെ ശക്തിയും സന്ദേശവും തിരിച്ചറിയപ്പെടേണ്ടതുണ്ട്.

---

പേജ് - 19 - ൽ നിന്ന്

ശേഷവുമുള്ള സംഭവവികാസങ്ങൾ അറിഞ്ഞ നബിതിരുമേനി(സ) അതീവ സന്തുഷ്ടനാവുകയും രാജത്വം രക്ഷിക്കപ്പെടും എന്ന് പ്രവചിക്കുകയുമുണ്ടായി. പ്രവചനത്തിന്റെ പൂർത്തീകരണമെന്നോണം 600 വർഷക്കാലം ആ പരമ്പര രാജ്യം ഭരിച്ചു. അതിനുശേഷം തുർക്കിയിലേക്കും വ്യാപിക്കുകയുണ്ടായി. നബിതിരുമേനിയുടെ ആ സന്ദേശം കീറിക്കളയാൻ ചില കുബുദ്ധികൾ ഉപദേശിച്ചുവെങ്കിലും വളരെക്കാലങ്ങളോളം അത് മ്യൂസിയത്തിൽ സൂക്ഷിക്കപ്പെട്ടിരുന്നു.

(അവലംഭം: Introduction to the study of Holy Quran-Hadrath Khalifathul Masih II)

---

പേജ് - 18 - ൽ നിന്ന്

അല്ലാഹുവിനെ അംഗീകരിക്കുക, അവന്റെ സൃഷ്ടികളോടുള്ള കടമ നിർവ്വഹിക്കുക.അല്ലെങ്കിൽ ഇഹലോകത്ത് നിങ്ങൾക്ക് നാശവും അസ്വാസ്ഥ്യവും അനുഭവിക്കേണ്ടിവരും.

*ഓരോ മനുഷ്യനും താനനുഷ്ഠിച്ച സൽക്കർമ്മത്തിന്റെയും ദുഷ്കർമ്മത്തിന്റെയും ഫലം കണ്ടെത്തുന്ന ഒരു നാൾ വരാനിരിക്കുന്നു. അന്നാളിൽ തന്നിൽനിന്ന് ആ ദിനം അതിദൂരം അകന്നുപോയെങ്കിൽ എന്നത്രെ മനുഷ്യൻ ആഗ്രഹിക്കുക. അല്ലാഹു നിങ്ങളെ അവനെക്കുറിച്ചു ഭയപ്പെടുത്തുന്നു. അല്ലാഹു അവന്റെ അടിമകളോട് അതിരറ്റ ദയാപരനാകുന്നു.* (ഖുർആൻ: 3– 31)

ലേഖനം

അഡ്വ: ടി.നിസാർ അഹ്മദ്,കണ്ണൂർ

# ആവനാഴികൾ ശൂന്യമാവുമ്പോൾ

ഹദ്റത്ത് അഹ്മദ്(അ)ന് അല്ലാഹു നല്കിയ വാഗ്ദാനമാണ് അദ്ദേഹത്തിന്റെ സന്ദേശം ഈ ലോകത്തിന്റെ കോണുകളിലോളം എത്തിക്കുമെന്നത്. ആ വിശുദ്ധ വാഗ്ദാനം ഇന്ന് നിറവേറിക്കഴിഞ്ഞിട്ടുണ്ടെന്ന് ഏവരും സമ്മതിക്കുന്നതാണ്.

എന്നാൽ ആ ദൈവീകമായ വാഗ്ദാനം സാങ്കേതികത്വത്തിൽ മാത്രം ഒതുങ്ങുന്നതല്ല. മന്ദമാരുതന്റെ ഇളംതലോടലായി ഈ ലോകത്തിന്റെ പ്രവിശാലതയിൽ എങ്ങും ആരവമേതുമില്ലാതെയെത്തിയ ആ സ്നിഗ്ദ്ധമധുര സന്ദേശം കാലത്തിന്റെ നിലക്കാത്ത പ്രവാഹത്തോടൊപ്പം അന്ധകാരത്തിന്റെ പാഴ്മരങ്ങളെയും അസത്യദർശനങ്ങളുടെ പേരാലുകളെയും എതിർപ്പിന്റെ സഹ്യസാനുക്കളെയും കശക്കിയെറിയുന്ന കൊടുങ്കാറ്റായി മാറുമെന്നത് ചരിത്രനിയോഗമാണ്. വിധിക്കപ്പെട്ട വിജയവും അലംഘനീയതയുടെ തിട്ടൂരവുമാണത്. നാളിതുവരെയുള്ള ഒരു നൂറ്റാണ്ടിന്റെ 'അഹ്മദീ അനുഭവങ്ങൾ' പുതിയ നൂറ്റാണ്ടിന്റെ വാതിൽപ്പടിയിൽ നിന്ന് പുറം തിരിഞ്ഞു നോക്കുമ്പോൾ ലഭ്യമാകുന്ന അനുഭൂതികൾ വിശകലനത്തിന്റെ പുതിയൊരനുഭവമായിരിക്കും.

അഹ്മദിയ്യാ പ്രസ്ഥാനം ലോകത്തെമ്പാടും നേരിട്ട കായികമായ ക്രൂരതകൾ, സമാനതകളില്ലാത്ത പീഢനങ്ങൾ, ഇന്നും നിലച്ചിട്ടില്ലാത്ത മനുഷ്യാവകാശ ലംഘനങ്ങൾ, നരഹത്യ ഉൾപ്പെടെയുള്ള ഭീകരതകൾ- എല്ലാം കഴിഞ്ഞ നൂറ്റാണ്ടിന്റെ കൈമാറിക്കിട്ടിയ ശേഷിപ്പുകളായി പല രാജ്യങ്ങളിലും അഹ്മദികൾക്കെതിരെ ഇന്നും ശത്രുപക്ഷത്തിന്റെ തീരാത്ത പകയുടെ ജ്വലിക്കുന്ന അഗ്നിഗോളങ്ങളായി പിന്തുടരുന്നുണ്ട്.

ആധുനിക ഇസ്ലാം, ഖിലാഫത്ത് അതിരുകെട്ടി വരച്ച ലക്ഷ്മണരേഖകൾ കവച്ചുവെച്ചുകൊണ്ട് ഈ ദൈവീക പ്രസ്ഥാനത്തിന്റെ തലകൊയ്യാനുള്ള വൃഥാമോഹങ്ങളുമായി ചാടിയിറങ്ങിയ വീരശൂരപരാക്രമികളായ ഭരണാധികാരികൾ ഒന്നൊന്നായി അല്ലാഹുവിന്റെ തീക്ഷ്ണമായ വിധിതീർപ്പിന് കീഴടങ്ങി ഒടുങ്ങിപ്പോയ ദാരുണമായ ദുരന്തങ്ങളുടെ നേർക്കാഴ്ചകളും ചരിത്രത്തിന്റെ കഴിഞ്ഞുപോയ താളുകളിലുണ്ട്.

അതിനെല്ലാമപ്പുറത്ത് വളരെ നിശബ്ദമായ നിലയിൽ കഴിഞ്ഞ നൂറിലേറെ വർഷങ്ങളായി അഹ്മദിയ്യാ പ്രസ്ഥാനത്തിന്റെ ആദർശ സംഹിത, ഇതര മുസ്ലിം വിഭാഗങ്ങളുടെയും ക്രിസ്തു മതത്തിന്റെയും ഇതര മതങ്ങളുടെയും ചിന്താപദ്ധതികളെയും വിശ്വാസ സംഹിതകളെയും ഒരു പരിധിവരെ നയപരിപാടികളെത്തന്നെയും മാറ്റിമറിച്ചിട്ടുണ്ട് എന്നത് സൂക്ഷ്മ ദർശനത്തിൽ വെളിപ്പെടുന്ന ഒരു സത്യമാണ്. മറ്റൊരുവിധത്തിൽ അവതരിപ്പിച്ചാൽ ലോകത്തിലെ പല ആദ്ധ്യാത്മിക പ്രസ്ഥാനങ്ങളുടെയും പ്രത്യയശാസ്ത്ര വ്യതിയാനങ്ങളെ അഹ്മദിയ്യാ പ്രസ്ഥാനം അതിശക്തമായി സ്വാധീനിച്ചിട്ടുണ്ട്. അവരിൽ പലരുടെയും തിരുത്തി മാറ്റിയ അജണ്ടകൾ നിശ്ചയിക്കപ്പെട്ടത് ഈ കൊച്ചു സമൂഹത്തിന്റെ വരികളും വാക്കുകളും അടിസ്ഥാനമാക്കിയാണ്.

രാഷ്ട്രീയ-സാമൂഹ്യമേഖലകളിൽ പാക്കിസ്ഥാൻ ഉൾപ്പെടെയുള്ള മുസ്ലിം രാഷ്ട്രങ്ങളിൽ അഹ്മദിയ്യാ വിരുദ്ധ വികാരം സൃഷ്ടിക്കുന്നതിനും നിലനിർത്തുന്നതിനും സ്വീകരിച്ച ഭരണഘടനാഭേദഗതികളും നിയമസംഹിതകളും ശിക്ഷാരീതികളും വിചാരണ സംവിധാനങ്ങളും പ്രത്യക്ഷത്തിൽതന്നെ അഹ്മദിയ്യാ പ്രസ്ഥാനത്തിന്റെ കാലിക പ്രസക്തി തെളിയിക്കുന്നതാണ്. ഇതിനപ്പുറത്താണ് മതപരവും ആത്മീയവുമായ ദർശനങ്ങളിൽ, സർക്കാറുകളെയും സമൂഹങ്ങളെയും നിയന്ത്രിക്കുന്ന മതമേധാവിത്വത്തിന്റെ സമുന്നത വേദികൾ അഹ്മദിയ്യാ സാഹിത്യം പരിശോധിച്ച് തങ്ങളുടെ അജണ്ടകൾ തിരുത്തിക്കുറിച്ചത്. രാഷ്ട്രീയ ഭൗതീക മേഖലകളിൽ ആയുധവും കായികബലവും ഭരണാധികാരവും കൊണ്ട് നിമിഷനേരത്തിനുള്ളിൽ നശിപ്പിക്കാൻ കഴിയുമെന്ന് ഒറ്റ നോട്ടത്തിൽ തോന്നുന്ന ഒരു കൊച്ചുപ്രസ്ഥാനത്തിന്റെ ദർശനമാഹാത്മ്യം ആ പ്രതാപത്തിന്റെ കൊടിക്കൂറകൾ വല്ലാതെ ഭയക്കുന്നുവെന്നാണിതിന്റെയർത്ഥം.

ഹദ്റത്ത് മസീഹ് മൗഊദ്(അ) ന്റെ ജീവിതകാലത്ത് തന്നെ ആ മഹാത്മാവിന്റെ വേദനയുടെ കണ്ണീർ തുള്ളികൾ ശാപഗ്രസ്ഥമാക്കിക്കൊണ്ട് സ്വന്തം സഹാബിയുടെ ജീവരക്തം ഒലിച്ചിറങ്ങിയ അഫ്ഗാന്റെ മണ്ണിൽ ഒരു നൂറ്റാണ്ട് കഴിഞ്ഞിട്ടും ആ ശാപത്തിന്റെ വെറുങ്ങലിപ്പും ആ ചുടുചോരയുടെ ശോണിമയും ഇന്നും തളം കെട്ടിനില്ക്കുന്നത് മതാന്ധതയുടെ മഹാരഥികൾ കാണുന്നുണ്ട്.

എൺപത് വർഷം പഴക്കമുള്ള അഹ്മദിയ്യാ

പ്രസ്ഥാനത്തെ എൺപതു മിനുട്ടുകൊണ്ട് ശൂന്യമാക്കിക്കളയുമെന്ന് പരസ്യമായി മുല്ലാമേധാവിത്വത്തിന് വാക്കുകൊടുത്ത് നിയമത്തിന്റെ രാകിയെടുത്ത ആയുധങ്ങളുമായി പാവം അഹ്മദികളെ തുറങ്കിലടക്കാൻ പാക്കിസ്ഥാൻ തെരുവുകളിലേക്കിറങ്ങിവന്ന മുല്ലായിസത്തിന്റെ ദത്തുപുത്രനായ പാശ്ചാത്യന്റെ രാഷ്ട്രീയ രാജകുമാരൻ സുൽഫിക്കർ അലി ഭൂട്ടോ ഒരു തുണ്ട് കയറിൽ റാവൽപിണ്ടി ജയിലിലെ ഒരു ഇരുട്ടറയിൽ പിടഞ്ഞു മരിച്ചത്, അല്ലാഹുവിന്റെ കൃത്യതയാർന്ന വിധിതീർപ്പുകൾ അറിയുന്നവരെ ഞെട്ടിച്ചതാണ്. തോക്കുചൂണ്ടി നിന്ന ഭൂട്ടോയുടെ പ്രതാപത്തിനു മുന്നിൽ അഹ്മദികൾ ആകാശത്തേക്ക് കയ്യുയർത്തിയത് 'ഹാൻഡ്സ് അപ്' ആയിരുന്നില്ലെന്നും അല്ലാഹുവിന്റെ തിരുസന്നിധിയിലേക്കുയർത്തിയ കരങ്ങളായിരുന്നുവെന്നും തൂക്കുമരത്തിൽ പിടയുമ്പോൾ ഒരു പക്ഷെ ഭൂട്ടോ ഓർത്തിരിക്കണം. സുൾഫിക്കറിന്റെ പ്രേതം ഭൂട്ടോ കുടുംബത്തെയും അദ്ദേഹത്തിന്റെ പാർട്ടിയെയും പാക്കിസ്ഥാനെയും ദശകങ്ങൾ കഴിഞ്ഞിട്ടും ഇന്നും ക്രൂരമായി വേട്ടയാടുന്നത് ചരിത്രത്തിന്റെ കാവ്യനീതിയാണ്.

ഭൂട്ടോയുടെ കിങ്കരനായി വന്നവന്റെ ഊഴത്തിൽ സിയാവുൽ ഹഖ് ഭീകരതയുടെ പട്ടാളവേശത്തിലാണ് അഹ്മദിയ്യാ പ്രസ്ഥാനത്തെ നേരിട്ടത്. കൈത്താങ്ങ് നല്കിയവനെ തൂക്കുമരത്തിൽ കെട്ടിത്തൂക്കിയ ജനറൽ ചോരയുടെ രുചിഭേദങ്ങളിലേക്കിറങ്ങിയത് ആട്ടിൻകുട്ടിയെ വേട്ടയാടിയ ചെന്നായയെപ്പോലെയായിരുന്നു. അപ്പോഴേക്കും ഒരു ഖലീഫയെ സൃഷ്ടിച്ചെടുക്കാൻ ഒരുങ്ങിയിറങ്ങിയ 'റാബിത്ത' യെന്ന അധീശ്വത്തെ പ്രീണിപ്പിക്കാൻ ഭൂട്ടോയെ കടത്തിവെട്ടി സിയാ ഒരു പടി കൂടി മുന്നിൽ വന്നു. നിരായുധരായ പാവം അഹ്മദികളെ വേട്ടയാടുന്നതിൽ ഒരു പുതുമയും ആ ജനറലിന് തോന്നിയില്ല. പകരം അഹ്മദിയ്യാ ഖലീഫയെത്തന്നെ ജയിലിലടച്ച് തൂക്കിലേറ്റാൻ പിഴവുകളില്ലാത്തൊരു പദ്ധതിയുമായി ആധുനിക ഫിർഔൻ രംഗത്തിറങ്ങി. ആ സായുധ വേട്ടയെ ചെറുക്കാനോ എതിർത്തു നിൽക്കാനോ ഒരു നിമിഷനേരത്തെ ത്രാണി പോലുമില്ലാത്ത ജമാഅത്തും ഖലീഫയും പക്ഷെ വിരൽ ചൂണ്ടി നല്കിയ താക്കീതുകളും പ്രവചനങ്ങളും അക്ഷരാർത്ഥത്തിൽ യാഥാർത്ഥ്യമായി. ആകാശ സീമകളിൽ പൊട്ടിത്തെറിച്ച് ചാരമായി ശൂന്യതയിൽ ലയിച്ചുപോയ ആ പട്ടാള മേധാവിയുടെ ദാരുണമായ അന്ത്യം ഇന്നുമൊരു പ്രഹേളികയാണ്.

ആ പൊട്ടിത്തെറിയുടെ ആഘാതങ്ങളിൽ നിന്ന് ഇന്നും മുസ്ലിം-കൃസ്ത്യൻ ഭരണകൂടങ്ങൾ മോചിതരായിട്ടില്ല. പുറമെ കാണിച്ചില്ലെങ്കിലും രാഷ്ട്രീയ-ഭരണകൂട മേധാവിത്വങ്ങളുടെ ഉന്നതങ്ങളിൽ അവിശ്വസനീയതയുടെ, അരിച്ചു കയറുന്ന ഭീതിയുടെ അകാരണമായ അങ്കലാപ്പിന്റെ ചെറുതരിവീചികൾ പതുക്കെ പടർന്നുതുടങ്ങിയിട്ടുണ്ട്. എവിടെയോ എന്തോ പന്തികേട് അവരിൽപ്പെട്ട ബുദ്ധിജീവികൾ സംശയിച്ചുതുടങ്ങിയിട്ടുണ്ട്.

അങ്ങനെയാണ് അഹ്മദിയ്യാ ജമാഅത്തിനെതിരെയുള്ള രൂക്ഷമായ ശത്രുതക്ക് ഒരു കുറവും വരുത്താതെ തന്നെ പ്രത്യയശാസ്ത്ര - പ്രബോധന തലങ്ങളിൽ ആരോരുമറിയാത്ത വ്യതിയാനങ്ങൾ വന്നുതുടങ്ങിയിട്ടുള്ളത്. കഴിഞ്ഞ പത്തു വർഷത്തിനുള്ളിൽ ലോകത്തൊരിടത്തും നടന്നിട്ടുള്ള ഒരു മുസ്ലിം സംഘടനയുടെയും സമ്മേളനങ്ങളിലെ പ്രഭാഷണങ്ങളിലോ പ്രഖ്യാപനങ്ങളിലോ ഈസാ നബി (അ) ആകാശത്ത് ജീവിച്ചിരിക്കുന്നുവെന്നോ ഉടലോടെ ഭൂമിയിൽ തിരിച്ചു വരുമെന്നോ പറഞ്ഞിട്ടില്ല. കഴിഞ്ഞ ഒരു ദശകത്തിനുള്ളിൽ കേരളത്തിൽ നടത്തിയിട്ടുള്ള ആഗോള ശ്രദ്ധ നേടിയവയുൾപ്പെടെയുള്ള മുജാഹിദ്-സുന്നി-ജമാഅത്തെ ഇസ്ലാമി സമ്മേളനങ്ങൾ, അവരുടെ ഇക്കാലയളവിൽ പുറത്തുവന്ന പുസ്തകങ്ങൾ, പ്രസിദ്ധീകരിച്ച ലേഖനങ്ങൾ, സംവാദങ്ങൾ, ചോദ്യോത്തരവേദികൾ എന്നിവയിൽ നിന്നെല്ലാം ഈസാ നബിയുടെ പരലോകജീവിതവും തിരിച്ചുവരവും സംബന്ധിച്ച യാഥാസ്ഥികമായ വിശ്വാസങ്ങൾ ശ്രദ്ധിക്കപ്പെടാത്ത വിധം പുറം തള്ളപ്പെട്ടിരിക്കുകയാണ്.

ഇസ്ലാമിക ഭീകരത, ജിഹാദ്, തീവ്രവാദം തുടങ്ങിയ കാലികസമസ്യകളുടെ പരിപ്രേക്ഷ്യങ്ങളിൽ പൊതു മുസ്ലിം സമൂഹത്തോടടൊപ്പം വിവിധ ചിന്താധാരകളുമായി മുസ്ലിം ബുദ്ധിജീവിവർഗ്ഗം വ്യാപരിക്കുകയാണ്. അതിന്റെ എതിർ ദിശയിൽ ഇസ്ലാമിനെ ജീർണ്ണതയുടെയും ഭീകരതയുടെയും പ്രതീകമായി വരച്ചുകാട്ടുകയാണ് പാശ്ചാത്യലോകവും കൃസ്തുമത പ്രസ്ഥാനങ്ങളും. ഒരിക്കലും തർക്കിച്ചു ജയിക്കാൻ ഇരുവിഭാഗത്തിനും കഴിയാത്തവിധം അശാസ്ത്രീയമായ നിലപാടുകളിലാണ് ഇരു വിഭാഗവും നിലയുറപ്പിച്ചിട്ടുള്ളത്. തിരു നബി (സ) യെക്കുറിച്ചുള്ള കുപ്രസിദ്ധമായ കാർട്ടൂൺ വിവാദമുണ്ടായപ്പോഴും രണ്ടു വിഭാഗങ്ങളും അവരുടെ രാഷ്ട്രീയ-കച്ചവട താൽപര്യങ്ങൾ ഒളിപ്പിച്ചുവെച്ച വാദഗതികളിലാണ് ഉറച്ചുനിന്നത്. കാർട്ടൂണിസ്റ്റിനെ കൊല്ലുന്നവന് കോടികളുടെ ഇനാം പ്രഖ്യാപിച്ച ജിഹാദിന്റെ ഇന്ത്യൻ പതിപ്പുകൾ കുപ്രസിദ്ധ രാഷ്ട്രീയക്കാരായിരുന്നുവെന്നോർക്കണം. കാർട്ടൂണിസ്റ്റിനെയും അത് പ്രസിദ്ധീകരിച്ച പത്രങ്ങളെയും സംരക്ഷിക്കാൻ മുന്നോട്ടുവന്ന പ്രസ്ഥാനങ്ങളും സംഘടനകളും ഒരു ലോക മഹായുദ്ധത്തെ തന്നെ വിളിച്ചുവരുത്തുമെന്ന പ്രതീതിയാണുണ്ടാക്കിയത്. ഈ സംഘർഷഭരിത കോലാഹലങ്ങൾക്കിടയിലും ഏറ്റവും സംഗതവും പ്രസക്തവുമായ ജീസസ് ഫാക്ടർ (Jesus factor) കടന്നുവന്നില്ല. ആകാശത്ത് ജീവനോടെയിരിക്കുന്ന ഈസാ നബി (അ) ക്ക് ഇറ

ങ്ങിവരാനുള്ള ഏറ്റവും നല്ല അവസരം ആരാണ് പാഴാക്കിയത്? ഇസ്‌ലാമിസ്റ്റ് ജിഹാദികളോ? അതോ കൃസ്ത്യൻ ക്രൂസേഡേർസോ? അതോ സ്വയം കൃസ്തുദേവൻ തന്നെയോ? അതേക്കുറിച്ച് അർത്ഥ ഗർഭമായ മൗനം എല്ലാവരും സ്വീകരിച്ചു.

കാൽ നൂറ്റാണ്ട് മുമ്പുവരെ കേരളത്തിന്റെ മതാന്ത രീക്ഷത്തിൽ ഏറെ മുഴങ്ങിക്കേട്ട ഇസ്‌ലാമിക മുദ്രാ വാക്യമായിരുന്നു ഈസാ നബി (അ)യുടെ ആകാശ ജീവിതവും തിരിച്ചുവരവും. ഇസ്‌ലാമിക ദർശനങ്ങളെ കേന്ദ്രീകരിച്ച് ലോകത്തെമ്പാടും ഏറ്റവും കുടുതൽ വിവാദങ്ങളും സംവാദങ്ങളും നടന്നുകൊണ്ടിരുന്നിട്ടും പക്ഷെ ഇക്കഴിഞ്ഞ ദശകത്തിൽ ആ അടിസ്ഥാന വിശ്വാസം മുസ്‌ലിം ഉലമാക്കൾ മാറ്റിവെച്ചിരിക്കുന്നു. ഇത് അബദ്ധത്തിൽ പറ്റിപ്പോയതോ ഓർമ്മ പിശകോ ആണോ? അങ്ങനെ ഈ അസാന്നിദ്ധ്യം കൊണ്ട് പ്രസ ക്തമാകുന്ന നൂറ്റാണ്ടുകളുടെ യാഥാസ്ഥികത്വത്തെ എഴുതിത്തള്ളാനാവുമോ?

നിശ്ചയമായും അശ്രദ്ധയോ അലംഭാവമോ കൊണ്ട് തമസ്കരിച്ചതല്ല ഈസാ നബി (അ) എന്ന പ്രശ്നസ ങ്കീർണ്ണതയെ. പാരമ്പര്യ വിശ്വാസമനുസരിച്ച് ആധു നികതയുടെ ഈ നിറവിൽ അതുപോലൊരു അബദ്ധം ലോകവേദികളിൽ മുമ്പേത്തേതുപോലെ എഴുന്നള്ളി ക്കാൻ ലോകറാബിത്തക്കും ജൂനിയർ പതിപ്പുകൾക്കും കഴിയില്ല എന്ന തിരിച്ചറിവാണ് ബുദ്ധിപരമായ ഈ തമ സ്കരണത്തിന്റെ പിന്നിൽ.

ആധുനിക ശാസ്ത്രത്തിന്റെ തെളിവുകൾവെച്ച് ഒരിക്കലും തെളിയിക്കാനാവാത്ത ആകാശങ്ങളും ആകാശങ്ങളിലെ അത്ഭുതമായ ഈസാ നബി (അ) യുടെ സ്ഥൂലശരീര ജീവിതവും പണ്ടെത്തേതുപോലെ ഇനിയാവർത്തിച്ചാൽ നാണംകെട്ട് പിൻമാറേണ്ടിവരും എന്നതാണ് ആ തിരിച്ചറിവ്. ഇത്രയും അടിസ്ഥാനപര മായ ഒരു വിശ്വാസം തെളിയിക്കപ്പെടാതെ പോയാൽ മുസ്‌ലിം ഉലമാക്കൾ മുന്നോട്ടു വെക്കുന്ന യാഥാസ്ഥി കമായ മറ്റെല്ലാ വാദങ്ങൾക്കും ഇതേ ഗതി വരുമെന്ന വർ ഭയപ്പെടുന്നു. തെളിയിക്കപ്പെടാതെ പരാജയപ്പെ ടുന്നപക്ഷം ഈസാ നബി(അ) യുടെ കാശ്മീരിലെ കല്ലറയും ഈസാ മസീഹ് ക്രൂശിതനായ ശേഷം രക്ഷ പ്പെട്ട് ഇന്ത്യയിൽ വന്നതും പ്രവാചക ദൗത്യം പൂർത്തി യാക്കി സ്വാഭാവിക മരണം വരിച്ചതുമായ ജ്വലിക്കുന്ന സത്യങ്ങൾ അവർക്കു സ്വീകരിക്കേണ്ടി വരും. അതു കൊണ്ട് സാധാരണ 'വഅളുകളിൽ' നിന്നുപോലും കഥാപ്രസംഗം പോലെ ഒരു കാലത്ത് ആവേശപൂർവ്വം അവർ അവതരിപ്പിച്ചുവന്ന കെട്ടുകഥ പതുക്കെ ഒഴി വാക്കുകയാണ്.

ഇതിന്റെ കൂടെ കൂട്ടിവായിക്കേണ്ടതാണ് അഹ്മദിയ്യാ ഖലീഫയുടെ ചരിത്രപ്രസിദ്ധമായ കേരള സന്ദർശനത്തെ അനഹ്മദീ മുസ്‌ലിം ലോകം പാടെ അവഗണിച്ച വസ്തുത. ഒന്നോ രണ്ടോ ദശകങ്ങൾക്കു മുമ്പായിരുന്നുവെങ്കിൽ ഏറ്റവും ഭീതിദമായ നിലയിൽ അഹ്മദിയ്യാ ഖലീഫയെ നിശിതമായി വിമർശിക്കു കയും എതിർക്കുകയും സാധിക്കുമെങ്കിൽ കായിക മായിത്തന്നെ തടയാൻ ശ്രമിക്കുകയും ചെയ്തു കൊണ്ട് പുതിയൊരു ജിഹാദ് മുഖം തുറക്കാൻ അവർ തുനിയുമായിരുന്നു. അഹ്മദിയ്യാ ജമാഅത്തിന്റെ ചെറു യോഗങ്ങൾ പോലും അലങ്കോലപ്പെടുത്തുന്ന വർക്ക് ഖലീഫയുടെ സന്ദർശനത്തെ ഒരു ക്രമസമാ ധാന പ്രശ്നമാക്കാൻ എളുപ്പത്തിൽ കഴിയുമായിരുന്നു.

എന്നാൽ വാചാലമായ മൗനമാണ് കഴിഞ്ഞ നവ മ്പറിൽ ചരിത്രത്തിലാദ്യമായി ഇസ്‌ലാമിന്റെ ഖലീഫ ഇതിഹാസങ്ങൾ തൊഴുതു നിൽക്കുന്ന ഈ മണ്ണിൽ കാലുകുത്തിയപ്പോൾ സ്വീകരിച്ചത്. അർത്ഥഗർഭമായ നിശബ്ദതയാണത്. എതിർപ്പിന്റെ അപശബ്ദങ്ങൾ അട ക്കിനിർത്തിയത് ആലോചിച്ചുറപ്പിച്ചു തന്നെയായിരു ന്നു. "നമ്മളൊന്നുമറിഞ്ഞില്ല" എന്ന അവഗണനയിൽ പൊതിഞ്ഞ ഈ മൗനത്തിനുമുണ്ട് ആയിരം അർത്ഥ തലങ്ങൾ. എതിർത്തുപോയിരുന്നുവെങ്കിൽ, അതിന പ്പുറത്ത് വല്ലതും ചെയ്തുപോയിരുന്നെങ്കിൽ, സംവാ ദങ്ങളുടെ മാലപ്പടക്കത്തിന് തിരികൊളുത്തിയിരുന്നെ ങ്കിൽ കേരളവും ഒരുപക്ഷെ ഇന്ത്യയും ഒരുവേള ലോകം മുഴുവനും അക്ഷരാർത്ഥത്തിൽ ശ്രദ്ധിക്കുന്ന ഒരു ചരിത്ര സംഭവമായി ഖലീഫയുടെ സന്ദർശനം മാറിപ്പോകുമെന്ന് അവർ നിശ്ചയമായും ഭയപ്പെട്ടു. സംഭവബഹുലമാകുന്ന പക്ഷം ആ സന്ദർശനം കേര ളത്തിന്റെ തുറന്ന സമൂഹവും മതനിരപേക്ഷ ജന തയും ആവേശത്തോടെ സ്വീകരിക്കുമെന്ന് യാഥാസ്ഥി കരുടെ ബുദ്ധികേന്ദ്രങ്ങൾ കണ്ടെത്തിയെന്നതാണ് സത്യം. അതുകൊണ്ട് മൗനം വിദ്വാന് മാത്രമല്ല, തോറ്റു പോകുമെന്ന് ഉറപ്പുള്ളവന് കൂടി ഭൂഷണമാണെന്ന് യാഥാസ്ഥിക മുസ്‌ലിം ഉലമാ ലോകം തെളിയിച്ചു.

വരികൾക്കിടയിലൂടെ ഒന്നു കൂടി ആഴത്തിൽ പരി ശോധിച്ചാൽ മറ്റൊരു വസ്തുത കൂടി വ്യക്തമാവും. തങ്ങളുണ്ടാക്കുന്ന എതിർപ്പിന്റെയും സംവാദത്തി ന്റെയും വെള്ളിവെളിച്ചത്തിൽ അഹ്മദിയ്യാ പ്രസ്ഥാ നത്തിന് തെളിച്ചവും തിളക്കവും നിഷേധിക്കുവാ നുള്ള "സ്ട്രെയിറ്റ് ലൈൻ ഓഫ് തിങ്കിങ്ങ്" എന്ന നിസ്സം ഗത മാത്രമായിരുന്നില്ല "മൗനം വിദ്വാന് ഭൂഷണം" എന്ന തിയറിക്കു പിന്നിൽ. അതിനുമപ്പുറത്ത് ഒരു ധൈര്യമില്ലായ്മ, പുറത്തുപറയാനാവാത്ത ഭീതി , അതായിരുന്നു സത്യം. ചരിത്രത്തിന്റെ കടന്നുവന്ന വീഥികളിലൊരിടത്തും പ്രതാപത്തിന്റെ ഗിരിശൃംഗങ്ങ ളിലെത്തിനിന്ന ആർക്കും ഒരു അഹ്മദിയ്യാ ഖലീഫയെ പിടിച്ചുകെട്ടാൻ സാധിച്ചിട്ടില്ല എന്ന നഗ്നമായ സത്യം ഈ ബുദ്ധി കേന്ദ്രങ്ങൾ തിരിച്ചറിഞ്ഞിട്ടുണ്ട്. ഭൂട്ടോ മാരും സിയാമാരും തകർന്നുവീണ ചരിത്രത്തിന്റെ താളുകളിൽ നക്ഷത്രശോഭയോടെ തിളങ്ങുന്ന അഹ്

മദിയ്യാ ഖലീഫമാരുടെ പ്രകാശം വിതറുന്ന മുഖങ്ങൾ അവർ കാണുന്നുണ്ട്.

അധീശ ശക്തികളുടെ സമ്പന്നതയുടെ അവസാനവാക്കുകൾക്കോ ആയുധശക്തിയുടെ അപാരതകൾക്കോ ഒരു ചെറുനോവുപോലും ഏൽപ്പിക്കാൻ കഴിഞ്ഞിട്ടില്ലാത്ത ഈ അജയ്യ പ്രസ്ഥാനവും അതിന്റെ നേതാവും ഒരു പക്ഷെ സർവ്വശക്തനായ അല്ലാഹുവിന്റെ നേർസംരക്ഷണത്തിലാണോ എന്ന് ചരിത്രത്തിന്റെ താളുകൾ അവരിൽ നേരിയൊരു സംശയത്തിന്റെ വിത്തുവിതച്ചിരിക്കണം. അല്ലാഹുവിന്റെ പ്രതിപുരുഷനായ ഖലീഫയെ നേർക്കുനേർ വിരൽ ചൂണ്ടാൻ കേരളത്തിലെ ധിഷണാകേസരികൾക്ക് ധൈര്യമില്ലാതെ പോയത് ആ സംശയത്തിന്റെ നേർത്ത വീചികൾ അവരിലേക്ക് പടർന്നു കയറിയത് കൊണ്ടാവണം.

ആനയും അമ്പാരിയുമില്ലാതെ ആരവങ്ങളും ആഘോഷങ്ങളുമില്ലാതെ നിശ്ശബ്ദം ഇസ്‌ലാമിന്റെ ഖലീഫ ഈ ചരിത്രഭൂമിയിൽ കാലുകുത്തി തന്നെ കാണാനെത്തിയ ആയിരക്കണക്കിന് സഹോദരങ്ങളെ കണ്ട് അല്ലാഹുവിനോട് നന്ദി പറഞ്ഞ് തിരിചിചുപോയത് ഈ വിശുദ്ധ മണ്ണ കിളച്ചുമറിച്ചിട്ടാണ്. പരിശുദ്ധ മതത്തിന്റെ വിത്തുകൾ ഈ ഉഴുതുമറിച്ചിട്ട കേരളത്തിന്റെ മണ്ണിൽ വിതയ്ക്കുവാനേൽപ്പിച്ചിട്ടാണ് ആ മഹാത്മാവ് തിരിച്ചുപോയത്.

എല്ലാം നിർവ്വികാരമായി മറഞ്ഞുനിന്ന് കണ്ണുകളും കാതുകളും കൊണ്ട് ഒപ്പിയെടുത്ത മുസ്‌ലിം ലോകം വരും നാളുകളിലെ അഹ്മദിയ്യാ പ്രസ്ഥാനത്തിന്റെ പ്രവർത്തനം ഹൃദയമിടിപ്പോടെ നോക്കിയിരിക്കുകയാണ്. അവിശ്വസനീതയുടെ, ആകാംക്ഷയുടെ, ഭീതിയുടെ അങ്കലാപ്പുകളുമായി അവർ കാത്തിരിക്കുന്നു. വന്നുപോയ പ്രശാന്തിയുടെ ദിവ്യദേഹം ഇസ്‌ലാമിന്റെ ഖലീഫ തന്നെയോ .... ഇതവരുടെ ആത്മാവിലേക്ക് ആഴത്തിലിറങ്ങുന്ന സംശയമായി ഒളിച്ചിരിക്കുന്നുവെന്നതാണ് സത്യം.

അതെ പുതിയൊരു ജൈത്രയാത്രയുടെ തുടക്കത്തിന് കാലത്തിന്റെ സത്യദർശനം തിടമ്പേറ്റുന്ന അഹ്മദിയ്യാ പ്രസ്ഥാനം ഇവിടെ നാന്ദി കുറിക്കുന്നു- വ്യത്യസ്ഥമായ നിലയിൽ - തീർത്തും അവിശ്വസനീയമായ രീതികളിൽ. അതെ അല്ലാഹുവിന്റെ പുതിയൊരു അത്ഭുതത്തിന്നായി നമുക്ക് ആകാശത്തേക്കുയരുന്ന നിറകണ്ണുകളുമായി കാത്തിരിക്കാം ●

---

പേജ്- 11- ൽ നിന്ന്

ഒരു സ്ഥലത്ത് വിവരിച്ചതുപോലെ തക്കസമയത്ത് ആകാശത്തുനിന്ന് വന്ന ജലമാണ് ഞാൻ. കരയിലും കടലിലും ഫസാദ് വ്യാപിച്ച അവസ്ഥ അല്ലാഹു കാണുമ്പോൾ പ്രവാചകന്മാർ മുഖേന ആത്മീയ ജലം അവൻ ഇറക്കുന്നു. അന്ധകാര നിബിഢമായ കാലത്ത് തിരുനബി(സ)യെ അയച്ചുകൊണ്ട് അല്ലാഹു പരിപൂർണ്ണ മതവും ശരീഅത്തും അവതരിപ്പിക്കുകയുണ്ടായി. അത് മനുഷ്യാത്മാക്കൾക്ക് ജീവജലം നല്കുകയും ചെയ്തു. തിരുനബി(സ)യുടെ പ്രവചന പ്രകാരം ആയിരം വർഷങ്ങൾക്കുശേഷം ഭൂമിയിൽ വീണ്ടും അന്ധകാരം വ്യാപിച്ചപ്പോൾ ആ മഹാത്മാവിന്റെ പ്രിയശിഷ്യനെ അല്ലാഹു അയക്കുകയുണ്ടായി. മുമ്പ് '*യുഹ്‌യിൽ അർള ബഅ്ദ മൗത്തിഹാ*' എന്ന ദൃശ്യം കാണിച്ചതുപോലെ ഇവിടെ വീണ്ടും കാണിക്കുന്നതിന് പ്രകാശം കരസ്ഥമാക്കാനുള്ള യഥാർത്ഥ ആഗ്രഹമുള്ള ഹൃദയങ്ങൾക്ക് പ്രകാശം ഇതുമുഖേന എത്തിക്കുന്നതാണ്. '*ലത്തീഫ്*' '*ഖബീർ*' എന്നീ സിഫത്തുകൾ പരാമർശിച്ചുകൊണ്ട് അല്ലാഹു പറയുന്നത് ആർക്കാണ് സത്യം അന്വേഷിക്കുന്നതിനുള്ള യഥാർത്ഥ ആഗ്രഹമുള്ളത് എന്ന് അല്ലാഹുവിന് നല്ലതുപോലെ അറിയാം എന്നാണ്.

അല്ലാഹു പറയുന്നു:

الله لطيف بعباده يرزق من يشاء وهو القوي العزيز

അല്ലാഹു തന്റെ ദാസരോട് വളരെ കരുണയുള്ളവനാണ്. താനുദ്ദേശിക്കുന്നവർക്ക് അവൻ ജീവിത വിഭവം നല്കുന്നു. അവൻ ശക്തനും പ്രതാപവാനുമത്രെ.

ഇവിടെ അല്ലാഹു ആകാശത്തുനിന്ന് റിസ്ഖ് നല്കുന്നതിനെക്കുറിച്ചാണ് പറയുന്നത്. എന്നാൽ ആത്മീയ റിസ്ഖ് (ഭക്ഷണം) അന്വേഷിക്കുന്നവർക്കാണ് പ്രയോജനം ലഭിക്കുന്നത്. ആത്മീയ ഭക്ഷണം അന്വേഷിക്കുന്നവർക്ക് ഭൗതിക വിഭവങ്ങൾ ലഭിക്കുന്നതാണെന്ന് അല്ലാഹു വാഗ്ദാനം ചെയ്തതുകൊണ്ട് തീർച്ചയായും അവർക്കു ലഭിക്കുന്നതാണ്. അല്ലാഹു പറയുന്നു:

"*വ യർസുഖു മിൻ ഹൈശു ലാ യഹ്തസിബ്*"

അവർ പ്രതീക്ഷിക്കാത്ത സ്ഥലങ്ങളിൽ നിന്ന് അവർക്ക് റിസ്ഖ് നല്കുന്നതാണ്. അതിനാൽ മുഅ്മിനായ വ്യക്തിയോട് ഈ വാഗ്ദാനം ഉള്ളതുകൊണ്ട് ആത്മീയ വിഭവങ്ങൾ സമാഹരിക്കുന്നതിന് പ്രയത്നിക്കുന്നവർക്ക് ഭൗതീക വിഭവങ്ങളും ആർജ്ജിക്കാൻ സാധിക്കുന്നതാണ്. ആത്മീയജലം അന്വേഷിക്കുന്നവർക്ക് അല്ലാഹു അവരുടെ ന്യൂനതകൾ മറച്ചുവെച്ചുകൊണ്ട്, അവരോട് സഹിഷ്ണുത കാണിച്ചുകൊണ്ട്, അവരുടെ തെറ്റുകൾ പൊറുത്തുകൊടുത്തുകൊണ്ട് തന്റെ പ്രകാശം തിരിച്ചറിയാനുള്ള കഴിവ് നല്കുന്നു.

(*20.2.2009-ലെ ഖുത്ബയിൽനിന്ന്. വിവ: എം. നാസിർ അഹ്മദ്*). ●

ലേഖനം

എ.ക്യു.മഹ്ദി

# വാഗ്ദത്ത മസീഹിനാൽ തിരുത്തപ്പെട്ട കുരിശുവാദ സിദ്ധാന്തം

**ലോ**കത്ത് ഇന്ന് അറിയപ്പെടുന്ന നാലഞ്ച് പൗരാണിക മതങ്ങളുണ്ട്. ഇസ്‌ലാം, ക്രൈസ്തവ, യഹൂദ മതങ്ങളും ബുദ്ധ, ഹൈന്ദവ വിഭാഗങ്ങളും. ഹൈന്ദവ ബുദ്ധ മതങ്ങൾ താരതമ്യേന ഇവയിൽ ഏറെ പൗരാണികത അവകാശപ്പെടുന്നുവെങ്കിലും, ഒരു മതത്തിനതീതമായി ഒരു സംസ്കാരം എന്ന വിഭാഗത്തിലാണ് ഹിന്ദുമതത്തെ ലോകമതനിരീക്ഷകർ ഉൾപ്പെടുത്തിയിരിക്കുന്നത്. എന്നാൽ പല വിഷയങ്ങളിലും വേദഗ്രന്ഥങ്ങളുടെ വ്യാഖാനപരമായ ധാരണാ വ്യത്യാസം മൂലം ചില മൗലീകവിശ്വാസങ്ങളിൽ പരസ്പര വ്യത്യസ്ത ചിന്തകൾ വെച്ചുപുലർത്തുന്ന മൂന്ന് പ്രധാന മതങ്ങളാണ് ഇസ്‌ലാം, ക്രൈസ്തവ, ജൂത മതങ്ങൾ.

ഈ മൂന്നു മതവിഭാഗങ്ങളിൽ ഏറെ പൗരാണികത യഹൂദ വിശ്വാസത്തിനാണ്. യേശുക്രിസ്തുവിനു മുമ്പ് അവതരിക്കപ്പെട്ട മൂസാ നബിയുടെ കാലമാണ് ജൂത മതത്തിന്റെ ആരംഭഘട്ടം. അതിനു ശേഷം ഇന്നേക്ക് 21 നൂറ്റാണ്ടുകൾക്കു മുമ്പ് യേശു ക്രിസ്തുവിന്റെ കാലത്താണ് ക്രിസ്തു മതത്തിന്റെ ഉത്ഭവം. വീണ്ടുമൊരു ആറു ശതാബ്ദങ്ങൾ പിന്നിട്ടപ്പോഴുള്ള മുഹമ്മദ് നബി (സ) യുടെ കാലമാണ് ഇസ്‌ലാം മതത്തിന്റെ ആവിർഭാവകാലം.

മൂസാക്ക് ശേഷം വന്ന യേശുക്രിസ്തുവിനെ യഹൂദർ അംഗീകരിക്കുന്നില്ല. യേശുവിനെ അവർ അവിശ്വസിക്കുകയും ഒരു കള്ളപ്രവാചകനായി മുദ്രകുത്തി കുരിശിൽ തറച്ച് പീഢിപ്പിക്കുകയും ചെയ്തു. ക്രിസ്തു ദേവനെ ഇന്നും യഹൂദർ ഒരു കള്ള പ്രവാചകനായി മാത്രം കാണുകയും ചെയ്യുന്നു. അതിലൂടെ വിശ്വാസപരമായി ജൂതർ ക്രിസ്തുമതത്തിന്റെ ആജന്മ ശത്രുക്കളായിത്തീർന്നു.

യഹൂദരാൽ കുരിശിലേറ്റപ്പെട്ട യേശു ആ കൽവരിയിൽ വെച്ച് മരണപ്പെട്ടുവെന്നാണ് ക്രൈസ്തവ ലോകം ഇപ്പോഴും വിശ്വസിക്കുന്നത്. അങ്ങിനെ ഘോഷിക്കുക മാത്രമല്ല, ദൈവപുത്രനായ യേശു മനുഷ്യകുലത്തിന്റെ പാപ പരിഹാർത്ഥമാണ് കുരിശുമരണം വരിച്ചതെന്നും അവർ കരുതുന്നു. കുരിശുമരണമെന്ന അഭിശപ്തതയിലൂടെ ന്യായപ്രമാണപ്രകാരം യേശു ശപിക്കപ്പെട്ടവനാണെന്ന ഈ വികലധാരണ യഹൂദരിൽനിന്ന് ഇന്നും വിട്ടുമാറിയിട്ടില്ല.

ഇനി ഇന്നത്തെ ഇസ്‌ലാം മതാനുയായികളുടെ ഒരു വിശ്വാസ വൈപരീത്യം കൂടി നമുക്ക് ശ്രദ്ധിക്കാം. ഇസാ നബി ക്രൂശിക്കപ്പെട്ടുവെന്ന് കരുതുമ്പോഴും അദ്ദേഹം സ്ഥൂലശരീരത്തോടെ വാനലോകത്തേക്ക് ഉയർത്തപ്പെട്ടുവെന്നും ഇപ്പോഴും ആകാശത്തിന്റെ അനന്തതയിൽ ദൈവസിംഹാസനത്തിനു തൊട്ടരികെ പാർക്കുന്നുവെന്നുമാണ് ഭൂരിപക്ഷം മുസ്‌ലിം സമൂഹം വിശ്വസിക്കുന്നത്.

ഈ മുസ്‌ലീം ജനത ക്രസ്തുവിനെപ്പറ്റി ഇങ്ങനെ കരുതുമ്പോൾ ഒരു കാര്യം ചിന്തിക്കേണ്ടതുണ്ട്. മുഹമ്മദ് നബി (സ) യാണ് അല്ലാഹു അയച്ച പ്രവാചകരിൽ ഏറ്റവും ശ്രേഷ്ഠനെന്ന യാഥാർത്ഥ്യം ഉൾക്കൊള്ളുന്ന ഈ മുസ്‌ലിം സമൂഹം, അദ്ദേഹത്തേക്കാൾ ഒരുപടികൂടി മഹാത്മ്യം-തികച്ചും യുക്തി ശൂന്യവും അസംഭവ്യവുമായ വിശ്വാസത്തിന്റെ പേരിലാണെങ്കിൽ പോലും-യേശുവിന് കൽപ്പിച്ചുകൊണ്ട് അദ്ദേഹത്തെ മറ്റൊരു പ്രവാചകനും ഇന്നോളം ലഭ്യമല്ലാത്ത ഒരവസ്ഥ സങ്കൽപ്പിച്ച് ആകാശലോകത്തേക്ക് ഉയർത്തിയിരിക്കുകയാണ്. അതുമാത്രമല്ല, യേശുക്രിസ്തുവിനെ മരണത്തെ പോലും അതിജീവിക്കാനും മുസ്‌ലിം വിശ്വാസികളെന്നു കരുതുന്ന ഈ ഭൂരിപക്ഷം അനുവദിച്ചിരിക്കുന്നു. ഒരിക്കലും പാടില്ലാത്തതും, ഇസ്‌ലാമികമായി ഭംഗമുള്ളതുമാണെങ്കിൽപോലും മുസ്‌ലിം ലോകം ഈയൊരു അപൂർവ്വ ബഹുമതിയും സ്ഥാനപ്പെരുമയും-സ്ഥൂല ശരീരത്തോടെ ആകാശത്തേക്കുയർത്തി അല്ലാഹുവിന്റെ സിംഹാസനത്തിന് അടുത്ത് ഇരുത്തൽ-ഏറ്റവും ഉന്നതനും പ്രവാചക ശ്രേഷ്ഠനുമായ മുഹമ്മദ് മുസ്തഫാ (സ) തിരുമേനിക്ക് അനുവദിച്ചു നല്കിയിരുന്നെങ്കിൽ, അതിലൽപം യുക്തിബോധമെങ്കിലും കാണാൻ കഴിയുമായിരുന്നു. ഇല്ല, പ്രവാചകരെല്ലാം മനുഷ്യരായിതന്നെ ജനിക്കുന്നു, മരണം പ്രാപിക്കയും ചെയ്യുന്നു. നബിമാർക്കു മാത്രമായി അമരത്വം അല്ലാഹു നൽകിയിട്ടുമില്ല. ഒരു പ്രവാചകനും സ്ഥൂലശരീരത്തോടെ തന്റെയരികിൽ ജീവിച്ചിരിക്കാൻ അല്ലാഹു അവസരം നൽകിയിട്ടുമില്ല. അങ്ങിനെയൊന്ന് ഉണ്ടായിരുന്നുവെങ്കിൽ നിസ്സംശയം പറയാം, ആ പദവി മുഹമ്മദ് നബി(സ)ക്കു തന്നെ അല്ലാഹു നല്കുമായിരുന്നു. എന്നാൽ ക്രിസ്ത്യാനികളെപോലെ യേശുവിനെ ദൈവമായും,ദൈവപുത്രനായും, പരിശുദ്ധാത്മാവായും

വാഴിക്കാൻ തൽക്കാലം നമ്മുടെ മുസ്‌ലിം സമൂഹം തയ്യാറല്ല എന്നതുതന്നെ ആശ്വാസകരം.

ദൈവനിയോഗിതരായ ഈ പ്രവാചകന്മാരെയൊന്നും അണുവിട വിശ്വസിക്കാനോ അംഗീകരിക്കാനോ തയ്യാറുള്ളവരല്ല, അതിപുരാതനമായ ഒരു മതത്തിന്റെ, ഒരു സംസ്കാരത്തിന്റെ ഉടമകളായ ഹൈന്ദവജനത. ഏകദൈവ വിശ്വാസമില്ലാത്ത ഇന്നത്തെ ഹൈന്ദവ ജനതയാകട്ടെ, പൗരാണിക കാലത്തെ നിരവധി മഹാത്മാക്കളെ ദൈവങ്ങളായും യഥാർത്ഥ ദൈവത്തെ സചേതന ബിംബങ്ങളായും കരുതി ആരാധിക്കുന്നവരാണ്. നിരവധി ദൈവങ്ങളുടെ ഒരു നീണ്ട നിരതന്നെ ഹൈന്ദവ സമൂഹത്തിന് മുന്നിലുണ്ട്. ചിലപ്പോൾ ശ്രീകൃഷ്ണനും ശ്രീരാമനും ഒക്കെ അവർക്ക് ദൈവങ്ങളോ, മറ്റു ചിലപ്പോൾ അമാനുഷിക ശക്തിയും അത്ഭുത സിദ്ധിയും പ്രകടിപ്പിക്കുന്ന ദിവ്യാത്മാക്കളോ, ആയി മാറുന്നു. ആ മത ഗുരുക്കന്മാരെ ദൈവം അയച്ച പ്രവാചകന്മാർ മാത്രമാണെന്ന് അംഗീകരിക്കാൻ അവർക്കൊട്ടു കഴിയുന്നുമില്ല.

ഇത്തരം വികാരപരമായ വിശ്വാസ ചിന്താഗതികളൊന്നും ബുദ്ധ മതസ്ഥർ പുലർത്തുന്നില്ല. ശ്രീബുദ്ധൻ ദൈവമല്ല എന്നത് ആശ്വാസകരം തന്നെ.

ഈ എല്ലാ വിശ്വാസങ്ങളും ഒരുപോലെ അബദ്ധജഢിലവും പരിശുദ്ധനായ ദൈവത്തിന്റെ മഹിമയ്ക്ക് ചേരാത്തതുമാണ്. യേശുക്രിസ്തുവിന്റെ വിശുദ്ധവും യഥാർത്ഥവുമായ സ്ഥാനമഹിമക്ക് യോജിക്കാത്ത അധാർമ്മികമായ ഈ കൃസ്തീയ, മുസ്‌ലിം വിശ്വാസങ്ങളിൽ സമൂലമായ ഒരു മാറ്റം വരുത്തേണ്ടത് ഒരു ലോകോദ്ധാരകനെന്ന നിലയിൽ തന്റെ കടമയും കർത്തവ്യവും ജീവിത ദൗത്യത്തിന്റെ ഒരു ഭാഗവുമാണെന്ന് ഹദ്റത്ത് അഹ്മദ്(അ) വിശ്വസിച്ചു.

ഈസാ നബിയുടെ പ്രതിബിംബമാണ് താനെന്ന ദിവ്യബോധനം ലഭിച്ചതു മുതൽ യേശുവിനെ സംബന്ധിച്ച വിശുദ്ധ ഖുർആൻ വാക്യങ്ങളിൽ സവിശേഷ ശ്രദ്ധ ചെലുത്തിക്കൊണ്ടിരിക്കുകയായിരുന്നു ഹദ്റത്ത് അഹ്മദ് (അ). അങ്ങിനെയിരിക്കവെയാണ് ശ്രീനഗറിൽ ഒരു നബിയുടെ ഖബ്ർ സ്ഥിതിചെയ്യുന്നുണ്ടെന്ന് തന്റെ ചില കശ്മീരി ശിഷ്യന്മാരിൽ നിന്ന് അദ്ദേഹത്തിനു സൂചന ലഭിച്ചത്. എന്നാൽ, കശ്മീർ മഹാരാജാവിന്റെ കൊട്ടാര വൈദ്യനെന്ന നിലയിൽ പതിനാല് സംവത്സരക്കാലം ആ ദേശത്ത് താമസിച്ചിരുന്ന ഹദ്റത്ത് മൗലാനാ നൂറുദ്ദീൻ സാഹിബ് (റ) തദവസരത്തിൽ വ്യക്തമാക്കിയത്, കശ്മീരിൽ അങ്ങിനെയൊരു ഖബ്ർ ഉള്ളതായി തന്റെ ശ്രദ്ധയിൽ പെട്ടിട്ടില്ല എന്നായിരുന്നു. എന്നാൽ, 'യൂസ് ആസഫ്' എന്നു പേരുള്ള ഒരു വിദേശി രാജകുമാരന്റെ ഖബ്ർ ശ്രീനഗറിൽ ഉള്ളതായി തനിക്കറിയാമെന്നും അദ്ദേഹം സൂചന നല്കി. ഈ വിഷയത്തിൽ ഹുസൂറിന്റെ സൂക്ഷ്മമായ ഗവേഷണ ദൃഷ്ടി ശ്രീനഗറിലെ ഈ ഖബ്റിനു നേരെ പതിഞ്ഞപ്പോൾ ഈ 'യൂസ് ആസഫ്' എന്ന രാജകുമാരൻ യേശുവല്ലാതെ മറ്റാരുമല്ല എന്ന നിഗമനത്തിലാണ് ഹദ്റത്ത് അഹ്മദ് (അ) എത്തിച്ചേർന്നത്.

കേവലം ഒരു അജ്ഞാത ശവകുടീരം മാത്രമായി എത്രയോ ശതാബ്ദങ്ങളായി കിടന്നിരുന്ന പ്രസ്തുത ഖബ്റിനെപ്പറ്റി കൂടുതൽ പഠനം നടത്തുവാൻ ഹദ്റത്ത് അഹ്മദ് (അ) ശ്രമം ആരംഭിച്ചു. 1900 കൊല്ലം മുമ്പ് വിദേശീയനായ ഒരു പ്രവാചകൻ കശ്മീരിൽ വന്നെത്തിയിരുന്നുവെന്നും തിരുനബി(സ)ക്ക് ഏകദേശം 600 വർഷങ്ങൾ മുമ്പായിരുന്നു അദ്ദേഹത്തിന്റെ ജീവിതകാലമെന്നും, ആ പ്രവാചകൻ ഒരു രാജകുമാരനായും അറിയപ്പെട്ടിരുന്നുവെന്നും മറ്റുമുള്ള ഐതിഹ്യങ്ങളും അദ്ദേഹത്തിനു ലഭിച്ചു. 'ഈസാ സാഹിബിന്റെ ഖബ്ർ', 'നബി സാഹിബിന്റെ ഖബ്ർ' എന്നൊക്കെ ഈശവക്കല്ലറയെക്കുറിച്ച് പറഞ്ഞിരുന്നതായും അദ്ദേഹത്തിനറിയാൻ കഴിഞ്ഞു.

ഈ ഖബ്ർ സ്ഥിതി ചെയ്യുന്നത് ശ്രീനഗറിലെ 'ഖാൻയാർ' തെരുവിലാണ്. മുസ്‌ലിംകൾ മാത്രം തിങ്ങിവസിക്കുന്ന ഒരു സ്ഥലമായിരുന്നു ഇത്. ഹിന്ദുക്കളുടെ സാന്നിദ്ധ്യമേ ആ സ്ഥലത്തുണ്ടായിരുന്നില്ല. മാത്രമല്ല ഖബ്ർ വളരെക്കാലമായി പൂർണ്ണമായും മുസ്‌ലിംകളുടെ നിയന്ത്രണത്തിലുമായിരുന്നു. അവിടെ അടുത്തെങ്ങും ഒരു ഹിന്ദു ദേവാലയമോ, ഹൈന്ദവ പുണ്യസ്ഥലമോ ഉണ്ടായിരുന്നില്ല.

ഈ ഖബ്ർ ഈസാ നബിയുടേതു തന്നെയെന്ന് ഗവേഷണപൂർവ്വമായ അന്വേഷണങ്ങളിൽ നിന്നു ഹദ്റത്ത് അഹ്മദ് (അ)നു മനസ്സിലായി. ഈ വസ്തുതയെപ്പറ്റി പൂർണ്ണമായ ബോധ്യം വന്നപ്പോൾ അദ്ദേഹം തന്റെ 'സത്ബചൻ' എന്നപുസ്തകത്തിൽ ഇതുസംബന്ധമായ ചില വിശദീകരണങ്ങൾ എഴുതിച്ചേർക്കുകയുണ്ടായി. 1898 നവമ്പർ 30-ന് തന്റെ മറ്റൊരു ലഘു ഗ്രന്ഥമായ 'റാസെ ഹഖീഖത്തിലൂടെ' ഈ വിഷയത്തെപ്പറ്റി ആധികാരികമായി കൂടുതൽ വിവരങ്ങൾ അദ്ദേഹം പുറത്തുവിട്ടു.

ലോകത്തിന് അജ്ഞാതവും എന്നാൽ അത്ഭുതം പകരുന്നതമായ ഒരു വാർത്തയായിരുന്നു യേശു കുരിശിൽ നിന്നു രക്ഷപ്പെട്ട ശേഷം ഇന്ത്യയിൽ വരികയും കശ്മീരിൽ വെച്ച് മരണമടയുകയും ചെയ്തുവെന്ന വിവരം. പ്രത്യേകിച്ച്, ലോകമെമ്പാടുമുള്ള കോടിക്കണക്കിനു ക്രിസ്ത്യാനികളുടെ വിശ്വാസപ്രമാണങ്ങളെ ആകെ തകർക്കുന്ന ഒന്നുമായിരുന്നു അത്. പൊതുലോകത്തിനു മുമ്പിൽ ഈ സത്യം തെളിയിച്ചു കാട്ടുന്ന ഒരു ഗവേഷണ ഗ്രന്ഥം രചിക്കേണ്ടത് ആവശ്യമാണെന്ന് ഹദ്റത്ത് അഹ്മദ് (അ)ന് ബോധ്യംവന്നു. ഈ വിഷയത്തെ സാധൂകരിക്കുന്ന ചരിത്രരേഖകളും ബൈബിൾ തെളിവുകളും ആവുന്നത്ര സമാഹരിച്ചുകൊണ്ട് 'മസീഹ് ഹിന്ദുസ്ഥാൻമെ' (യേശു മിശീഹാ ഇന്ത്യയിൽ) എന്ന പേരിൽ ഒരു ഗവേ

ഷണ ഗ്രന്ഥം അദ്ദേഹം തയ്യാറാക്കുകയുണ്ടായി. ഈ ഗ്രന്ഥം പൂർത്തീകരിക്കപ്പെട്ടത് 1899 ഏപ്രിൽ 25 നാണ്. അനുബന്ധമായി ഏതാനും അധ്യായങ്ങൾ എഴുതി ച്ചേർക്കാൻ ഉദ്ദേശിച്ചിരിന്നുവെങ്കിലും ചില പ്രത്യേക സാഹചര്യങ്ങളാൽ അതിനു കഴിഞ്ഞില്ല. മാത്രമല്ല എഴുതി പൂർത്തിയാക്കിയ സമയത്ത് അതു പ്രസിദ്ധീ കരിക്കാനും സാധ്യമായില്ല. പിന്നീട് അദ്ദേഹത്തിന്റെ ചരമത്തിനുശേഷം 1908 നവമ്പർ 20 നാണ് ഈ പുസ്തകം വെളിച്ചം കണ്ടത്.

നാല് പ്രധാന അധ്യായങ്ങളായാണ് പുസ്തകം രചി ക്കപ്പെട്ടത്. യേശുക്രിസ്തു കുരിശിൽനിന്നും രക്ഷപ്പെ ട്ടതിലേക്കുള്ള വ്യക്തമായ തെളിവുകൾ, ഈ വിശയ ത്തിൽ ഖുർആനും ഹദീസുകളും നല്കുന്ന സൂചന കൾ, കുരിശിൽനിന്ന് ഇറക്കിയപ്പോൾ യേശുവിന്റെ ശരീരത്തിൽ പുരട്ടുന്നതിന് 'മർഹമെ ഈസാ' എന്ന പേരിൽ തയ്യാറാക്കപ്പെട്ട ഒരു ലേപനൗഷധത്തെ പറ്റി പുരാധന വൈദ്യ ഗ്രന്ഥങ്ങളിൽനിന്നു ലഭ്യമായ തെളി വുകൾ, യേശുവിന്റെ യാത്ര പരാമർശിക്കുന്ന ഇസ് ലാമിക-ബൗദ്ധ ഗ്രന്ഥങ്ങളിൽനിന്നും മറ്റു ചരിത്ര പുസ്തകങ്ങളിൽ നിന്നുമുള്ള തെളിവുകൾ, ഇവയാണ് ആ നാലു ഭാഗങ്ങളിൽ ഉൾപ്പെടുത്തിയത്.

കേവലം ഒരു മുൻവിധിയോടെ, തന്റെ ഈ ഗ്രന്ഥം വായിക്കാതെ വിട്ടുകളയുരുതെന്നദ്ദേഹം ലോക ത്തോട് അഭ്യർത്ഥിച്ചു. കൂടാതെ, വളരെ അവധാനത യോടെ മാത്രമേ ഇതിലൂടെ കടന്നുപോകാവൂ എന്നും അദ്ദേഹം അറിയിച്ചു. ഒരു ഗവേഷണ ഗ്രന്ഥമെന്ന നില യിൽ അഗാധവും ശ്രമബദ്ധവുമായ പരിശോധന കൾക്കുശേഷം മാത്രം ലഭ്യമായ അതിപ്രധാനമായ രേഖകളാണ് തന്റെ ഈ ഗ്രന്ഥരചനക്ക് അടിസ്ഥാന മെന്നും അദ്ദേഹം മുഖവുരയിൽ അടിവരയിട്ടു പ്രസ്താവിച്ചു.

ഈ ഗ്രന്ഥത്തിലെ പ്രതിപാദ്യ രത്നച്ചുരുക്കം തന്നെ യേശു കുരിശുമരണത്തിൽ നിന്ന് രക്ഷപ്പെട്ട ശേഷം ഇസ്റായീൽ ഗോത്രത്തിലെ കാണാതെപോയ കുഞ്ഞാടുകളെ തേടി ഇന്ത്യയിൽ വരികയുണ്ടായി എന്നതുതന്നെയായിരുന്നു. തങ്ങളെ തടവിൽ പാർപ്പി ച്ചിരുന്ന നബൂക്ക്ദ് നസറിൽനിന്നും മോചിതരായി അഫ്ഗാനിസ്ഥാനിലും മറ്റും വാസമുറപ്പിച്ചിട്ടുണ്ടായി രുന്ന പുരാതന യഹൂദ ഗോത്രങ്ങളുമായി സമ്പർക്കം സ്ഥാപിച്ചതിനു ശേഷം അദ്ദേഹം പിന്നീട് കശ്മീരി ലേക്കു യാത്ര തിരിക്കുകയായിരുന്നു. കശ്മീരിലും എതാനും ഇസ്റായീൽ ഗോത്രങ്ങൾ അന്നുണ്ടായിരു ന്നു. അവിടെ യേശു തന്റെ ജീവിത സായാഹ്നം കഴി ച്ചുകൂട്ടുകയും 120-ാമത്തെ വയസ്സിൽ ചരമം പ്രപി ക്കുകകയും ചെയ്തു.

ശ്രീനഗറിലെ ഖാൻയാർ തെരുവിൽ സ്ഥിതിചെ യ്യുന്ന ഖബ്ർ യേശുവിന്റേതാണെന്ന് പാശ്ചാത്യ ലോക ത്തിനുപോലും ഇന്ന് മൗനമായെങ്കിലും സമ്മതിക്കേ ണ്ടിവന്നിരിക്കുന്നു. പുരാതന ബുദ്ധമത രേഖകൾ ഉദ്ധ രിച്ചുകൊണ്ട് ഹദ്റത്ത് അഹ്മദ്(അ) നടത്തിയ വിശ ദീകരണങ്ങൾ വർഷങ്ങളായി പാശ്ചാത്യ ഗ്രന്ഥകാര ന്മാരെയൊക്കെ കുഴക്കിയിരുന്ന ചരിത്രപരമായ ഒരു പ്രഹേളികക്ക് ശ്വാശ്വത പരിഹാരമുണ്ടാക്കുകയും ചെയ്തു. ക്രിസ്തുമത-ബുദ്ധ തത്വങ്ങൾ തമ്മിലുള്ള അത്ഭുതാവഹമായ സാദൃശ്യത്തിന്റെ രഹസ്യം മനസ്സി ലാകാതെ പാശ്ചാത്യ ചിന്തകർ അമ്പരന്നിരിക്കുമ്പോ ഴാണ് ഹദ്റത്ത് അഹ്മദ് (അ) ന്റെ ഈ വെളിപ്പെടു ത്തൽ പുറത്തുവന്നത്. ബുദ്ധമത തത്വങ്ങൾ എങ്ങി നെയോ ഫലസ്തീനിൽ എത്തുകയും യേശു അവ തന്റെ പ്രബോധന വിഷയമാക്കുകയും ചെയ്യുകയാ ണുണ്ടായതെന്നു വരെ ഈ പാശ്ചാത്യ ചിന്തകരിൽ പലരും അഭിപ്രായപ്പെട്ടിരുന്നു. എന്നാൽ, ഈ നിഗമ നങ്ങളെ ന്യായീകരിക്കുന്ന ഒരു തെളിവും അവർക്കു നിരത്താൻ കഴിഞ്ഞിരുന്നില്ല.

ഹദ്റത്ത് അഹ്മദ് (അ) ഇപ്രകാരം പ്രസ്താവിച്ചു. "ശ്രീബുദ്ധനും യേശുവും തമ്മിൽ ഇത്രയധികം സാദൃ ശ്യങ്ങൾ എന്തുകൊണ്ടാണുണ്ടായത്? വളരെ ചിന്താർഹമായ ഒരു പ്രശ്നം തന്നെയാണിത്. ഇന്തയി ലേക്കുള്ള തന്റെ യാത്രാവേളയിൽ ബുദ്ധമ തത്തെക്കുറിച്ച് പഠിച്ചശേഷം യേശു സ്വന്തം നാട്ടിൽ മടങ്ങിച്ചെന്ന് തദനുരൂപമായി 'സുവിശേഷങ്ങൾ' തയ്യാ റാക്കി പ്രബോധനം ചെയ്തുവെന്നത്രെ ആര്യസമാ ജികൾ പറയുന്നത്. ഇത് തികച്ചും അസ്വഭാവികവും അബദ്ധജഢിലവുമായ നിഗമനം മാത്രമാണ്. കുരിശു സംഭവത്തിനു മുമ്പായി ഇന്ത്യയിൽ വന്നെങ്കിൽ മാത്ര മല്ലേ ബുദ്ധമതത്തെക്കുറിച്ചുള്ള സുവിശേഷങ്ങൾ തിരികെ തന്റെ നാട്ടിൽ ചെന്ന് പ്രബോധിക്കാൻ യേശു വിന് കഴിയുമായിരുന്നുള്ളു. കുരിശുസംഭവത്തിനു മുമ്പ് ഇത്തരം ഒരു പലായനത്തിന്റെ സാഹചര്യം ക്രിസ്തുവിനുണ്ടായിരുന്നില്ല. എന്നാൽ, ശാം (ഫല സ്തീൻ) ദേശത്തെ യഹൂദന്മാർ അദ്ദേഹത്തെ നിഷേ ധിക്കുകയും നിരാകരിക്കുകയും തങ്ങളുടെ വിശ്വാ സമനുസരിച്ച് ഒരു കള്ളപ്രവാചകനെന്ന് മുദ്രകുത്തി ക്രൂശിച്ചു കൊല്ലാൻ ശ്രമിക്കുകയും ചെയ്തപ്പോൾ ,അ ത്തരം ഒരു പലായനം അദ്ദേഹത്തിന് അനുപേക്ഷണീ യമായിത്തീർന്നു. ദൈവത്തിന്റെ സൂക്ഷ്മ തന്ത്രങ്ങ ളാൽ അദ്ദേഹം കുരിശുമരണത്തിൽ നിന്നും അത്ഭു തകരമായി രക്ഷപ്പെട്ടു. ജൂതന്മാരുടെ സഹകരണവും സഹതാപവും തനിക്കു ലഭിക്കാതെ വരികയും, അവ രുടെയിടയിൽ പ്രബോധനം ചെയ്യുന്നതിനുള്ള സാഹ ചര്യം തീർത്തും നഷ്ടപ്പെടുകയും,തന്നിമിത്തം തനി ക്കുണ്ടായ വർദ്ധിച്ച ക്ലേശങ്ങൾ സഹിക്കാനാവാ തെയും വന്നപ്പോൾ, കഠിനഹൃദയരായ യഹൂദന്മാരിൽ നിന്നും രക്ഷതേടാനാണ് യേശു സ്വന്തം നാടുപേ ക്ഷിച്ച് പലായനം ചെയ്യാനൊരുമ്പെട്ടത്. ഇതിനിടെ ജൂത ജനതയിൽപ്പെട്ട പത്തു ഗോത്രങ്ങൾ ഇന്ത്യയുടെ

വിവിധ ഭാഗങ്ങളിൽ കുടിയേറിപ്പാർക്കുന്നുവെന്ന അറിവ് ദൈവം യേശുവിന് നല്കുകയും, ആ അറിവിന്റെ വെളിച്ചത്തിൽ അദ്ദേഹം ആ പ്രദേശങ്ങളിലേക്ക് പ്രയാണം ആരംഭിക്കുകയും ചെയ്തു. യഹൂദന്മാരിലെ തന്നെ ചില വിഭാഗങ്ങൾ ഇതിനകം ബുദ്ധമതം സ്വീകരിച്ചു കഴിഞ്ഞിരുന്നു. അങ്ങിനെയാണ് ബുദ്ധമതാനുയായികൾക്കുനേരെ ശ്രദ്ധതിരിക്കാൻ ആ മഹാത്മാവ് നിർബന്ധിതനായിത്തീർന്നത്. 'ബുദ്ധൻ' എന്ന പേരുള്ള ഒരു മിശിഹാവിന്റെ ആഗമനത്തെ ബുദ്ധ സന്യാസികൾ കാത്തുകൊണ്ടിരിക്കുകയുമായിരുന്നു. തന്നിമിത്തം യേശുവിന്റെ സ്ഥാനപ്പേരും അദ്ദേഹത്തിന്റെ സാരോപദേശങ്ങളും അവരെ ആകർഷിച്ചു. മാത്രവുമല്ല ഗൗതമബുദ്ധന്റെ ഒരു പ്രവചനത്തിൽ 'മത്തിയാ' എന്നൊരു അവതാരപുരുഷനെ കുറിച്ചുള്ള സൂചനകളുണ്ടായിരുന്നതും ആ ബുദ്ധമത സന്യാസികൾക്ക് യേശുവിനെ സ്വീകരിക്കാൻ പ്രേരണ നല്കി. മത്തിയാ-മൈത്രെയാ-മസീഹാ അഥവാ മസീഹ് എന്നായിരുന്നു ഗൗതമബുദ്ധന്റെ പ്രവചനം. ഈ പ്രവചനവും മറ്റു തെളിവുകളും കാരണം ബുദ്ധമത പുരോഹിതന്മാർ യേശുവിനെ ബുദ്ധനായി സ്വീകരിക്കുകയാണുണ്ടായത്. ശ്രീബുദ്ധന്റെ ചില സ്ഥാനപ്പേരുകളും ധർമ്മോപദേശങ്ങളും യേശുവിന്റെ ജീവിതത്തിന്റെ ചില വസ്തുതകളും അറിഞ്ഞോ അറിയാതെയോ അക്കാലത്ത് ബുദ്ധനിൽ ആരോപിക്കപ്പെട്ടിരുന്നിരിക്കാം. ഇന്ത്യയിലെ ഹിന്ദുക്കളാകട്ടെ, ചരിത്രം രേഖപ്പെടുത്തുന്ന വിഷയത്തിൽ ഒരിക്കലും തങ്ങളുടെ നൈപുണ്യം തെളിയിച്ചിട്ടുമില്ല. ബുദ്ധന്റെ ജീവിതത്തിലെ സംഭവങ്ങളൊന്നും യേശുവിന്റെ കാലം വരെയും രേഖപ്പെടുത്തപ്പെട്ടുമിരുന്നില്ല. അതുകൊണ്ട് തങ്ങൾ ആഗ്രഹിച്ചതെന്തും ബുദ്ധനിൽ ആരോപിക്കാൻ ബുദ്ധമത പുരോഹിതന്മാർക്ക് നന്നേ അവസരം ലഭിച്ചു. അങ്ങിനെ ബുദ്ധമതാനുയായികൾ സുവിശേഷങ്ങളിലെ എല്ലാ സംഭവങ്ങളെയും തങ്ങളുടെ ഗ്രന്ഥങ്ങളിൽ വീണ്ടും ഉൾപ്പെടുത്തിയതായിരിക്കണമെന്നു കരുതുന്നതിൽ തെറ്റുമില്ല. അത്തരം എല്ലാ സാദൃശ്യ രൂപങ്ങളും യേശു ഇന്ത്യയിലേക്ക് സഞ്ചരിച്ചിരുന്നുവെന്ന പരമാർത്ഥത്തിൽനിന്നാണ് ഉടലെടുത്തിരിക്കുന്നത്. ഒരു ദീർഘകാലം അദ്ദേഹം ബുദ്ധമതാനുയായികൾക്കിടയിൽ ജീവിച്ചുവെന്നത് അവർക്കു വലിയ ഭാഗ്യത്തിനു കാരണവുമായി.

ബുദ്ധന്റെ തത്വങ്ങളാൽ യേശു പ്രഭാവിതനായിരിക്കാമെന്ന വാദഗതിയെ ചില പാശ്ചാത്യർ അംഗീകരിക്കാൻ തയ്യാറായെങ്കിലും ക്രിസ്തുവിന്റെ കാലത്ത് ബുദ്ധമതം ഫലസ്തീനിൽ അറിയപ്പെടാനിടയായ ചരിത്രപരമായ മാർഗ്ഗം കണ്ടുപിടിക്കുക ദുഷ്കരമാണെന്ന് അവർ തന്നെ അഭിപ്രായപ്പെട്ടു. അവർക്കുള്ള വിശദീകരണം ഹദ്റത്ത അഹ്മദ് (അ)തന്നെ നല്കിയിട്ടുണ്ട്. അദ്ദേഹം പറയുന്നു: ''യേശുവിന്റെ കാലത്ത് ബുദ്ധമത തത്വങ്ങൾ ഫലസ്തീനിൽ എത്തിയെന്ന് എങ്ങിനെയെങ്കിലും തെളിയിക്കാൻ ശ്രമിക്കുന്ന യൂറോപ്യൻ ഗവേഷകരുടെ ചിന്താരീതിയെ ഞാൻ അംഗീകരിക്കുന്നില്ല. പൗരാണിക ബുദ്ധമത ഗ്രന്ഥങ്ങളിൽ യേശുവിന്റെ പേരും പരാമർശവും കണ്ടപ്പോൾ ഈ ഗവേഷകർ ഫലസ്തീനിൽ ബുദ്ധമത തത്വങ്ങളുടെ അടയാളം തെരയുക എന്ന തലതിരിഞ്ഞ മാർഗ്ഗമാണ് അവലംബിച്ചത്. ഇതേ സമയം നേപ്പാളിലെയും തിബത്തിലെയും കശ്മീരിലെയും മലഞ്ചെരുവുകളിൽ പതിഞ്ഞ യേശുവിന്റെ അനുഗ്രഹീത പാദമുദ്രകൾ കണ്ടുപിടിക്കാൻ അവർ ഒരു ശ്രമവും നടത്തിയതുമില്ല. ഇരുളിന്റെ ഒരായിരം തിരശ്ശീലകളിൽ തമസ്കരിക്കപ്പെട്ടു കിടക്കുന്ന ആ ഒരു സത്യത്തെ ഇനി നേർമാർഗ്ഗത്തിൽ ചിന്തിച്ചാലല്ലാതെ കണ്ടെത്താൻ കഴിയുകയുമില്ല.

യേശുക്രിസ്തു കിഴക്കൻ ദിക്കിലേക്ക് പ്രയാണം ചെയ്തപ്പോൾ അദ്ദേഹത്തിനു വലിയ ബഹുമതിയും അംഗീകാരവും ലഭിച്ചു. അന്ന് ജനങ്ങൾ കൂട്ടംകൂട്ടമായി അദ്ദേഹത്തിൽ വിശ്വസിക്കുകയുണ്ടായി. അവരിലധികവും മുമ്പ് കുടിയേറിപ്പാർത്തിരുന്ന, ബുദ്ധമതം സ്വീകരിച്ച ഇസ്രായീല്യർ ആയിരുന്നു. അവരൊക്കെ മൈത്രയോ അഥവാ മസീഹ് വെളിപ്പെടുമെന്ന ബുദ്ധന്റെ പ്രവചനം യേശുവിന്റെ വരവോടെ സാക്ഷാത്കരിക്കപ്പെട്ടതായി കരുതിയതിൽ അത്ഭുതപ്പെടാനില്ല. അങ്ങിനെ സ്വന്തം രാജ്യത്തിനപ്പുറം താൻ ബഹുമാനിക്കപ്പെടുമെന്ന യേശുവിന്റെ പ്രവചനം പുലരുകയും ചെയ്തു. പാലി ഭാഷയിൽ യേശുവിന്റെ പേര് കൊത്തിയ നാണയം പഞ്ചാബിൽ നിന്നും കണ്ടെടുത്തിട്ടുണ്ട്. ആ നാണയത്തിന് യേശുവിന്റെ കാലത്തോളം തന്നെ പഴക്കം ഉണ്ടായിരുന്നു. യേശുവിൽ വിശ്വസിച്ച ഒരു രാജാവ് നടപ്പാക്കിയതായിരിക്കാവുന്ന ഈ നാണയത്തിന് പുറമെ, യേശുവിന്റേതെന്നു തോന്നുന്ന ഒരു ഇസ്രായീല്യന്റെ രൂപം കൊത്തിയ മറ്റൊരു നാണയവും കണ്ടെടുക്കപ്പെട്ടിട്ടുണ്ട്. ഇതൊക്കെ 'ഞാൻ എവിടെയായിരുന്നാലും ദൈവത്താൽ അനുഗ്രഹീതനായിരിക്കുന്നു' എന്ന് ഈസാ നബി(അ) പറഞ്ഞതായി ഖുർആൻ പ്രസ്താവിച്ച സത്യത്തെയാണ് തെളിയിക്കുന്നതെന്നും ഹദ്റത്ത് അഹ്മദ് (അ) ഈ ഗ്രന്ഥത്തിലൂടെ സിദ്ധാന്തിച്ചിട്ടുണ്ട്.

വാഗ്ദത്ത മസീഹ് കുരിശു സിദ്ധാന്തത്തെ തകർക്കുമെന്ന പ്രവചനത്തെ പരാമർശിച്ച് അദ്ദേഹം ഇപ്രകാരം പറയുന്നു:

"വാഗ്ദത്ത മസീഹ് വെളിപ്പെടുന്ന കാലം വരെ കുരിശുമതം തളരുകയോ അതിന്റെ പുരോഗതി തടയപ്പെടുകയോ ഇല്ല എന്ന് തിരുനബി (സ) തന്നെ പ്രവചിച്ചിട്ടുണ്ട്. വാഗ്ദത്ത മസീഹിനാലാണ് കുരിശു സിദ്ധാന്തം തകർക്കപ്പെടേണ്ടത്. വാഗ്ദത്ത മസീഹിന്റെ കാലത്ത് കുരിശു സംഭവത്തിന്റെ യാഥാർത്ഥ്യം

തുറന്നു കിടക്കുമാറാകുന്ന പരിതസ്ഥിതി ദൈവം സംജാതമാക്കുമെന്നാണ് പ്രവചനത്തിന്റെ സൂചന. പിന്നെ അന്ത്യം വന്നെത്തും. അതോടെ കുരിശുമതത്തിന്റെ കാലയളവ് പൂർത്തിയാകും. എന്നാലത് വാളിലൂടെയോ യുദ്ധത്തിലൂടെയോ അല്ല. ന്യായവാദത്തിന്റെയും പുതിയ കണ്ടെത്തലുകളുടെയും രൂപത്തിൽ ലോകത്ത് വെളിപ്പെടുന്ന സ്വർഗ്ഗീയ സഹയോപാധികളിലൂടെ തന്നെയാവും. ബുഖാരിയിലും മറ്റും രേഖപ്പെടുത്തിയ ഹദീസിന്റെ താല്പര്യവും ഇതു തന്നെയാണ്. എന്നാൽ വാഗ്ദത്ത മസീഹ് വെളിപ്പെടുന്ന കാലം വരെ ഈ ന്യായവാദങ്ങളും ദൈവം വെളിപ്പെടുത്താതിരിക്കേണ്ടതുണ്ടായിരുന്നു. അങ്ങിനെ അക്കാലം വന്നെത്തിയിരിക്കുകയാണ്. വാഗ്ദത്ത മസീഹിന്റെ കാലം മുതൽക്കങ്ങോട്ട് ജ്ഞാനദൃഷ്ടികൾ തുറക്കപ്പെടുകയും ഈ പ്രശ്നത്തെക്കുറിച്ച് ചിന്തകന്മാരെല്ലാം ആലോചിച്ചു തുടങ്ങുകയും ചെയ്യും. എന്തെന്നാൽ ദൈവത്തിന്റെ മസീഹ് വെളിപ്പെട്ടിരിക്കുന്നു. ഇത് ബുദ്ധിക്ക് വേണ്ടത്ര കൂർമ്മത കൂട്ടേണ്ട സമയമാണ്, ഹൃദയങ്ങൾ ശ്രദ്ധാബദ്ധങ്ങളാകേണ്ട കാലവും. തൂലിക സോയുക്തമായി ചലിക്കേണ്ടിയുമിരിക്കുന്നു. സകലരും ബദ്ധശ്രദ്ധരായി പ്രവർത്തിക്കേണ്ട സമയമാണിത്. എന്തെന്നാൽ വെളിച്ചം ഭൂമിയെയും പ്രോജ്ജ്വലമാക്കാൻ പോവുകയാണ്. ഈ പ്രകാശത്തിൽ ഭാഗഭാക്കാവുന്നവരത്രെ അനുഗ്രഹീതരും ഭാഗ്യവാന്മാരും."

കുരിശു സംഭവത്തിനുശേഷം യേശു നടത്തിയ യാത്രകളെ സംബന്ധിച്ച വിവരങ്ങളെല്ലാം ലോകമെങ്ങും മൂടിവയ്ക്കപ്പെടുകയാണുണ്ടായത്. ലോകത്തിലെ മൂന്നു പ്രധാന മതങ്ങൾക്കും ഇതാവശ്യമായിത്തീർന്നിരിക്കുന്നു. യേശുവിനെ ഒരു കള്ളവാദിയും ശപ്തനുമായിക്കാണിക്കുവാൻ ക്രിസ്തു കുരിശിൽ മരിച്ചുവെന്ന് വരുത്തേണ്ടത് ജൂതന്മാരുടെ ആവശ്യമാണ്. മനുഷ്യവംശത്തിന്റെ പാപ പരിഹാരത്തിന്നായി യേശു കുരിശിൽ മരിച്ചുവെന്ന വിശ്വാസം സ്വീകരിച്ചു കഴിഞ്ഞ ക്രിസ്ത്യാനികൾക്കാകട്ടെ കശ്മീരിലെ യേശുവിന്റെ ഖബ്ർ സംബന്ധമായ ഈ തെളിവുകൾ സ്വീകാര്യമല്ലെന്നു മാത്രമല്ല, അവ നശിപ്പിക്കേണ്ടതുമായിരുന്നു.

ഇനി സോയുക്തമായ ചിന്താധാരയുടെ അഭാവത്തിൽ വഴിപിഴപ്പിക്കപ്പെട്ട മുസ്‌ലിംകളാകട്ടെ, ഈസാ നബി(അ) ക്രൂശാരോഹണത്തിന് ഇരയാകാതെ ആകാശത്തേക്കുയർന്നുപോയെന്ന വിശ്വാസം കൈക്കൊള്ളേണ്ടിയിരുന്നതിനാൽ വേണ്ടവിധം ശ്രദ്ധിച്ചതുമില്ല. തെളിവുകൾ കണ്ടെത്താനോ തെറ്റായ വിശ്വാസങ്ങളെ തിരുത്താനോ മുസ്‌ലിം ലോകം തയ്യാറില്ല എന്നത് നിർഭാഗ്യകരമോ ദൈവനിശ്ചയമോ എന്നു ചിന്തിക്കേണ്ടിയിരിക്കുന്നു.

ശ്രീനഗറിലെ ഖബ്ർ യേശുവിന്റേതു തന്നെയെന്ന് ഇന്നിപ്പോൾ തെളിഞ്ഞുകഴിഞ്ഞിരിക്കുന്നു. ഖബ്ർ തുറന്നു നോക്കാനൊരുങ്ങുന്ന പക്ഷം പുരാതന യഹൂദ പാരമ്പര്യമനുസരിച്ച് ശിലാകുടീരത്തിൽ നിന്നും സ്മാരകഫലകങ്ങളോ ഏതെങ്കിലും ലിഖിതങ്ങളോ ലഭിക്കാതിരിക്കില്ല എന്ന് ഹദ്റത്ത് അഹ്മദ് (അ) തന്റെ 'അൽഹുദാ' എന്ന ലഘുകൃതിയിൽ പ്രസ്താവിച്ചിട്ടുണ്ട്. ഒരു പടി മേലെ ഈജിപ്ഷ്യൻ മമ്മികളെ അനുസ്മരിപ്പിക്കുംവിധം ഔഷധ ലേപനത്തിലൂടെ സംരക്ഷിക്കപ്പെട്ട് ഇന്നും സ്വശരീരത്തോടുകൂടിത്തന്നെ യേശു ഖബ്റിൽ കാണപ്പെടാനും സാധ്യതയില്ലാതില്ല. കാരണം, യുക്തിബോധമുണ്ടെന്നു ധരിക്കുന്ന ബുദ്ധിരാക്ഷസന്മാർ അരങ്ങുവാഴുന്ന ഈ ആധുനിക കാലത്ത് സുവ്യക്തവും ദൈവികവുമായ ഒരുറച്ച തെളിവ് അനിവാര്യമാണല്ലോ.

യേശുവിന്റെ ഖബ്റിനെ കുറിച്ചുള്ള കണ്ടുപിടുത്തം മുഖേന, വാഗ്ദത്ത മസീഹ് അഹ്മദുൽ ഖാദിയാനി (അ), കുരിശു വാദത്തെ തകർത്തിരിക്കുകയാണ്. ലോക ക്രൈസ്തവ നേതൃത്വം ഈ മാർമ്മികപ്രശ്നത്തിൽ നിശബ്ദരും നിരുദ്ധകണ്ഠരും ആയിരിക്കുന്നുവെന്ന വസ്തുത തന്നെ ഇതിലേക്കുള്ള തെളിവാകുന്നു. പല പ്രശസ്ത ക്രൈസ്തവ നേതാക്കളും ഈ ഖബ്ർ രഹസ്യമായും, ചിലപ്പോൾ പരസ്യമായും സന്ദർശിച്ചിട്ടുണ്ട്. റവ: എച്ച്.ഏ.വാൾട്ടർ എന്ന പ്രശസ്ത പാശ്ചാത്യ മതപണ്ഡിതൻ 1913-ൽ ഇവിടം സന്ദർശിക്കുകയും ഇത് 'യൂസ് ആസഫ്' എന്ന പേരിലറിയപ്പെടുന്ന ഒരു പ്രവാചകന്റെ ഖബ്ർ തന്നെയാണെന്നു സാക്ഷ്യപ്പെടുത്തുകയും ചെയ്തിരുന്നു. മറ്റൊരു പ്രാമാണികനും ബ്രിട്ടിഷ് ഇന്ത്യയിലെ വൈസ്രോയിയുമായിരുന്ന ഇർവിൻ പ്രഭുവും ഈ വിഷയം സാക്ഷീകരിച്ചിട്ടുണ്ട്.

ലോക വിശ്രുത ക്രൈസ്തവ മിഷണറിയായിരുന്ന ഡോക്ടർ സ്യൂമർ 'അസ്സിർറുൽ അജീബ് ഫീ ഫഖ്റിസ്സലീബ്' എന്ന തന്റെ അറബി ഗ്രന്ഥത്തിൽ പറയുന്നതാണ് ഈ വിഷയത്തിലെ അവസാന വാചകമായി ലോകം കാണുന്നത്.

"അഹ്മദിയ്യാ ജമാഅത്ത് തങ്ങളുടെ സംഘടിത തബ്‌ലീഗ് പ്രവർത്തനം മുഖേന മുസ്‌ലിം ലോകത്തെങ്ങും ഈ പുതിയ സിദ്ധാന്തത്തെ പ്രചരിപ്പിക്കുന്നു. നമ്മുടെ ഈ കുരിശുമരണ വിശ്വാസം അസത്യമാണെങ്കിൽ ക്രിസ്തുമതം മുഴുവനും അസത്യം തന്നെ."

അതെ, തുടർന്നുവരുന്ന ഇന്നത്തെ ക്രിസ്തീയ വിശ്വാസം അസത്യമാണെങ്കിൽ ഭാവിലോകം അതു വിലയിരുത്തുമെന്നതിൽ സംശയമേ വേണ്ട. കാരണം, അത് സർവ്വ ശക്തനായ അല്ലാഹുവിന്റെ ഉറച്ച തീരുമാനമാണ്. ആ തീരുമാനംഇന്ന് അഹ്മദിയ്യാ ജമാഅത്ത് തങ്ങളുടെ പ്രവർത്തനങ്ങളിലൂടെ മുഴുലോകത്തും നടപ്പാക്കിക്കൊണ്ടിരിക്കുകയും ചെയ്യുന്നു. ●

ലേഖനം

ഗൗഹർ

# ഇസ്‌ലാം യുദ്ധത്തിന്റെ മതമോ?

ആഗോളമായി തീവ്രവാദം ചർച്ച ചെയ്യപ്പെടുമ്പോൾ ഏറ്റവും കൂടുതലായി ഇന്നു കേൾക്കുന്നത് ഇസ്‌ലാമിക തീവ്രവാദം എന്ന പദമാണ്. സമാധാനത്തിന്റെ ദൂതുമായി മാനവസമൂഹത്തിനു വേണ്ടി നബി തിരുമേനി(സ) കൊണ്ടുവന്ന വിശുദ്ധഗ്രന്ഥമുള്ള മുസ്‌ലിം സമുദായത്തെ തീവ്രവാദത്തിന്റെ വക്താക്കളായി മുദ്രകുത്തുന്നു എന്നതാണ് ഏറെ ഖേദകരം. അതുകൊണ്ടുതന്നെ ലോകം മുഴുവനും ഇന്ന് ഇസ്‌ലാമിനെ ആക്രമണോത്സുകത നിറഞ്ഞുനിൽക്കുന്ന ഭീകരമതമായാണ് നോക്കിക്കാണുന്നത്. ഇതര മതത്തിന്റെ ആളുകളും ഭീകരപ്രവർത്തനത്തിൽ ഏർപ്പെടുന്നുണ്ടെങ്കിലും അവയൊന്നും ഭീകരതയായി കാണാൻ ലോകം തയ്യാറല്ല. ഫലസ്തീനിൽ വർഷങ്ങളായി ജൂതഭീകരത കൊടികുത്തി വാഴുന്നു. പക്ഷേ അത് ജൂതമത ഭീകരതയായി ചിത്രീകരിക്കപ്പെടുന്നില്ല. അമേരിക്കൻ നേതൃത്വത്തിലുള്ള ക്രിസ്തീയ പാശ്ചാത്യ സഖ്യം ഇറാഖിലും അഫ്ഘാനിസ്ഥാനിലും അതു പോലെ മറ്റു പല സ്ഥലങ്ങളിലും നടത്തിയ നരനായാട്ടും ഭീകരതതന്നെയാണ്. എന്നാൽ അതിനെ ക്രിസ്തുമത ഭീകരപ്രവർത്തനമായി ആരും തന്നെ കാണുന്നില്ല. എന്നാൽ എന്തുകൊണ്ട് ഇസ്‌ലാമിനെ മാത്രം ഭീകര മതമായി ചിത്രീകരിക്കുന്നു? കാരണം സുവ്യക്തമാണ്. ഇസ്‌ലാം മതത്തിന്റെ അനുയായികളെന്ന് അവകാശപ്പെടുന്നവർ സ്വയം ഇസ്‌ലാം എന്തെന്ന് മനസ്സിലാക്കാതെ, അതിനെ തെറ്റായ രീതിയിൽ വ്യാഖ്യാനിച്ചുകൊണ്ട് പ്രവർത്തിക്കുന്നതാണ് ഇതിനുള്ള കാരണമെന്ന് ലോകത്തിലെ ഇപ്പോഴത്തെ ഗതിവിഗതികൾ അപഗ്രഥനം ചെയ്യുമ്പോൾ മനസ്സിലാകുന്നതാണ്. ഇസ്‌ലാമിനെ തകർക്കാൻ ശ്രമിക്കുന്നവരുടെ ഗൂഢ ശ്രമങ്ങളും ഇതിനു കാരണമായാട്ടുണ്ട്.

തീവ്രവാദവും ഭീകരപ്രവർത്തനങ്ങളും ഇസ്‌ലാമിന്റെ മാർഗ്ഗമല്ല. ഇസ്‌ലാമിന് അവ അപരിചിതവും അജ്ഞാതവുമാണ്. സമാധാനത്തിന്റെ, ശാന്തിയുടെ മാർഗ്ഗമാണ് ഇസ്‌ലാം പ്രഘോഷിച്ചത്. ഹൃദയപരിവർത്തനത്തിലൂടെ ലോകം കീഴടക്കാനാണ് ഇസ്‌ലാം ലക്ഷ്യമിട്ടത്. സന്മാർഗ്ഗത്തിലൂടെയും സത്യപാതയിലൂടെയും ദൈവത്തെ കണ്ടെത്താൻ പരിശ്രമിച്ച ലക്ഷോപലക്ഷം ജനങ്ങളെ അതാകർഷിച്ചു. അതിന്റെ കൊടിക്കീഴിൽ ജനകോടികൾ അണിനിരന്നു. വാളിന് ഒരിക്കലും തന്നെ ജനമനസ്സിനെ കീഴ്പ്പെടുത്താനാവില്ല എന്നതാണ് ചരിത്രം.

പ്രവാചക കുലോത്തമനായ ഹദ്റത്ത് മുഹമ്മദ് നബി(സ) തിരുമേനിയുടെ ജീവിതത്തിലൂടെ ഒരെത്തിനോട്ടം നടത്തിയാൽതന്നെ ആ മഹനീയ ജീവിതം ഏകദൈവ വിശ്വാസത്തിന്റെയും മനുഷ്യ സ്നേഹത്തിന്റെയും പ്രഭാപൂരമായിരുന്നുവെന്നും സകല തലമുറകൾക്കും അത് മാർഗ്ഗദീപവുമാണെന്നും കണ്ടെത്താനാവും. ഇസ്ലാമിനെ അതിന്റെ തനിമയിൽ ഗ്രഹിക്കണമെങ്കിൽ ആ മഹാനുഭാവന്റെ ജീവിത സന്ദേശത്തിന്റെ സാരസത്ത അറിയേണ്ടതുണ്ട്.

ഇസ്‌ലാമിനെ ഭീകരമതമായി ചിത്രീകരിക്കുന്നവർ അതിന് ഉപോൽബലകമായി ചൂണ്ടിക്കാണിക്കുന്നത് ആദ്യകാല ഇസ്‌ലാമിക ചരിത്രത്തിലെ യുദ്ധങ്ങളാണ്. പ്രസ്തുത യുദ്ധങ്ങളിലൂടെ ആയുധത്തിന്റെ പിൻബലത്താലാണ് ഇസ്‌ലാമിനെ പ്രചരിപ്പിച്ചത് എന്നവർ വാദിക്കുന്നു. അവിശ്വാസികളെ ഇസ്‌ലാംമത വിശ്വാസികളാക്കി മാറ്റുന്നതുവരെ യുദ്ധം ചെയ്തിരുന്നുവെന്നും അല്ലെങ്കിൽ അവരെ വധിക്കുകയുമാണ് ചെയ്തിരുന്നത് എന്നുമാണ് ഇക്കൂട്ടർ പ്രചരിപ്പിക്കുന്നത്. അതുപോലെ ഇസ്‌ലാമിന്നകത്ത്നിന്നുള്ളവരുടെയും ചെയ്തികൾ ഇസ്‌ലാമിന്നെതിരെ ഇത്തരത്തിലുള്ള അഭിപ്രായങ്ങൾ രൂപപ്പെട്ടുവരാൻ കാരണമായിട്ടുണ്ട്. നബി തിരുമേനിയും അനുയായികളും അവിശ്വാസികൾക്കെതിരെ യുദ്ധം ചെയ്തിരുന്നുവെന്നും അതുകൊണ്ട് ഇസ്‌ലാംമത പ്രചാരണത്തിന്നായി ആ മാർഗ്ഗംതന്നെ ഇന്നും ഉപയോഗിക്കാമെന്നും നാമമാത്രമെങ്കിലും ചില മുസ്‌ലിംകൾ വാദിക്കുന്നുണ്ട്. അതിനുവേണ്ടി ജിഹാദ് എന്ന പദത്തെ ദുർവ്യാഖ്യാനം ചെയ്തും ഇസ് ലാം നടത്തിയ യുദ്ധങ്ങളുടെ യഥാർത്ഥ ചരിത്ര പശ്ചാത്തലം മറച്ചുപിടിച്ചുകൊണ്ടുമാണ് ഇവർ പ്രവർത്തിക്കുന്നത്. പക്ഷെ വസ്തുത ഇതൊന്നുമല്ല.

എന്തായിരുന്നു ഇസ്‌ലാം നടത്തിയ യുദ്ധങ്ങളുടെ പശ്ചാത്തലം. യാഥാർത്ഥ്യ ബോധത്തോടെയുള്ള ചരിത്ര പഠനത്തിലൂടെ അത് നമുക്ക് മനസ്സിലാക്കാവുന്നതാണ്. പ്രവാചകത്വവാദത്തിനുശേഷം അദ്ദേഹം നേരിടേണ്ടിവന്ന എതിർപ്പുകൾക്ക് ചരിത്രത്തിൽ സമാനതകളില്ല. മക്കൻ തെരുവുകളിൽ ആ മഹാത്മാവും അനുയായികളും നേരിടേണ്ടിവന്ന പീഢനങ്ങൾ സഹിക്കാവുന്നതിലും അപ്പുറമായിരുന്നു. എന്നിട്ടുപോലും

ആ മഹാനുഭാവൻ അതിന്നെതിരായി പ്രതിക്രിയകൾ ചെയ്തില്ല. എല്ലാം അല്ലാഹുവിൽ മാത്രം ഭരമേല്പിച്ച് ദിവസങ്ങൾ തള്ളിനീക്കുകയാണ് ചെയ്തത്. ഇതെല്ലാം ചരിത്രത്തിൽ എഴുതപ്പെട്ട സത്യങ്ങളാണ്.

ഏകദൈവ സിദ്ധാന്തത്തെ പ്രഘോഷിക്കുന്നതിനായി അദ്ദേഹം നടത്തിയ ത്വായിഫ് യാത്ര എപ്രകാരമായിരുന്നു? സ്വന്തം നാട്ടുകാരാൽ കൈയൊഴിക്കപ്പെടുകയും പുറന്തള്ളപ്പെടുകയും ചെയ്തപ്പോൾ ദൈവം തന്നിലർപ്പിച്ച കർത്തവ്യ നിർവ്വഹണാർത്ഥമാണ് മക്കക്കാരുമായി കുലബന്ധം പുലർത്തിയിരുന്ന, മക്കയിൽനിന്ന് 60 നാഴിക കിഴക്കുള്ള, ബിംബാരാധനയുടേയും ബഹുദൈവാരാധനയുടേയും ഈറ്റില്ലമായ ത്വായിഫിലേക്ക് പുറപ്പെട്ടത്. അവർ തിരുനബിയുടെ വാക്കുകൾ ചെവിക്കൊണ്ടില്ല എന്നുമാത്രമല്ല, മർദ്ദനങ്ങൾക്കും ക്രൂരതകൾക്കും തങ്ങൾ മക്കക്കാരേക്കാൾ ഒട്ടും പിന്നിലല്ല എന്നു തെളിയിക്കുകയാണുണ്ടായത്. ത്വായിഫിലെ തെരുവോരങ്ങളിൽ തെരുവുപിള്ളേരെ ഇറക്കിയും കല്ലെറിഞ്ഞും അദ്ദേഹത്തെ ആട്ടിയോടിച്ചു. കല്ലുകൊണ്ട് തിരുനബിയുടെ ദേഹത്തിൽനിന്ന് രക്തം വാർന്നൊഴുകി. അദ്ദേഹത്തിന്റെ കൂടെ സയ്ദ്(റ) മാത്രമാണുണ്ടായിരുന്നത്. അദ്ദേഹത്തിനും പരിക്കേറ്റു. യാതൊരു രക്ഷാസങ്കേതവുമില്ലാതെ അവർ രണ്ടുപേരും ത്വായിഫിൽനിന്നും നാഴികകളോളം ഓടി. അദ്ദേഹത്തിന് സഹിക്കാനാവാത്ത സങ്കടം തോന്നി. ഈ അവസരത്തിലാണ് ഈ മർദ്ദകരേയും ദ്രോഹികളേയും ഈ നിമിഷം നശിപ്പിച്ചുകളയട്ടെയോ എന്നു ഒരു മാലാഖ പ്രത്യക്ഷപ്പെട്ട് നബിയോട് ആരായുന്നത്. അപ്പോൾ നബി(സ) തിരുമേനി ഒട്ടും അമാന്തിക്കാതെ നല്കിയ മറുപടി ഏവരേയും ചിന്തിപ്പിക്കുന്നതാണ്. ലോകത്ത് ഒരു മർദ്ദിതന്റേയും വായിൽനിന്നും വരാത്ത മറുപടിയാണ് അദ്ദേഹം പറഞ്ഞത്. "അരുത്, ഈ മർദ്ദകരിൽനിന്നുതന്നെയാണ് ഏകനായ സത്യദൈവത്തിന്റെ ആരാധകരും പിറക്കേണ്ടത്" എന്ന് അദ്ദേഹം മറുപടി നല്കി.

ഹിജ്റത്തിനുശേഷം വിജയശ്രീലാളിതനായി തിരുനബി(സ) മക്കയിലേക്ക് തിരിച്ചുവന്ന സന്ദർഭവും വ്യത്യസ്തമല്ല. സകല അധികാരങ്ങളും തന്റെ കൈപിടിയിലായപ്പോഴും, തന്നെ പീഡിപ്പിച്ച ജനതയെ അദ്ദേഹത്തിന് പാഠം പഠിപ്പിക്കാമായിരുന്നു. ഭൗതികലോകത്തെ ഭരണകർത്താക്കൾ വിജയം ആഘോഷിക്കുന്നത് സ്വത്തുക്കൾ കൊള്ള ചെയ്തും സാധുജനങ്ങളെ വകവരുത്തിയുമൊക്കെയാണ്. അഫ്ഘാനിസ്ഥാനിലും ഇറാക്കിലുമൊക്കെ നടന്ന സംഭവങ്ങൾ ഇതുതന്നെയാണ് ഓർമ്മിപ്പിക്കുന്നത്. എന്നാൽ, നബി(സ) തിരുമേനി ചെയ്തത് ആ ജനതയ്ക്ക് പൊതുമാപ്പ് നല്കുകയാണ്. അതിൽ തന്റെ പ്രിയപുത്രി, ഗർഭിണിയായ സൈനബയുടെ ദാരുണമായ കൊലപാതകത്തിന് കാരണക്കാരനായ ഹബ്ബാറും, തന്റെ പിതൃവ്യനായ ഹംസയുടെ കരൾ ചവച്ചുതുപ്പിയ ഹിന്ദും അബൂജഹലിന്റെ മകനായ ഹിക്രിമയുമൊക്കെയുണ്ടായിരുന്നു.

ഇവിടെ നാം ഓർക്കേണ്ട മറ്റൊരു കാര്യമുണ്ട്. ഇസ്‌ലാമിക ശിക്ഷാസമ്പ്രദായത്തേയും ലോകം ഇകഴ്ത്തികാണിക്കുന്നു എന്നതാണത്. ഇസ്‌ലാം കണ്ണിനു കണ്ണ്, പല്ലിനു പല്ല് എന്ന തത്ത്വത്തിലധിഷ്ഠിതമാണ് എന്ന പ്രചാരണവുമുണ്ട്(42:41).

തിന്മയ്ക്കുള്ള പ്രതിഫലം തത്തുല്യമായ തിന്മയാണ് എന്ന ഖുർആനിക തത്ത്വമനുസരിച്ച് അതേ നാണയത്തിൽ ശിക്ഷ വിധിക്കാവുന്നതാണ്. എന്നാൽ, ഈ ഖുർആനിക വാകൃത്തിന്റെ പിറകേവരുന്ന വാക്യം കൂടി നാം ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. ഖുർആൻ പറയുന്നു.

"എന്നാൽ, വല്ലവനും മാപ്പ് ചെയ്യുകയും അതുമുഖേന നന്മ വരുത്തുകയും ചെയ്യുന്നതായാൽ അവന്റെ പ്രതിഫലം അല്ലാഹുവിന്റെയടുക്കലാണ്. തീർച്ചയായും അവൻ അക്രമകാരികളെ ഇഷ്ടപ്പെടുന്നില്ല" (42:41).

ഇവിടെ നാം ഓർക്കേണ്ടത് കണ്ണിന് കണ്ണ്, പല്ലിനു പല്ല് എന്ന തത്ത്വം ഇസ്റായീല്യർക്കിടയിൽ പ്രഥമിക നീതി നടപ്പാക്കാൻ മോശെ മുഖാന്തിരം നടപ്പിലാക്കപ്പെട്ട ഒരു ശിക്ഷാ സമ്പ്രദായമാണ് എന്നാണ്. ഇതിനെക്കുറിച്ച് വിശുദ്ധഖുർആൻ സൂറഃനിസായിലെ 45,46 വാക്യങ്ങളിൽ വ്യക്തമായി പ്രതിപാദിക്കുന്നുണ്ട്. തൗറാത്ത് അങ്ങേയറ്റത്തെ പ്രതിക്രിയാ നടപടിയെക്കുറിച്ച് നിഷ്കർഷിക്കുമ്പോൾ ഇഞ്ചീൽ (ബൈബിൾ) സർവ്വഥാ ക്ഷമയും സഹനവും കൈക്കൊള്ളാൻ ഉദ്ബോധിപ്പിക്കുന്നു. ഇത് രണ്ടും രണ്ട് ധ്രുവങ്ങളിൽ നില്ക്കുന്നു. എല്ലാ കാലത്തും ഏതൊരു അപരാധത്തിനും ശിക്ഷ കൊടുക്കുന്നത് സന്ദർഭോചിതമായ സ്വഭാവരൂപീകരണത്തിനും ധർമ്മവളർച്ചയ്ക്കും അനുയോജ്യമല്ലെന്നതുപോലെതന്നെ എല്ലായ്പ്പോഴും തെറ്റുകൾ മാപ്പാക്കപ്പെടുന്നതും മനുഷ്യന്റെ ഉത്ക്കൃഷ്ടമായ സ്വഭാവസംസ്കരണത്തിന് അനുകൂലമല്ല. എന്നാൽ, ഇത് രണ്ടും കൂടി കലർന്നുള്ള ഒരു ശിക്ഷാവിധിയാണ് ഇസ്‌ലാം മുന്നോട്ടുവയ്ക്കുന്നത്. അതായത്, അതിക്രമത്തിനുള്ള പ്രതിക്രിയ തത്തുല്യമായ ശിക്ഷ തന്നെയാണെന്നും, മാപ്പ് കൊടുക്കുകയും തദ്വാര നന്മ വളരുകയും ചെയ്യുന്നുവെങ്കിൽ അതൊരു സദ്വൃത്തിയാണെന്നും ഖുർആൻ ഘോഷിക്കുന്നു.

ഇസ്‌ലാമിനെ യുദ്ധത്തിന്റെ മതമെന്നും നബിതിരുമേനി(സ)യെ വാളിന്റെ പ്രവാചകനെന്നും ആക്ഷേപകർ പറയുന്നു. തിരുനബി(സ) ഒട്ടേറെ യുദ്ധങ്ങൾ നടത്തിയിട്ടുണ്ട് എന്നത് സത്യമാണ്. എന്നാൽ, ആ യുദ്ധങ്ങളുടെ സന്ദർഭവും സാഹചര്യവും ഇവരൊക്കെ വിസ്മരിക്കുന്നു. സ്വന്തം രാജ്യത്തുനിന്നുകൊണ്ട് ആ രാജ്യത്തിന്നെതിരായി യാതൊരു യുദ്ധവും മുസ്‌ലിംകൾ ചെയ്തിട്ടില്ല. മാതൃരാജ്യത്ത് ജീവിക്കാൻ ദൈവ

മേല്പിച്ച ദൗത്യം പൂർത്തീകരിക്കാൻ സാധിക്കാതെ വന്നപ്പോൾ സ്വന്തം നാടിന്നെതിരെ വിധ്വംസകപ്രവർത്തനങ്ങൾ ചെയ്യുകയല്ല അദ്ദേഹം സ്വീകരിച്ച മാർഗ്ഗം. മാതൃരാജ്യത്തെ ഹൃദയവേദനയോടെ അദ്ദേഹം കൈയൊഴിയുകയാണ് ചെയ്തത്. ഹൃദയം പിളരുന്ന വേദനയോടെ മക്കാനഗരിയുടെ നേരെ മുഖം തിരിച്ചുകൊണ്ട് അദ്ദേഹം ഇപ്രകാരം പറഞ്ഞു: "ഹാ മക്കാ, ലോകത്ത് മറ്റെവിടെത്തെക്കാളും നീ എനിക്ക് പ്രിയമുള്ളതത്രെ. എന്നാൽ നിന്റെ മക്കൾ എന്നെ ഇവിടെ ജീവിക്കാൻ അനുവദിക്കുന്നില്ല."

എന്നാൽ മക്കക്കാർ നബിതിരുമേനിയേയും അനുയായികളേയും മദീനയിൽ ചെന്ന് അക്രമിക്കുകയാണുണ്ടായത്. ആ സന്ദർഭത്തിൽ സ്വയം പ്രതിരോധത്തിനുവേണ്ടിയാണ് തിരുനബി(സ) സഹാബാക്കളോട് യുദ്ധം ചെയ്യാൻ ആജ്ഞാപിച്ചത്. ഈ നിർബന്ധിത യുദ്ധത്തെ പാശ്ചാത്യർ ഇസ്‌ലാമിനെ ഭീകരമതമാക്കി ചിത്രീകരിക്കാൻ ഉപയോഗിക്കുകയാണുണ്ടായത്.

പ്രവാചകത്വപദവി ലഭിക്കുന്നതിനു മുമ്പ് 'അൽ-അമീൻ, അൽ- സദൂൻ' (വിശ്വസ്തൻ, സത്യസന്ധൻ) എന്നിങ്ങനെ മക്കക്കാർ സ്ഥാനപ്പേര് നല്കിയ ഒരു വ്യക്തി, 40 വയസ്സുവരെ വിനയാന്വിതനായി ജീവിച്ച ഒരു വ്യക്തി പെട്ടെന്ന് ഒരു സുപ്രഭാതത്തിൽ അക്രമിയാകുന്നത് എങ്ങനെ?

ഇന്ന് പാശ്ചാത്യർ നടത്തിക്കൊണ്ടിരിക്കുന്ന പടയോട്ടം നമുക്കറിയാവുന്നതാണ്. യാതൊരു കാരണവുമില്ലാതെ ചെറുരാഷ്ട്രങ്ങളെ പ്രത്യേകിച്ച്, മുസ്‌ലിം രാഷ്ട്രങ്ങളെ ആക്രമിച്ചൊതുക്കി ഇല്ലായ്മ ചെയ്യുന്നതിനു വേണ്ടിയുള്ളതാണ് ആ പടയോട്ടം. ഇവരാണ് പ്രതിരോധത്തിനുവേണ്ടി യുദ്ധം ചെയ്ത രാഷ്ട്രത്തലവനെ യുദ്ധകുറ്റവാളിയായി ചിത്രീകരിക്കുന്നത്.

തിരുനബി(സ) ഒരു പ്രവാചകൻ മാത്രമായിരുന്നില്ല എന്ന് നാം ഓർക്കേണ്ടതുണ്ട്. മദീനയിലെ രാഷ്ട്രത്തലവനായിരുന്നു അദ്ദേഹം. മദീനാവാസികളുടെ സ്വത്തിനും ജീവനും സംരക്ഷണം നല്കേണ്ടത് ഒരു രാഷ്ട്രത്തവനെന്നനിലയിൽ അദ്ദേഹത്തിന്റെ ഉത്തരവാദിത്വമായിരുന്നു. ഓരോ രാജ്യത്തിന്റേയും ഭരണാധികാരികൾ ആ രാജ്യത്തിന്റെ ഐക്യത്തിനും അഖണ്ഡതയ്ക്കും ഭീഷണിയുണ്ടാകുമ്പോൾ, അവരുടെ രാജ്യത്തിലെ പ്രജകളുടെ നേരെ ആക്രമണങ്ങൾ ഉണ്ടാകുമ്പോൾ അതൊന്നുംതന്നെ കൈയുംകെട്ടി നോക്കിനില്ക്കാറില്ല. അങ്ങനെ ചെയ്യുന്ന ശക്തികൾക്കെതിരെ അതിശക്തമായി പ്രതികരിക്കുന്നതായാണ് നാം കണ്ടുവരുന്നത്. ഒരു യഥാർത്ഥ ഭരണാധികാരി ചെയ്യേണ്ടതും ഇതുതന്നെയാണ്. ഇതേ മാനദണ്ഡം വെച്ചുനോക്കുമ്പോൾ നബിതിരുമേനി (സ)യും ചെയ്തത് ഒരു ഭരണാധിപന്റെ കർത്തവ്യമാണ്. മദീനയിലെ ജനങ്ങളുടെ നേരെ ക്രൂരമായ ആവേശത്തോടെ പാഞ്ഞടുത്ത മക്കക്കാരെ നിലയ്ക്കു നിർത്താൻ വേണ്ടിയാണ് നബിതിരുമേനി യുദ്ധം ചെയ്തത്. മക്കക്കാർ നബിതിരുമേനിയേയും സംഘത്തേയും ഇസ്‌ലാമിക പ്രസ്ഥാനത്തെയൊക്കെയും സംഹരിക്കാനുള്ള ശ്രമത്തിൽ മദീനയ്ക്കുനേരെ ആക്രമണത്തിനൊരുങ്ങിയതിനെ തുടർന്ന് നിവൃത്തിയില്ലാതായ ഘട്ടത്തിൽ ദൈവത്തോട് കരഞ്ഞു പ്രാർത്ഥിച്ചു. അപ്പോൾ പ്രതിരോധയുദ്ധം ചെയ്യാനുള്ള ദൈവിക നിർദ്ദേശമുണ്ടായി. അപ്പോൾ മാത്രമാണ് അദ്ദേഹം ശത്രുക്കൾക്കെതിരെ ആയുധമേന്തിയത്. യുദ്ധത്തിന് ഒരിക്കലുംതന്നെ നബിതിരുമേനിയും സംഘവും മുൻകൈയെടുത്തിരുന്നില്ല.

മതത്തിലേക്ക് വിളിക്കേണ്ടത് ബുദ്ധിപൂർവ്വമായും സദുദ്ദേശ്യത്തോടുകൂടിയായിരിക്കണമെന്ന് ഖുർആൻ പറയുന്നു. അല്ലാതെ വാളെടുത്ത് ജിഹാദ് ചെയ്തുകൊണ്ട് മതത്തിലേക്ക് വിളിക്കുക എന്നത് ഖുർആനിക നിർദ്ദേശമല്ല. ***ഉദ്ഉ ഇലാസബീലി റബ്ബിക്ക ബിഹിക്മത്താ വ മൗഊളത്തൻ ഹസന*** -നിന്റെ റബ്ബിന്റെ മാർഗ്ഗത്തിലേക്ക് യുക്തിജ്ഞാനത്തോടും സദുപദേശങ്ങൾ മുഖേനയും നീ വിളിക്കുക- എന്ന് ഖുർആൻ നിർദ്ദേശിക്കുന്നു. മതത്തിലേക്ക്, അല്ലാഹുവിലേക്ക് ക്ഷണിക്കുന്നതിൽ സമ്മർദ്ദമോ ഭീഷണിയോ ഒന്നും തന്നെ പാടില്ല. ***ലാ ഇക്റാഹ ഫിദ്ദീൻ ഖത്തബയ്യ നർറുശ്ദു മിനൽ ഹയ്യ്*** - മതത്തിൽ ബലാൽക്കാരമില്ല. നേരായവഴി ദുർമാർഗ്ഗത്തിൽനിന്ന് വ്യതിരിക്തമാണ് എന്നും ഖുർആൻ പറയുന്നു.

വിശുദ്ധഖുർആൻ ഇപ്രകാരം പ്രഖ്യാപിച്ചിരിക്കെ ഭരണകൂടത്തിന്റെ സ്വാധീനംകൊണ്ടോ വാളുയർത്തി കാണിച്ചുകൊണ്ടോ ഇസ്‌ലാമിലേക്ക് വിളിക്കാൻ മുസ്‌ലിംകൾക്ക് അവകാശമില്ല. എന്നാൽ, ദൗർഭാഗ്യമെന്നുപറയട്ടെ, ഇതിന് ഘടകവിരുദ്ധമായ നിലപാടാണ് ചിലരെങ്കിലും പിന്തുടരുന്നത്.

പ്രമുഖ ഓറിയന്റലിസ്റ്റായ ഫാദർ മാൽക്കം മൈക്കിളും, ചരിത്രപണ്ഡിതനായ വില്യം മൂറും, സ്മിത്തും, സ്വാമി ദയാനന്ദസരസ്വതിയുമൊക്കെ ഇസ്‌ലാമിന്നെതിരിൽ പറഞ്ഞതുതന്നെയാണ് ഈ ന്യൂനപക്ഷ മുസ്‌ലിംകൾ ആവർത്തിച്ചത്. ഇസ്‌ലാമിന്റെ കാവൽക്കാർ എന്നവകാശപ്പെടുന്ന ഇവർക്കും ഇസ്‌ലാമിനെ ഭീകരമതമായി ചിത്രീകരിക്കുന്നതിൽ പങ്കുണ്ട്.

പക്ഷേ, ശക്തിമുഖേന ഭരണം സ്ഥാപിച്ചുകൊണ്ട് ഇസ്‌ലാമിന്റെ മേന്മയും മികവും കാണിക്കണമെന്ന തത്ത്വം സ്വീകരിച്ചപ്പോൾ അതിനൊപ്പിച്ച് നബിതിരുമേനിയേയും (നൗദുബില്ലാഹ്) അക്രമിയായി ഇവർക്ക് ചിത്രീകരിക്കേണ്ടിവന്നു. ബുദ്ധിമാന്മാരായ അമുസ്‌ലിം പണ്ഡിതലോകം ഇസ്‌ലാമിനെക്കുറിച്ചുള്ള ഈ ആക്ഷേപം പിൻവലിക്കുകയും ചരിത്രപരമായി ഇത്

അഹ്മദിയ്യാ ജമാഅത്ത് ഇതിനെതിരായി പ്രതികരിച്ചത് തികച്ചും വിഭിന്നമായ രീതിയിലാണ്. അഹ്മദിയ്യാ ജമാഅത്തിന്റെ ആഗോള ഇമാം നബിതിരുമേനിയുടെ ജീവിതം വിശദീകരിച്ചുകൊണ്ട് ഖുത്ബ പരമ്പരതന്നെ നടത്തുകയുണ്ടായി. നിരന്തരമായി നബികീർത്തനയോഗങ്ങൾ നടത്താനും അതുവഴി തിരുനബിയുടെ ജീവിതത്തിന്റെ പവിത്രത ലോകരെ അറിയിക്കാനും അദ്ദേഹം ആഹ്വാനം ചെയ്തു.

അഹ്മദിയ്യാ ജമാഅത്ത് ഇവിടെയുള്ള കാലത്തോളം നബിതിരുമേനിയേയും ഇസ്ലാമിനേയും അപകീർത്തിപ്പെടുത്താൻ ആർക്കുമാവില്ല. അതിനുള്ള പ്രവർത്തനമാണ് അഹ്മദിയ്യാ ഖലീഫമാർ ചെയ്തുകൊണ്ടിരിക്കുന്നത്.

ഇസ്ലാമിനെ ആക്ഷേപിക്കുന്നവരും തെറ്റായ രീതിയിൽ വ്യാഖ്യാനിക്കുന്നവരും ചരിത്രം പഠിക്കണമെന്നാണ് പറയാനുള്ളത്. ●

മുഴുവനും തെറ്റാണെന്നും അത്യുൽകൃഷ്ടമായ ജീവിതമാതൃകയിലൂടേയും അതിമഹത്തായ പാഠങ്ങളിലൂടേയുമാണ് നബി(സ) അസാധാരണമായ വിജയം കൈവരിച്ചതെന്നും ഏറ്റുപറയുകയും ചെയ്ത ഘട്ടത്തിലാണ് ഇവരുടെ ഈ നിലപാട്.

ഇസ്ലാമിന്റെ പ്രവാചകനുനേരെയുള്ള ആക്രമണം ഇന്നും ഇന്നലേയും തുടങ്ങിയതല്ല. ലോകത്ത് ഏറ്റവും അധികം ആക്ഷേപത്തിന് വിധേയനായ പ്രവാചകനാണ് അദ്ദേഹം. സൽമാൻ റുശ്ദിയുടെ 'സാത്താനിക് വേഴ്സസും തസ്ലീമയുടെ ലജ്ജയും ഏറ്റവും ഒടുവിലായി ഡെൻമാർക്കിലെ വിവാദ കാർട്ടൂണും ഒക്കെ മുസ്ലിം മനസ്സിനെ വ്രണപ്പെടുത്തി. എന്നാൽ ഇതിനെതിരായുള്ള ഭൂരിപക്ഷ മുസ്ലിംകളുടെ പ്രതികരണം ഇസ്ലാമികമായ രീതിയിലല്ല ഉണ്ടായത്. പൊതുമുതൽ നശിപ്പിച്ചുകൊണ്ട് ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാകുന്ന തരത്തിലുള്ള ഒരു പ്രതികരണം ഒരിക്കലും ഇസ്ലാമികമല്ല.

---

പേജ് 4 - ൽനിന്ന്

കൊണ്ടിരിക്കുന്നത്. ഈ കാലഘട്ടത്തിലെ പ്രവാചകന്റെ, അതെ, നബി തിരുമേനിയുടെ ശിഷ്യ പ്രവാചകന്റെ അനുയായികളെ ഭരണകൂടത്തിന്റെ അനുഗ്രഹാശിസ്സുകളോടെ, അല്ല, അവർ നേരിട്ടുതന്നെ കഠിനമായി വിഷമിപ്പിച്ചു. മൂസാനബിയുടെ അനുയായികളെ ഫിർഔൻ നേരിട്ടതുപോലെ വാഗ്ദത്ത മസീഹിന്റെ സഹചാരികളെ പാക്ക് ഭരണാധിപന്മാർ വേട്ടയാടി. അതിന്നായവർ മുല്ലായിസം വളർത്തിയെടുത്തു. അവർക്ക് ആൾബലവും ആയുധങ്ങളും നല്കി. അക്രമികൾക്ക് നിയമപരമായ പരിരക്ഷയും നല്കപ്പെട്ടു. നിരവധി ശുഹദാക്കളെ അവർ സൃഷ്ടിച്ചു. ഇതൊക്കെ അല്ലാഹു എങ്ങനെ പൊറുക്കും? നബിമാരേയും സംഘത്തേയും വിജയിപ്പിക്കുമെന്ന് വാഗ്ദാനം നല്കിയവനാണ് അല്ലാഹു.

ഇപ്പോൾ, അഹ്മദികൾക്കെതിരെ വളർത്തിക്കൊണ്ടുവന്ന മുല്ലായിസം തന്നെയാണ് പാക്കിസ്ഥാന്റെ ശാപമായി മാറിയിരിക്കുന്നത്. ആ രാജ്യത്തെ ഒന്നടങ്കം പിടിച്ചടക്കാനുള്ള പടപ്പുറപ്പാടാണ് അവർ നടത്തിക്കൊണ്ടിരിക്കുന്നത്. അതിനുവേണ്ടി തോക്കേന്തിയ ഭീകരർ ഒന്നിനു പിറകേ മറ്റൊന്നായി പാക്ക്പ്രദേശങ്ങൾ പിടിച്ചടക്കാൻ ശ്രമിക്കുന്നു. ചിലയിടങ്ങളിൽ ഇതിലവർ വിജയിക്കുകയും ചെയ്യുന്നു. ഇത്രയൊക്കെയായിട്ടും ഇവരെ തടയാൻ ഭരണാധികാരികൾക്ക് സാധിക്കുന്നില്ല. ഇതുതന്നെയാണ് ഇസ്ലാമിന്റെ ശത്രുക്കൾ ഉറ്റുനോക്കുന്നതും. അവരവിടേക്ക് മാർച്ചുചെയ്യുന്ന കാലം വിദൂരമല്ല. ഇവിടെ അഹ്മദിയ്യാ ജമാഅത്തിന്റെ ഇപ്പോഴത്തെ ഇമാം പറഞ്ഞ വാക്കുകൾ നാം ശ്രദ്ധിക്കുക. "അക്രമികളെ നിലക്കുനിർത്താൻ ഭരണകൂടം തയ്യാറായില്ലെങ്കിൽ മറ്റൊരു അക്രമിസംഘത്തെ കൊണ്ടുവന്ന് അവരെ അല്ലാഹു നിലയ്ക്കുനിറുത്തുമെന്നാണ് അദ്ദേഹം പറഞ്ഞത്. അത് കൂടിപ്പോകുമോ എന്ന ആശങ്ക രേഖപ്പെടുത്തിയ അദ്ദേഹം പാക്കിസ്ഥാനുവേണ്ടി പ്രാർത്ഥിക്കാൻ ആഹ്വാനം ചെയ്യുകയുമുണ്ടായി. അതെ, അഹ്മദികളുടെ പ്രാർത്ഥന മാത്രമാണ് പാക്കിസ്ഥാന്റെ രക്ഷ. പാക്കിസ്ഥാൻ രക്ഷപ്പെടും. കാരണം അവിടെ അഹ്മദികളുണ്ട്. അവരുടെ പ്രാർത്ഥനകളുമുണ്ട്. പക്ഷേ, അതിന്റെ ചരിത്രം മാറ്റിമറിക്കപ്പെട്ടിരിക്കും. മുല്ലായിസവും അവരെ പ്രോത്സാഹിപ്പിക്കുന്ന ഭരണകൂടവും അപ്പോഴേക്കും ഉണ്ടാവില്ല. നമുക്ക് കാത്തിരിക്കാം. ●

*ഫലാഹുദ്ദീൻശംസ്*

# അഹ്മദിയ്യാ ജമാഅത്തിന്റെ സൃഷ്ടിസേവനങ്ങൾ

**പൊ**തുവെ മനുഷ്യസമുദായത്തോടു സഹാനുഭാവം പ്രദർശിപ്പിച്ചുകൊണ്ടിരിക്കുന്നതും അല്ലാഹു നൽകിയ ശക്തികളും അനുഗ്രഹങ്ങളും മുഖേന ജീവാവസാനം വരെ മനുഷ്യകുലത്തിന് സേവനങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നതുമാകുന്നു."

അഹ്മദിയ്യാ ജമാഅത്തിൽ ചേരുന്നതിനുള്ള പത്തു നിബന്ധനകളിൽ ഒൻപതാമത്തെ നിബന്ധനയാണ് മേലുദ്ധരിച്ചത്. വിശുദ്ധഖുർആന്റേയും നബി(സ) തിരുമേനിയുടെ സുന്നത്തിന്റേയും ഹദീസിന്റേയും അടിസ്ഥാനത്തിലാണ് ബയ്അത്തിന്റെ നിബന്ധനകൾ തയ്യാറാക്കപ്പെട്ടിട്ടുള്ളത്. നബിതിരുമേനി(സ) മാനവകുലത്തോട് എന്നും അനുകമ്പ കാണിച്ചിരുന്നു. സഹായം ആവശ്യമായ മുഴുവനാളുകളോടും അദ്ദേഹം ഏതു രീതിയിലാണ് കാരുണ്യത്തോടെ തിരിഞ്ഞിരുന്നതെന്ന് ചരിത്രത്തിൽ രേഖപ്പെട്ടുകിടക്കുന്നുണ്ട്. ഇതിന് സമാനതയുള്ള ഉദാഹരണം ചരിത്രത്തിൽ കാണിക്കാനാവില്ലതന്നെ. പ്രവാചകത്വം വാദിക്കുന്നതിനു മുമ്പുതന്നെ അദ്ദേഹം ഇത്തരം സേവനങ്ങളിൽ വ്യാപൃതനായിരുന്നു.

അല്ലാഹുവിന്റെ പ്രീതിക്കുവേണ്ടിമാത്രം മനുഷ്യകാരുണ്യപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ വിശുദ്ധ ഖുർആൻ മുസ്ലിംകൾക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. ഖുർആൻ പറയുന്നു:

"അല്ലാഹുവിന്റെ പ്രീതിക്കുവേണ്ടി അവർ അഗതികൾക്കും അനാഥർക്കും ബന്ധനസ്ഥർക്കും ആഹാരം നൽകുന്നു. അവർ അവരോട് പറയും. അല്ലാഹുവിന്റെ പ്രീതിക്കുവേണ്ടി മാത്രമാണ് ഞങ്ങൾ നിങ്ങൾക്ക് ആഹാരം നൽകുന്നത്. നിങ്ങളിൽ നിന്ന് എന്തെങ്കിലും പ്രതിഫലമോ കൃതജ്ഞതയോ ഞങ്ങളുദ്ദേശിക്കുന്നില്ല." (വി.ഖു. 76:9,10).

നബി(സ)തിരുമേനിയുടെ മാതൃകയ്ക്കും വാഗ്ദത്ത മസീഹ്(അ)ന്റെ നിർദ്ദേശങ്ങൾക്കും അനുസൃതമായി ഈ ഖുർആനിക നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിനു വേണ്ടി അഹ്മദിയ്യാ ഖലീഫമാർ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുകയുണ്ടായി. ജാതി മത വർഗ്ഗ ഭേദമന്യേ സകല മനുഷ്യർക്കും ഗുണകരമായ തരത്തിലാണ് സ്വന്തം നിലയിലും ജമാ അത്തിന്റെയടിസ്ഥാനത്തിലും അവർ ഇത്തരം പദ്ധതികൾ നടപ്പിലാക്കിയത്.

ജീവകാരുണ്യ പ്രവർത്തനമെന്ന നിലയിൽ വാഗ്ദത്ത മസീഹ് ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ) നടപ്പിലാക്കിയ ഒരു പദ്ധതിയാണ് 'ലങ്കർഖാന.' ജമാഅത്തിന്റെ കേന്ദ്ര സ്ഥലങ്ങൾക്കു പുറമെ ലോകത്തിന്റെ മറ്റു ഭാഗങ്ങളിലും ലങ്കർഖാനകൾ സ്ഥാപിച്ചുകൊണ്ട് മസീഹിന്റെ ഖലീഫമാർ ഈ പ്രവർത്തനം ഇന്നും തുടർന്നുവരുന്നു. ഏതൊരു വ്യക്തിക്കും താമസത്തിനും ഭക്ഷണത്തിനും ആശ്രയിക്കാനാകുന്ന ഒരു പദ്ധതിയാണിത്.

വാഗ്ദത്ത മസീഹിന്റെ ഖലീഫമാർ ജീവകാരുണ്യ പ്രവർത്തന മേഖലയിൽ നടപ്പിലാക്കിയതും ഇപ്പോഴും തുടർന്നുവരുന്നതുമായ ഏതാനും പദ്ധതികളാണ് ഇവിടെ വിവരിക്കുന്നത്.

**ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ(റ) (1908–1914)**

**ആതുര സേവനങ്ങൾ**

ഖാദിയാൻ പ്രദേശം പഞ്ചാബിലെ വെറും ഒരു കുഗ്രാമമായിരുന്നു. വാഗ്ദത്തമസീഹിന്റെയും ഒന്നാം ഖലീഫയുടെയും കാലഘട്ടത്തിലും അവിടം അങ്ങനെ തന്നെയായിരുന്നു. രോഗം വന്നാൽ ചികിത്സ തേടാൻ ഒരൊറ്റ ആശുപത്രിപോലും ആ കാലഘട്ടത്തിൽ ഖാദിയാനിലും പരിസരപ്രദേശങ്ങളിലും ഉണ്ടായിരുന്നില്ല. ദൂരെ ദിക്കുകളിൽ പോയി സ്വകാര്യ ആശുപത്രികളെ ആശ്രയിക്കാൻ അവിടത്തെ ജനങ്ങൾക്ക് ആവുമായിരുന്നില്ല. കാരണം, അവർ ദരിദ്രരായ ഗ്രാമീണരായിരുന്നു. ഒന്നാം ഖലീഫ ഹദ്റത്ത് ഹക്കീം നൂറുദ്ദീൻ സാഹിബ്(റ) ഒരു ഡോക്ടറായിരുന്നു. അദ്ദേഹം ഖാദിയാനിലേക്കു താമസം മാറ്റുന്നതിനു മുമ്പ് കശ്മീരിൽ ആതുരസേവന രംഗത്താണ് പ്രവർത്തിച്ചിരുന്നത്. ഖാദിയാനിലെത്തിയതിനുശേഷം അദ്ദേഹം ജീവിതകാലം മുഴുവൻ ദരിദ്രരുടെ ആരോഗ്യസംരക്ഷണത്തിന്നായി അക്ഷീണം പ്രയത്നിക്കുകയുണ്ടായി. ഈ രംഗത്ത് പ്രവർത്തിക്കുന്നതിന്നായി ഖാദിയാനിൽ ഒരു ക്ലിനിക്ക് ആരംഭിക്കുകയും എല്ലാ ജനങ്ങൾക്കുമായി അതിന്റെ വാതിലുകൾ തുറന്നിടുകയും ചെയ്തു. സ്വയംതന്നെ രോഗികളെ പരിശോധിക്കാനും അവർക്കു മരുന്നു നൽകാനും അദ്ദേഹം സമയം കണ്ടെത്തി. അതോടൊപ്പം രോഗശാന്തിക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്തു.

**വിദ്യാഭ്യാസ മേഖലയിലെ പ്രവർത്തനങ്ങൾ**

ആരോഗ്യമേഖലയിലെന്നപോലെ ആ കാലഘട്ടത്തിൽ പ്രാഥമിക വിദ്യാഭ്യാസത്തിനുപോലും യാതൊരു സംവിധാനവും ഖാദിയാനിൽ നിലവിലുണ്ടായിരുന്നി

ല്ല. അതുകൊണ്ടുതന്നെ ഖാദിയാൻ പ്രദേശത്തെ ജനങ്ങളിലധികവും നിരക്ഷരരായിരുന്നു. പൊതുജനങ്ങൾക്ക് പൊതുവായും അഹ്മദിയ്യാ ജമാഅത്തിലെ അംഗങ്ങൾക്ക് പ്രത്യേകിച്ചും, അടിസ്ഥാന വിദ്യാഭ്യാസം നൽകുന്നതിൽ അദ്ദേഹം പ്രത്യേകം ശ്രദ്ധചെലുത്തി. ഇതിന്നായി, 1898-ൽ സ്ഥാപിക്കപ്പെട്ട തഅ്ലീമുൽ ഇസ്‌ലാം ഹൈസ്കൂളിനെ അദ്ദേഹം വികസിപ്പിക്കുകയും കൂടുതൽ സൗകര്യപ്രദമായ സ്ഥലത്ത് മാറ്റി സ്ഥാപിക്കുകയും ചെയ്തു. ഇത് ഖാദിയാനിലെ വിദ്യാഭ്യാസ മേഖലയുടെ സമൂലമായ മാറ്റത്തിന് തുടക്കം കുറിച്ചു.

ദരിദ്രരുടെ വിദ്യാഭ്യാസ ആവശ്യങ്ങൾ പ്രത്യേകമായിത്തന്നെ ഖലീഫ(റ) ശ്രദ്ധിച്ചിരുന്നു. അദ്ദേഹത്തിന്റെ മുന്നിൽ നിരന്തരമായി എത്തിക്കൊണ്ടിരുന്ന ആവശ്യങ്ങൾ പരിഹരിക്കുന്നതിന് ഏറെ ശ്രദ്ധ പതിപ്പിച്ചു. പരിമിതമായ സൗകര്യങ്ങളും ആസ്തികളും മാത്രമാണ് ജമാഅത്തിന് ഉണ്ടായിരുന്നതെങ്കിൽ കൂടി അത്തരക്കാർക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾക്കു പുറമെ ജീവിതസഹായവും നൽകപ്പെട്ടു.

**ഖലീഫത്തുൽ മസീഹ് സാനി(റ) (1914 – 1965)**

രണ്ടാം ഖലീഫ ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദഹ്മദ്(റ)ന്റെ 52 വർഷക്കാലം നീണ്ടുനിന്ന ഖിലാഫത്ത് കാലഘട്ടത്തിന്നിടയിൽ മനുഷ്യസേവന രംഗത്ത് നിരവധി പദ്ധതികൾ ആരംഭിക്കുകയുണ്ടായിട്ടുണ്ട്.

**നൂർ ഹോസ്പിറ്റൽ**

രണ്ടാം ഖിലാഫത്ത് കാലഘട്ടത്തിന്റെ ആരംഭത്തിൽ ഖാദിയാനിലെ ആശുപത്രികളിൽ എവിടേയും അംഗീകൃത ഡോക്ടർമാരുണ്ടായിരുന്നില്ല. ഇത് പരിഹരിക്കുന്നതിന്നായി ഖാദിയാനിൽ ഒരാശുപത്രി സ്ഥാപിക്കാൻ തീരുമാനിക്കുകയും 1917 ജൂൺ 21-ന് നൂർ ഹോസ്പിറ്റലിന് തറക്കല്ലിടുകയും അതേവർഷം സപ്തംബറിൽ പണിപൂർത്തിയാക്കുകയും ചെയ്തു. 1919 ഫെബ്രുവരി 2-ന് പാട്യാലയിൽനിന്നും ഡോ. ഹസ്മത്തുല്ലാ സാഹിബിനെ മുഴുവൻ സമയ സേവനത്തിന്നായി നൂർ ഹോസ്പിറ്റലിൽ നിയമിച്ചു. പിന്നീട് ഈ ഹോസ്പിറ്റലിൽ ഒരു വനിതാ വാർഡ്കൂടി കൂട്ടിച്ചേർക്കപ്പെട്ടു. ജാതി, മത, വർഗ്ഗ ഭേദമന്യെ മുഴുവൻ ജനങ്ങൾക്കും സേവനം നൽകുന്ന ഒരു സ്ഥാപനമായി ഇന്നിത് മാറിക്കഴിഞ്ഞിട്ടുണ്ട്.

**യുദ്ധക്കെടുതിയിലകപ്പെട്ടവർക്കു സഹായം**

1914 മുതൽ 1918 വരെ നീണ്ടുനിന്ന ഒന്നാംലോക മഹായുദ്ധത്തിന്റെ ഫലമായി നിരവധി കുട്ടികൾ അനാഥരാക്കപ്പെടുകയുണ്ടായി. ഈ കുട്ടികളുടെ വിദ്യാഭ്യാസാവശ്യങ്ങൾക്കായി ഖലീഫത്തുൽ മസീഹ് സാനി(റ) ആ കാലത്ത് 5000/- രൂപ അനുവദിക്കുകയുണ്ടായി. ജമാഅത്തിന്റെ ആ കാലഘട്ടത്തിലെ സാമ്പത്തിക പരിമിതികൾക്കകത്തുനിന്നുകൊണ്ട് ചിന്തിക്കുമ്പോൾ ഈ സഹായം വളരെ വലുതാണ്.

**ഗേൾസ് സ്കൂൾ**

ഇന്ത്യയിലെ ഗ്രാമപ്രദേശങ്ങളിൽ ആൺകുട്ടികളെ അപേക്ഷിച്ച് പെൺകുട്ടികൾക്കുള്ള വിദ്യാഭ്യാസ സൗകര്യങ്ങൾ വളരെ കുറവാണ്. ഇന്നും ഇതുതന്നെയാണവസ്ഥ. ഇതിനൊരു പരിഹാരമെന്നോണം ഖലീഫത്തുൽ മസീഹ് സാനി(റ) 1925-ൽ ഗേൾസ് സ്കൂൾ സ്ഥാപിച്ചു. അധ്യാപകരുടെ കുറവ് നിമിത്തം ആദ്യകാലങ്ങളിൽ അദ്ദേഹം സ്വയംതന്നെ അവിടെ അറബി അധ്യാപകനായി പ്രവർത്തിച്ചു. പഠിപ്പിക്കാനാവശ്യമായ സ്ത്രീകളെ ലഭിക്കാത്തതിനാൽ അധ്യാപകർ കർട്ടന് പിന്നിൽ നിന്നുകൊണ്ട് പെൺകുട്ടികളെ പഠിപ്പിക്കുകയായിരുന്നു. ഖലീഫ(റ)യുടെ മൂന്നു ഭാര്യമാരും മകളും ഈ സ്കൂളിലെ വിദ്യാർത്ഥിനികളായി ചേർന്നിരുന്നു.

**കലാപബാധിതർക്കുള്ള സമാശ്വാസം**

1927 മെയ്മാസത്തിൽ ലാഹോറിൽ പൊട്ടിപ്പുറപ്പെട്ട കലാപത്തിൽ രണ്ടുമൂന്നു ദിവസങ്ങൾക്കകം നിരവധി മുസ്‌ലിംകൾ കൊല്ലപ്പെടുകയുണ്ടായി. ഈ സാഹചര്യം മനസ്സിലാക്കിയ ഖലീഫത്തുൽ മസീഹ് സാനി (റ) അവിടെ നിലനിന്നിരുന്ന സ്ഥിതിഗതികൾ വിലയിരുത്തുന്നതിന്നായി നാസിർ അഅ്ല സുൽഫിക്കർ ഖാൻ സാഹിബ്, നാസിർ ഉമൂറെആമ ഹദ്റത്ത് മുഫ്തി മുഹമ്മദ് സാദിഖ് സാഹിബ്(റ) എന്നിവരെ നിയോഗിക്കുകയുണ്ടായി. ആവശ്യമായവർക്ക് നിയമസഹായം ലഭ്യമാക്കുന്നതിന്നായി മൗലവി ഫസ്‌ലുദ്ദീൻ സാഹിബിനേയും നിയമിച്ചു. ഇവർ ഒരു 'ഇൻഫർമേഷൻ കൗണ്ടർ' സ്ഥാപിച്ചുകൊണ്ട് പരിക്കേറ്റവരുമായും കൊല്ലപ്പെട്ടവരുടെ ബന്ധുക്കളുമായും കൂടിക്കാഴ്ച നടത്തി. ഇതോടൊപ്പം മെഡിക്കൽ സഹായത്തിന്നായി ഡോക്ടർമാരും എത്തിച്ചേർന്നിരുന്നു. വളരെ കാര്യക്ഷമതയോടെ സന്ദർഭത്തിനനുസരിച്ച് പ്രവർത്തിച്ച അഹ്മദിയ്യാ ജമാഅത്തിനെ പ്രകീർത്തിച്ചുകൊണ്ട് 'തർജുമൻ' എന്ന ഒരനഹ്മദി പത്രം അതിന്റെ 1927 ജൂൺ 6-ലെ ലക്കത്തിൽ ഇപ്രകാരമെഴുതി.

"മിർസായി (അഹ്മദി) മുസ്‌ലിംകൾ, കലാപത്തിൽ അകപ്പെട്ടവരെ എല്ലാ മാർഗ്ഗത്തിലൂടെയും സഹായിക്കുകയുണ്ടായി. നിയമസഹായവും സാമ്പത്തികസഹായവും കലാപബാധിതർക്കു നൽകപ്പെട്ടു."

**പൊതുവിദ്യാഭ്യാസം**

1947-ൽ ഇന്ത്യാവിഭജനത്തിനുശേഷം അഹ്മദിയ്യാ ജമാഅത്ത് പാക്കിസ്ഥാനിൽ 'റബ്‌വ' പട്ടണം പടുത്തുയർത്തുകയുണ്ടായി. അവിടെ തഅ്ലീമുൽ ഇസ്‌ലാം ഹൈസ്കൂൾ, നുസ്റത്ത് ഗേൾസ് സ്കൂൾ, തഅ്ലീമുൽ ഇസ്‌ലാം കോളേജ്, വനിതാകോളേജ്, ജാമിഅ നുസ്റത്ത് എന്നീ സ്ഥാപനങ്ങൾ സ്ഥാപിക്കുകയുണ്ടായി. ഈ സ്ഥാപനങ്ങൾ ഔപചാരികമായി ആരംഭിക്കുന്നതിനു മുമ്പ് ലാഹോറിലും അഹ്മദ് നഗറിലും

താൽക്കാലിക സ്കൂളുകൾ സ്ഥാപിക്കുകയും തുടർ വിദ്യാഭ്യാസത്തിനുള്ള സംവിധാനം ഒരുക്കുകയുമു ണ്ടായി. പാക്കിസ്ഥാനിലെ എല്ലാ പ്രദേശങ്ങളിലുമുള്ള അഹ്മദികൾക്കും അല്ലാത്തവർക്കും ഉന്നത വിദ്യാ ഭ്യാസം നൽകാൻ റബ്വയിൽ സ്ഥാപിക്കപ്പെട്ട വിദ്യാ ഭ്യാസ സ്ഥാപനങ്ങൾക്കായി. ഈ സ്ഥാപനങ്ങളിലെ ഉന്നത നിലവാരവും അച്ചടക്കവും നിരവധി അനഹ്മ ദികളെ ആകർഷിച്ചു. ജമാഅത്തിന്റെ ആശയങ്ങൾ ഒരുതരത്തിലും ഈ വിദ്യാഭ്യാസ സ്ഥാപനങ്ങളിലൂടെ പ്രചരിപ്പിക്കരുതെന്ന കർശന നിർദ്ദേശം ഖലീഫ(റ) അധികാരികൾക്കു നൽകുകയുണ്ടായി.

രണ്ടാം ഖലീഫയുടെ കാലഘട്ടത്തിൽ പാക്കി സ്ഥാനു പുറമെ ട്രിനിഡാഡ്, ബ്രിട്ടീഷ് ഗയാന, നൈജീ രിയ, ഫലസ്തീൻ, ഘാന, സിറാലിയോൺ, കെനിയ, ഉഗാണ്ട, മൗറീഷ്യസ്, ഫിജി, ഇന്തോനേഷ്യ തുടങ്ങിയ രാജ്യങ്ങളിലും സ്കൂളുകൾ സ്ഥാപിക്കുകയുണ്ടായി. ഇത്തരത്തിൽ 50-ൽപരം സ്കൂളുകൾ ഈ കാലയള വിൽ ആരംഭിക്കപ്പെട്ടു.

**ഫസ്ലെ ഉമർ ഹോസ്പിറ്റൽ**

ആദ്യകാല ഖാദിയാനെപോലെ റബ്വയിലും ആദ്യ കാലങ്ങളിൽ ഹോസ്പിറ്റൽ സൗകര്യം ഉണ്ടായിരുന്നി ല്ല. 1956 ഫെബ്രുവരി 20-ന് ഖലീഫത്തുൽ മസീഹ് സാനി(റ) ഫസ്ലെ ഉമർ ഹോസ്പിറ്റലിന് തറക്കല്ലിട്ടു. 1958 മാർച്ച് 21-ന് ഹോസ്പിറ്റലിന്റെ നിർമ്മാണം പൂർത്തിയാക്കി ഉദ്ഘാടനം ചെയ്യപ്പെട്ടു. റബ്വയിലേയും പരിസരപ്ര ദേശങ്ങളിലേയും മുഴുവൻ ജനങ്ങൾക്കും പ്രയോജനം ലഭ്യമാകുന്നതരത്തിലാണ് ഈ ഹോസ്പിറ്റൽ പ്രവർത്തനം ആരംഭിച്ചത്. അടിസ്ഥാന സൗകര്യങ്ങൾ മാത്രമായി ആരംഭിച്ച ഈ സ്ഥാപനം ഇന്ന് മുഴുവൻ ആധുനിക മെഡിക്കൽ സംവിധാനങ്ങളുമുള്ള ലോകനിലവാര ത്തിലുള്ള ഒരു ഹോസ്പിറ്റലായി മാറിക്കഴിഞ്ഞിട്ടുണ്ട്.

ഈ ഹോസ്പിറ്റലിനു പുറമെ ആഫ്രിക്കയിലും ഇന്ത്യാ ഉപഭൂഖണ്ഡത്തിലെ മറ്റിടങ്ങളിലുമായി 17 -ൽപരം ഹോസ്പിറ്റലുകൾ ഈ കാലയളവിൽ സ്ഥാ പിക്കപ്പെട്ടിട്ടുണ്ട്.

**ദുരിതാശ്വാസ പ്രവർത്തനങ്ങൾ**

ഇന്ത്യൻ ഉപഭൂഖണ്ഡം നിരന്തരമായ പ്രകൃതിക്ഷോ ഭങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്ന ഒരു പ്രദേശമാണ്. ഈ പ്രദേശങ്ങളിൽ താമസിക്കുന്ന ദരിദ്ര ജനവിഭാ ഗങ്ങളാണ് ഈ ദുരന്തങ്ങളുടെ ദുരിതം ഏറേയും താങ്ങേണ്ടിവരുന്നത്. ജലപ്രളയത്താൽ ദുരിതം അനു ഭവിച്ചുകൊണ്ടിരുന്ന റബ്വയുടെ സമീപഗ്രാമങ്ങളിലെ ജനങ്ങളേയും പാക്കിസ്ഥാനിലെ വിവിധ സ്ഥലങ്ങ ളിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന ഭൂകമ്പത്തിൽ അക പ്പെടുന്നവരേയും ഏതു ആവശ്യഘട്ടങ്ങളിലും സഹാ യിക്കാൻ ഓടിയെത്തുന്ന തരത്തിലാണ് ഖലീഫത്തുൽ മസീഹ് സാനി(റ) ഖുദ്ദാമുൽ അഹ്മദിയ്യായെ സംഘ ടിപ്പിച്ചിരുന്നത്. ഈ പാരമ്പര്യം അഹ്മദിയ്യാ ജമാ അത്ത് ഇന്നും നിലനിർത്തിപ്പോരുന്നുണ്ട്. ഇന്ന് ലോക ത്തിന്റെ ഏതുഭാഗത്തും അപകടത്തിൽപെടുന്നവരെ എല്ലാ രീതിയിലും ജമാഅത്ത് സഹായിച്ചുവരുന്നുണ്ട്.

**ഖലീഫത്തുൽ മസീഹ് സാലിസ്(റഹ്) 1965 – 1982)**

**നുസ്റത്ത് ജഹാൻ പദ്ധതി**

അഹ്മദിയ്യാ മുസ്ലിം ജമാഅത്തിന്റെ മിഷനറിമാ രിൽനിന്നും ആഫ്രിക്കൻ രാഷ്ട്രങ്ങളിൽ നിലനിന്നിരുന്ന കടുത്ത ദാരിദ്ര്യവും അക്ഷരാഭ്യാസമില്ലായ്മയും മന സ്സിലാക്കാൻ കഴിഞ്ഞ മൂന്നാം ഖലീഫ ഹദ്റത്ത് മിർസാ നാസിർ അഹ്മദ് സാഹിബ്(റഹ്) അവിടങ്ങ ളിലെ ജനങ്ങളെ സഹായിക്കാൻ തയ്യാറായി. ഇതി ന്നായി 1970-ൽ നുസ്റത്ത് ജഹാൻ പദ്ധതി അദ്ദേഹം നടപ്പിലാക്കി. ആഫ്രിക്കയുടെ സാമൂഹ്യ, വിദ്യാഭ്യാസ, സാമ്പത്തികരംഗങ്ങളിൽ സമൂല പരിവർത്തനത്തിന് ഇതിലൂടെ തുടക്കം കുറിച്ചു. ഈ പദ്ധതിയിൻ കീഴിൽ പശ്ചിമാഫ്രിക്കയിൽ നിരവധി ആശുപത്രികളും സ്കൂളുകളും സ്ഥാപിക്കപ്പെട്ടു.

ഈ പദ്ധതിയിൻ കീഴിൽ ആദ്യത്തെ സ്കൂളും ആശുപത്രിയും 1970-ൽ ഘാനയിൽ സ്ഥാപിക്കപ്പെട്ടു. തുടർന്ന് 2 വർഷത്തിനുള്ളിൽ പശ്ചിമാഫ്രിക്കൻ രാഷ്ട്ര ങ്ങളിൽ 14 ആശുപത്രികളും 9 ഹയർസെക്കന്ററി സ്കൂളുകളും പ്രവർത്തനം തുടങ്ങി. ഈ പദ്ധതിയിൻ കീഴിൽ വിവിധ രാജ്യങ്ങളിലായി 41 ആശുപത്രികളും 500 സ്കൂളുകളും സ്ഥാപിക്കപ്പെട്ടു.

**ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്) (1982 – 2003)**

**ഹോമിയോപ്പതി**

നാലാം ഖലീഫ ഹദ്റത്ത് മിർസാ താഹിർ അഹ്മദ് (റഹ്) ഖിലാഫത്ത് സ്ഥാനം ഏറ്റെടുക്കുന്നതിനു മുന്നേ തന്നെ ഹോമിയോപ്പതി ഡോക്ടറായി ജനങ്ങളെ സേവി ച്ചുവന്നിരുന്നു. അദ്ദേഹം തന്റെ ഖിലാഫത്ത് കാലയ ളവിൽ അഹ്മദികൾക്ക് ഹോമിയോപ്പതിയിൽ ഉന്നത പരിശീലനം നൽകിക്കൊണ്ട് ഈ സേവനം കൂടുതൽ വ്യാപിപ്പിക്കുകയുണ്ടായി. 1994-ൽ അദ്ദേഹം എം.ടി. എയിലൂടെ ഹോമിയോപ്പതി ക്ലാസ്സുകൾ ആരംഭിച്ചു. ഹോമിയോപ്പതിയിൽ ഒരു ബൃഹത് ഗ്രന്ഥവും അദ്ദേഹം രചിക്കുകയുണ്ടായി. ഹോമിയോപ്പതിയിലൂടെ ജന ങ്ങളെ സൗജന്യമായി ചികിത്സിക്കുന്നതിന്നായി അദ്ദേ ഹത്തിന്റെ കാലഘട്ടത്തിനിടയിൽ 55 രാഷ്ട്രങ്ങളിലായി 600-ൽപരം ഹോമിയോ ക്ലിനിക്കുകൾ ആരംഭിച്ചു. റബ്വയിലെ ഫസ്ലെ ഉമർ ഹോസ്പിറ്റലിൽ ഹോമി യോപ്പതിയുമായി ബന്ധപ്പെട്ട ഗവേഷണങ്ങൾക്കായി ഒരു പ്രത്യേക വിഭാഗംതന്നെ സ്ഥാപിക്കുകയുണ്ടായി.

**പാർപ്പിട പദ്ധതി**

റബ്വയിൽ നല്ലരീതിയിലുള്ള പാർപ്പിട സൗകര്യ ങ്ങൾ ഉറപ്പുവരുത്തുന്നതിന്നായി നാലാം ഖലീഫ ഒരു 'പാർപ്പിട പദ്ധതി' ആവിഷ്കരിച്ചു നടപ്പിലാക്കുകയു ണ്ടായി. 2001 ആകുമ്പോഴേക്കും ഈ പദ്ധതിയിൻ കീഴിൽ 95 വീടുകൾ അവിടെ നിർമ്മിച്ചുകഴിഞ്ഞിരു ന്നു. ഖാദിയാനിലും ഈ പദ്ധതിയിൻകീഴിൽ വീടുകൾ നിർമ്മിക്കപ്പെട്ടിട്ടുണ്ട്.

**ഹുമാനിറ്റി ഫസ്റ്റ്**

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്)

അദ്ദേഹത്തിന്റെ ഖിലാഫത്ത് കാലഘട്ടത്തിനിടയിൽ വിവിധ ആവശ്യങ്ങൾക്കായി വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിയിരുന്നു. സൃഷ്ടിസേവനരംഗത്തെ വിവിധ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന്നായി അദ്ദേഹം കൊണ്ടുവന്ന ഒരു പദ്ധതിയാണ് ഹുമാനിറ്റി ഫസ്റ്റ്. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ സാമൂഹ്യമായി പിന്നോക്കം നിൽക്കുന്ന വ്യക്തികളേയും കുടുംബങ്ങളേയും അതുപോലെ വിവിധ പ്രകൃതിക്ഷോഭങ്ങളിൽപെട്ട് ദുരിതമനുഭവിക്കുന്നവരേയും സഹായിക്കുന്നതിനാണ് ഈ സംഘടന രൂപീകരിക്കപ്പെട്ടത്. 1922-ൽ രൂപീകൃതമായ ഈ സംഘടന വളർന്നു വികസിച്ച് ഇന്ന് 20 രാഷ്ട്രങ്ങളിൽ അതിന്റെ പ്രഖ്യാപിത ലക്ഷ്യങ്ങളിലൂന്നി പ്രവർത്തിച്ചുവരുന്നു. ദുരിതാശ്വാസ പ്രവർത്തനങ്ങളോടൊപ്പം തന്നെ വികസന പദ്ധതികൾ നടപ്പിലാക്കാനും ഈ സംഘടന ശ്രദ്ധിക്കുന്നുണ്ട്.

മതാധിഷ്ഠിത സംഘടനയാണെന്നും മതപ്രചാരണമാണ് ഇതിന്റെ ഉദ്ദേശ്യമെന്നുമുള്ള ആരോപണങ്ങളൊഴിവാക്കുന്നതിന്നായി ഒരു മതേതര ചാരിറ്റബിൾ സൊസൈറ്റിയായാണ് ഇത് റജിസ്റ്റർ ചെയ്തിട്ടുള്ളത്. മതാധിഷ്ഠിതമാണെന്നുവന്നാൽ പല ദുരന്ത മേഖലകളിലും എത്തിച്ചേരുന്നതിന് ബുദ്ധിമുട്ടുണ്ടാകുമെന്നതാണ് സത്യം.

അനാഥ സംരക്ഷണത്തിനുള്ള സംവിധാനമൊരുക്കിയ ഈ സംഘടന സിറാലിയോണിൽ ഒരു അനാഥ മന്ദിരം സ്ഥാപിക്കുകയും ചെയ്തു. ഈ സംഘടന യുവസമൂഹത്തിന് ജോലി ലഭിക്കുന്നതിന്നാവശ്യമായ തരത്തിൽ ഐ.ടി.മേഖലയിൽ പരിശീലനം നൽകിവരുന്നുണ്ട്. ഇതിന്നായി ഈ സംഘടന ആഫ്രിക്കയിലെ വിവിധ രാജ്യങ്ങളിൽ 25 പരിശീലന കേന്ദ്രങ്ങൾ ആരംഭിച്ചു. 13000-ൽപരം ആളുകൾക്ക് ഇതിനകം ഇതിന്റെ പ്രയോജനം ലഭിച്ചുകഴിഞ്ഞിട്ടുണ്ട്. ഹുമാനിറ്റി ഫസ്റ്റിൻ കീഴിൽ റബ്വയിൽ അനാഥർക്കായി 'ദാറുൽയത്താമ' സ്ഥാപിക്കപ്പെട്ടു.

1993-നും 1997-നുമിടയിൽ ബോസ്നിയയിലെ യുദ്ധമേഖലയിൽ അകപ്പെട്ട് ദുരിതമനുഭവിച്ചവരെ സഹായിക്കുന്നതിനായി ഈ സംഘടന 300 ടണ്ണിലധികം സാധനങ്ങൾ വിതരണം ചെയ്യുകയുണ്ടായിട്ടുണ്ട്. അഹ്മദികളുടെ നിസ്വാർത്ഥ സേവനങ്ങൾ കൊണ്ടുമാത്രമാണ് ഇത് സാധ്യമായത്. കൊസാവോ പ്രശ്നസമയത്തും ഇതുപോലെ സംഘടന സഹായഹസ്തം നീട്ടുകയുണ്ടായി. 1995-ൽ ജപ്പാനിലും, 1999-ൽ തുർക്കിയിലും വൻഭൂകമ്പമുണ്ടായപ്പോൾ അവശ്യസാധനങ്ങളുമായി അവിടങ്ങളിലേക്ക് വളണ്ടിയർമാരെ അയക്കുകയുണ്ടായി.

2001-ൽ ഇന്ത്യയിലെ ഗുജറാത്തിൽ ഭൂകമ്പമുണ്ടായപ്പോൾ ആ സംസ്ഥാനത്തെ വിവിധ ഗ്രാമങ്ങളിലെ ഇരുപതിനായിരത്തോളം വരുന്ന ഗ്രാമീണരെ സഹായിക്കുന്നതിന്നായി മൂന്നര മില്ല്യൻ രൂപയുടെ സഹായവുമായി വളണ്ടിയർമാരെ നിയോഗിച്ചു. ഹുമാനിറ്റി ഫസ്റ്റിന്റെ ഡോക്ടർമാർ ഏകദേശം 29000-ഓളം രോഗികളെ ശുശ്രൂഷിക്കുകയുമുണ്ടായി. നിരവധിപേർക്ക് ഭക്ഷണം വിതരണം ചെയ്യപ്പെട്ടു. ഹുമാനിറ്റിഫസ്റ്റിന്റെ ഈ പ്രവർത്തനം ഏറെ ശ്രദ്ധിക്കപ്പെട്ടിരുന്നു. ഇന്ത്യയിലെ പല എം.പിമാരും രാഷ്ട്രീയനേതാക്കളും ഹുമാനിറ്റി ഫസ്റ്റിന്റെ ക്യാമ്പ് സന്ദർശിക്കുകയും പ്രവർത്തനത്തെ ശ്ലാഘിക്കുകയും ചെയ്തിരുന്നു. 1995-ൽ നാലാം ഖലീഫയുടെ നിർദ്ദേശാനുസരണം ഹുമാനിറ്റി ഫസ്റ്റ് പശ്ചിമാഫ്രിക്കൻ രാഷ്ട്രങ്ങളിൽ നേത്രചികിത്സാ പദ്ധതി ആരംഭിക്കുകയുണ്ടായി.

**ഖലീഫത്തുൽ മസീഹ് ഖാമിസ് (അയ്യദഹു) ആഫ്രിക്കൻ സേവനം**

അഞ്ചാം ഖലീഫ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു) ഖലീഫയാകുന്നതിനു മുമ്പു തന്നെ പാവങ്ങളെ സേവിക്കുന്നതിൽ ശ്രദ്ധയൂന്നിയിരുന്നു. 1977-ൽ അദ്ദേഹത്തെ സേവനങ്ങൾക്കായി ഘാനയിൽ നിയോഗിച്ചു. അവിടെയെത്തിയ അദ്ദേഹം സലഗയിലെ അഹ്മദിയ്യാ സെക്കന്ററി സ്കൂൾ സ്ഥാപിച്ചുകൊണ്ട് അവിടത്തെ സ്ഥാപക പ്രിൻസിപ്പാളായി പ്രവർത്തിച്ചു. രണ്ടുവർഷത്തോളം അവിടെ തുടർന്ന അദ്ദേഹം തുടർന്ന് മധ്യഘാനയിലെ മറ്റൊരു സ്കൂളിൽ 4 വർഷക്കാലം പ്രിൻസിപ്പാളായി സേവനമനുഷ്ഠിച്ചു.

അതിനുശേഷം അദ്ദേഹം 'അഹ്മദിയ്യാ അഗ്രിക്കൾച്ചറൽ ഫാമി'ന്റെ മാനേജരായി നിയമിതനായി. ആ സമയത്ത് ഘാന അതിന്റെ ഭക്ഷ്യാവശ്യങ്ങൾക്കായി ഇറക്കുമതിയേയാണ് ആശ്രയിച്ചിരുന്നത്. ഗോതമ്പ് കൃഷിക്ക് ഘാനയുടെ മണ്ണിൽ യാതൊരു സാധ്യതയും കല്പിക്കപ്പെട്ടിരുന്നില്ല. കാർഷിക ബിരുദാനന്തര ബിരുദമുള്ള അദ്ദേഹം 1980-കളിൽ ഗോതമ്പ് വിളയിക്കുന്നതിനുള്ള സാധ്യതയെക്കുറിച്ച് പഠനം നടത്തുകയും അതുമായി ബന്ധപ്പെട്ട പരീക്ഷണത്തിൽ ഏർപ്പെടുകയും ചെയ്തു. തന്റെ വിജയകരമായ പരീക്ഷണ റിപ്പോർട്ടുകൾ ഘാന സർക്കാറിന് സമർപ്പിക്കപ്പെട്ടു. ഇന്ന് ഘാന ഗോതമ്പ് കൃഷിയിൽ വളരെ മുന്നിലാണ്. ഭക്ഷ്യസ്വയംപര്യാപ്തതയിലേക്കു ഘാനയെ നയിക്കുന്നതിന്നാവശ്യമായ പ്രവർത്തനങ്ങൾ നടത്തിയ ജമാഅത്തിനേയും അതിന്റെ നേതാവിനേയും ആ രാജ്യത്തെ മാറി മാറിവന്ന പ്രസിഡണ്ടുമാർ പ്രശംസിക്കുകയുണ്ടായിട്ടുണ്ട്.

**താഹിർ ഹാർട്ട് ഇൻസ്റ്റിറ്റ്യൂട്ട്**

നേരത്തെതന്നെ പാക്കിസ്ഥാനിലെ അറിയപ്പെടുന്ന ഒരു മെഡിക്കൽ സ്ഥാപനമായി മാറിക്കഴിഞ്ഞ ഫസ്‌ലെ ഉമർ ഹോസ്പിറ്റലിനോടനുബന്ധിച്ച് 'താഹിർ ഹാർട്ട് ഇൻസ്റ്റിറ്റ്യൂട്ട്' സ്ഥാപിക്കാനുള്ള നിർദ്ദേശം അഞ്ചാം ഖലീഫ നൽകുകയുണ്ടായി. ഹൃദയസംബന്ധമായ രോഗങ്ങളുടെ ചികിത്സാരംഗത്ത് ലോകത്തിലെ തന്നെ ഒരു പ്രധാന സ്ഥാപനമായി ഇന്നത് മാറിക്കഴിഞ്ഞു. ഈ സ്ഥാപനത്തിനാവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിന് യു.എസ്.എ. ജമാഅത്ത് മൂന്ന് മില്യൺ ഡോളറിലധികം നൽകുകയുണ്ടായി.

പേജ് 40-ൽ

*അബ്ദുൽ ഹക്കിം*

# ആദംനബിയും ഇബ്‌ലീസും അനന്തരാവകാശികളും

'ഇബ്‌ലീസിന്റേയും, അബൂജഹലിന്റേയും, വാദഗതികൾ എന്തായിരുന്നുവെന്നും, ഇവരുടെ വാദഗതികൾ ഇന്നും നമ്മുടെ സമൂഹത്തിൽ, മുസ്‌ലിം ഭൂരിപക്ഷത്തിൽ നിലനിൽക്കുന്നില്ലേയെന്നുള്ളതിനെ കുറിച്ചുമുള്ള ഒരു വിലയിരുത്തലാണ് ഈ ലേഖനം കൊണ്ടുദ്ദേശിക്കുന്നത്.

യാഥാസ്ഥിതിക പാരമ്പര്യത്തിൽ വിശ്വസിക്കുന്ന സുന്നികളും, മൗദൂദിയുടെ ഫാസിസ്റ്റ് ആഗമനത്തിൽ ആകൃഷ്ടരായ ജമാഅത്തെ ഇസ്‌ലാമിക്കാരും, അത്തൗഹീദിന്റെ പേരിൽ ജിഹാദ് നടത്തുന്ന മുജാഹിദുകളും മറ്റുള്ളവരുമെല്ലാംതന്നെ ഈ കാലഘട്ടത്തിൽ ഒരു ദൈവികവിളിയെ അവഗണിച്ചിരിക്കുകയല്ലേയെന്ന ചോദ്യത്തിന് മറുപടി നൽകാൻ തീർച്ചയായും ബാധ്യസ്ഥരാണ്. കാരണം ഈ വർത്തമാനകാലഘട്ടം ഒരു ദൈവനിയുക്തന്റെ ആഗമനത്തെ പ്രതീക്ഷിച്ചിരുന്നു. കാലവും, സമയവും അടയാളങ്ങളും ഒത്തുവരികയും കടന്നുകഴിയുകയും ചെയ്തിരിക്കുന്നു. 13-ാം നൂറ്റാണ്ടുവരെ മതപരിഷ്കർത്താക്കളെ സ്വീകരിക്കുകയും അംഗീകരിക്കുകയും ചെയ്ത മുസ്‌ലിംസമൂഹം 14-ാം നൂറ്റാണ്ടിലെ ദൈവികവിളിയെ നിഷേധിക്കുകയും 15-ാം നൂറ്റാണ്ടിലൂടെ കടന്നുപോവുകയും ചെയ്യുന്നു. അതുകൊണ്ടുതന്നെ മുസ്‌ലിം ഭൂരിപക്ഷത്തിന്റെ ആത്മീയമാർഗ്ഗത്തിന്റെ മോക്ഷം അപകടത്തിലേക്ക് പൊയ്ക്കൊണ്ടിരിക്കുകയാണെന്ന കാര്യം തർക്കമറ്റതു തന്നെയാണ്. കാലഘട്ടത്തിന്റെ ഇമാമിനെ തിരിച്ചറിയാതെ മരിക്കുന്നവൻ ജാഹിലിയ്യത്തിന്റെ മരണമാണ് വരിക്കുന്നതെന്ന് നബിതിരുമേനി(സ) അരുളിയിട്ടുണ്ട്.

പരിശുദ്ധഖുർആന്റെ പാഠമനുസരിച്ച് പ്രവാചകനിഷേധം ആദംനബി(അ) മുതൽ അനുവർത്തിച്ചുവരുന്നതായിട്ട് കാണാം. അല്ലാഹു ഭൂമിയിലേക്ക് അവന്റെ ഒരു 'ഖലീഫ'യെ (ആത്മീയപ്രതിനിധി)യെ നിശ്ചയിക്കാൻ പോകുന്നുവെന്നു പറഞ്ഞപ്പോഴും ഇബ്‌ലീസ് ഒഴികെ മറ്റെല്ലാവരും അതിനെ അംഗീകരിക്കുകയും അനുസരിക്കുകയും ചെയ്തു. ഭൂമിയിൽ രക്തച്ചൊരിച്ചിൽ ഉണ്ടാകുമെന്ന ആശങ്ക മലക്കുകൾ പ്രകടിപ്പിച്ചെങ്കിലും, അവർ പൂർണ്ണമായും അല്ലാഹുവിന്റെ കല്പനയെ അംഗീകരിച്ചു. അനുസരണം പുലർത്തുന്നതിൽനിന്നും നിന്നെ തടയുന്നതിന്റെ കാരണം എന്താണെന്നു ഇബ്‌ലീസിനോട് അല്ലാഹു ചോദിച്ചു. അതിന് ഇബ്‌ലീസ് പറഞ്ഞ മറുപടി ആദമിനെ മണ്ണുകൊണ്ടും എന്നെ തീകൊണ്ടുമാണ് സൃഷ്ടിച്ചിട്ടുള്ളത് എന്നാണ്. ആയതിനാൽ ഞാൻ സുജൂദ് (അനുസരണം) ചെയ്യില്ലായെന്നായിരുന്നു.

പരിശുദ്ധ ഖുർആനിലെ ഈ ഭാഗങ്ങൾ ഒരു കഥപോലെ മുസ്‌ലിം ഭൂരിപക്ഷം വായിച്ചുപോകാറുണ്ട്. എന്നാൽ, ഇതിൽ അടങ്ങിയിട്ടുള്ള ഗഹനമായ തത്ത്വങ്ങളെ കുറിച്ച് ഇന്നുവരെ മുസ്‌ലിം ഭൂരിപക്ഷത്തിന് ഒരറിവുമില്ല. ആദംനബി(അ) ആദ്യമനുഷ്യനാണെന്നു വിശ്വസിക്കുന്നവരാണ് ഇതിൽ ഭൂരിപക്ഷവും. ബുദ്ധിജീവികളെന്നും ഉല്പതിഷ്ണുക്കളെന്നും സ്വയം അഭിമാനിക്കുകയും വാദപ്രതിവാദങ്ങൾവരെ നടത്തുകയും ചെയ്യുന്ന ഇക്കൂട്ടർ ഇന്നുവരെ ഇത്തരം വിഷയങ്ങളുടെ യഥാർത്ഥ വിവരണം അനുയായികൾക്കുപോലും നൽകാൻ കഴിയാത്തവിധത്തിൽ ആശയപരമായി പരാജയപ്പെടുകയാണ്. അണികളാണെങ്കിൽ ഇവരുടെ വാദഗതികളെ 'പൊതിക്കാതേങ്ങ'പോലെ കൊണ്ടുനടക്കുകയും ചെയ്യുന്നു. നബി(സ) അരുളുകയുണ്ടായി, നമ്മുടെ ആദമിന് മുമ്പ് അനേകായിരം ആദംമാർ കടന്നുകഴിഞ്ഞെന്നു. എന്നിട്ടും ഭൂരിപക്ഷം ഇപ്പോഴും വിശ്വസിക്കുന്നതു ആദംനബി(അ) ആദ്യമനുഷ്യൻ തന്നെയാണെന്നാണ്. പരിശുദ്ധഖുർആനിലൂടെ അല്ലാഹു പറയുന്നതു അല്ലാഹുവിന്റെ ഒരു പ്രതിനിധിയെ (ഖലീഫ) നിയോഗിക്കാൻ പോകുന്നുവെന്നാണ്. ഒരു പ്രതിനിധി വരുമ്പോൾ പ്രാതിനിധ്യം വഹിക്കാനുള്ള ജനത അവിടെ ഉണ്ടായിരിക്കണമെന്നുള്ളത് ഈ വചനത്തിൽതന്നെ വലിയ വ്യാഖ്യാനത്തിന്റെ ആവശ്യകതയില്ലാത്തവിധം ഒരു സാധാരണ വ്യക്തിയ്ക്കുകൂടി മനസ്സിലാക്കാവുന്നതാണ്. അങ്ങനെ വരുമ്പോൾ ആദം നബി ആദ്യമനുഷ്യനാകുന്നതെങ്ങനെ? അതല്ലാ ആദ്യപ്രവാചകനാണെന്നു പറയുന്നതല്ലേ ശരി? കൂടാതെ മലക്കുകൾ അല്ലാഹുവിനോട് പ്രതികരിച്ചതായും പറയുന്നതിന്റെ പൊരുൾ അതെന്താണെന്നുകൂടി മനസ്സിലാക്കേണ്ടതുണ്ട്. മലക്കുകൾ എന്താണെന്ന് ആദ്യം പഠിക്കേണ്ടതുണ്ട്. ഒരിക്കലും അല്ലാഹുവിന്റെ മലക്കുകൾ അല്ലാഹുവിനോട് പ്രതികരിക്കുകയില്ല. അവർ അല്ലാഹുവിന്റെ കല്പനകളെ ശിരസാവഹിക്കുന്നവരാണെന്നാണ് പരിശുദ്ധഖുർആൻ പഠിപ്പിച്ചിട്ടുള്ളത്. എന്നിരിക്കെ അല്ലാഹുവിനോട് പ്രതികരിച്ച മലക്കുകൾ ആരാണെന്ന് അറിയേണ്ടിയിരിക്കുന്നു. അതുപോലെതന്നെ പ്രസക്തമായ മറ്റൊരു മറുപടി അല്ലാഹുവിനോട്, ഇബ്‌ലീസും പറയുന്നുണ്ട്. ആദമിനെ മണ്ണുകൊണ്ടും എന്നെ തീ കൊണ്ടുമാണ് സൃഷ്ടിച്ചിട്ടുള്ളതെന്നും. അങ്ങനെ വരുമ്പോൾ ഇബ്‌ലീസിന് നരകമാണ് ശിക്ഷയെന്നാണ് നാം മനസ്സിലാക്കിയിട്ടു

ള്ളത്. ആ നിലയ്ക്ക് തീകൊണ്ട് സൃഷ്ടിച്ച ഇബ്ലീസിനെ നരകമാകുന്ന തീയിൽ ഇട്ടുകഴിഞ്ഞാൽ എന്താകുമെന്ന സാമാന്യബോധംപോലും നമുക്കില്ലാതെ പോകുന്നു. അപ്പോൾ ഈവക കാര്യങ്ങളെല്ലാം എന്താണെന്ന് ഓരോ മുസ്ലിമും അറിഞ്ഞിരിക്കേണ്ട ബാധ്യതയുണ്ടെന്നു കരുതുന്നുവെങ്കിൽ തീർച്ചയായും ഇത്തരം വിഷയങ്ങൾ പണ്ഡിതന്മാരോട് ചോദിക്കുക. തൃപ്തികരമായ മറുപടി ലഭിക്കുന്നില്ലെങ്കിൽ അന്വേഷിക്കുക.

മുസ്ലിം ഭൂരിപക്ഷത്തിന് ഇബ്ലീസും ശയ്ത്വാനും മലക്കുകളും ഒന്നുംതന്നെ നാളിതുവരെ മനസ്സിലായിട്ടില്ലായെന്നുവേണം കരുതുവാൻ. ഖുർആന്റെ ഭാഷയിൽ ഇബ്ലീസ് എന്നു പറയുന്നതിന്റെ അർത്ഥം 'അന്ധകാരപ്രേമിയായ ദുരാത്മാവ് എന്നാകുന്നു. ഈ അർത്ഥം ലോകത്തിന്റെ മുന്നിൽ വെച്ചത് ഈ കാലഘട്ടത്തിൽ അല്ലാഹുവിനാൽ നിയുക്തനായ വ്യക്തി ഹദ്റത്ത് അഹ്മദ്(അ) ആണ്. ഇത്തരം പ്രകൃതമുള്ളവരെ ഇബ്ലീസ് എന്നു വിളിക്കാം. കാരണം ഇവർ യഥാർത്ഥ സന്മാർഗ്ഗവും സത്യവും അംഗീകരിക്കുന്നതിൽനിന്നും വിട്ടുനിൽക്കുകയും മറ്റുള്ളവരെ തടയുകയും അതിന് നേതൃത്വം നൽകുകയും ചെയ്തുവരുന്നതായി കാണാം. മലക്കുകളാവട്ടെ അല്ലാഹുവിന്റെ കല്പനകളെ അനുസരിക്കുന്നവരാണുതാനും. അത്തരം ആൾക്കാരെ സമൂഹത്തിൽ മലക്കുകളുടെ പ്രവർത്തികളോട് ഉപമിക്കാറുണ്ട്. ചുരുക്കത്തിൽ പ്രവാചകനിഷേധം നടത്തുന്നവരെ പൊതുവെ ഇബ്ലീസെന്നുതന്നെ പറയാമെന്നു ഖുർആൻ പഠിപ്പിക്കുന്നു. ഇത്തരം നിഷേധികൾ നമ്മുടെ ആദമിന് മുമ്പും ഭൂമിയിൽ അല്ലാഹുവിന്റെ പ്രവാചകന്മാർക്കെതിരിൽ കുഴപ്പങ്ങളും രക്തച്ചൊരിച്ചിലും ഉണ്ടാക്കിയിട്ടുണ്ടെന്ന വസ്തുത ഖുർആൻ വെളിപ്പെടുത്തുന്ന ഭാഗമാണ് ആദമിന്റെ നിയോഗസമയത്തു മലക്കുകളുടെ പ്രതികരണത്തിൽനിന്നും മനസ്സിലാകുന്നത്. കൂടാതെ ഇബ്ലീസ് അല്ലാഹുവിനോട് അവകാശവാദമുന്നയിക്കുന്നതായും കാണാം. അതായത് അന്ത്യനാൾവരെ അല്ലാഹുവിന്റെ അടിയാറുകളെ കുഴപ്പിക്കുന്നതാണെന്നും തന്നോടൊപ്പം ചേർക്കുന്നതാണെന്നും അതിനായി അന്ത്യനാൾവരെ തനിക്ക് അവധി നൽകണമെന്നും ഇബ്ലീസ് ആവശ്യപ്പെടുന്നതായിട്ട് ഖുർആൻ മനസ്സിലാക്കിത്തരുന്നു. അതിന് അല്ലാഹു ഇബ്ലീസിന് കൊടുക്കുന്ന മറുപടി വളരെ ശ്രദ്ധേയവുമാണ്. അല്ലാഹുവിന്റെ മുഖ്ലിസായവരെ (സച്ചരിതരെ) ഒരിക്കലും ഇബ്ലീസിന് ലഭിക്കുകയില്ലായെന്നും അല്ലാഹു പറയുന്നുണ്ട്. എന്നിരുന്നാലും ഭൂരിപക്ഷം ഇബ്ലീസിന്റെ വലയിൽ അകപ്പെട്ടിട്ടുള്ളതായിട്ട് കാണാവുന്നതാണ്.

പ്രവാചകനിയോഗം മനുഷ്യന് ഒരനുഗ്രഹമായിട്ടാണ് പരിശുദ്ധഖുർആൻ പ്രതിപാദിക്കുന്നത്. പക്ഷേ, ഭൂരിപക്ഷ സമൂഹം ഇന്നു ഇതൊരു ശാപമായിട്ടാണ് കരുതുന്നതും, വിശ്വസിക്കുന്നതും. പണ്ടുമുതലേ പ്രവാചകനിഷേധം നടന്നുവന്നിട്ടുള്ളതായി ഖുർആൻ മനസ്സിലാക്കിത്തരുന്നുണ്ട്. ഓരോ പ്രവാചകന്റേയും കാലഘട്ടത്തിൽ അവർക്ക് ശക്തമായ പ്രവാചകശത്രുക്കളും ശത്രുമുഖ്യന്മാരും ഉണ്ടായിട്ടുള്ളതായി കാണാം. പരിശുദ്ധഖുർആൻ കൂടുതലും പ്രതിപാദിക്കുന്ന വിഷയവും പ്രവാചകനിഷേധികളെക്കുറിച്ചും അവരുടെ സമൂഹത്തിലുണ്ടായിട്ടുള്ള ദൈവികകോപത്തെക്കുറിച്ചും ശിക്ഷയെക്കുറിച്ചുമെല്ലാമാണ്. ഒരൊറ്റ സ്ഥലത്തും ഒരു പ്രവാചകനെ വിശ്വസിച്ചവരെക്കുറിച്ച് അവരെ ശിക്ഷിച്ചതായി പറയുന്നില്ല.

പരിശുദ്ധഖുർആനിൽ എവിടേയുംതന്നെ നബി (സ)യ്ക്ക് ശേഷം ഒരുവിധത്തിലുള്ള പ്രവാചകനും ഇനി വരികയില്ലായെന്ന ഒരു സൂചനപോലും ആർക്കും എടുത്തുകാണിക്കുവാൻ സാധ്യമല്ല. എന്നാൽ, നബി (സ)യ്ക്കുശേഷം നബിയുടെ ഉമ്മത്തിൽനിന്നും നബിമാർ വരാവുന്നതാണെന്ന ഖുർആനിക വചനങ്ങൾ 15 -ലേറെ സ്ഥലങ്ങളിൽ കാണാവുന്നതാണ്. ഖാത്തമുന്നബിയ്യീൻ എന്ന ഖുർആൻ വചനത്തിന് അന്ത്യം എന്ന് അർത്ഥം ഇല്ലായെന്നിരിക്കെ വാദത്തിനു വേണ്ടി സമ്മതിച്ചാൽതന്നെ 14 ആയത്തുകൾ നബിയ്ക്കുശേഷം നബി വരാം എന്നുള്ളതിലേക്ക് തെളിവായിട്ട് രേഖപ്പെട്ടു കിടക്കുന്നു. മറ്റൊന്നു നബി(സ)യ്ക്കുശേഷം ഒരുവിധത്തിലുള്ള നബിയും വരികയില്ലായെന്നൊരു വാദം മുസ്ലിം ലോകത്തിനില്ല എന്നതാണ്. ഒരു നബി വരും അത് പഴയ നബിയാണ് എന്നുള്ളതാണ് അവകാശ വാദം. അതിന്റെ കാരണം റസൂൽ തിരുമേനി(സ) പറഞ്ഞതുതന്നെയാണ്. അതായത് മുസ്ലിം സമുദായം യഹൂദി, നസാറാക്കളെ ചാണിന് ചാണായി പിന്തുടരുമെന്ന്. ആ തിരുവചനം പുലരണമല്ലോ. നിരന്തരമായി പ്രവാചകനിഷേധം നടത്തിയിട്ടുള്ള സമൂഹം ലോകത്ത് യഹൂദജനതയാണ്. അവരുടെ പാരമ്പര്യം പിന്തുടരാതിരിക്കുവാൻ ഖുർആൻ നമ്മെ ഉണർത്തിക്കൊണ്ടേയിരിക്കുകയും ചെയ്യുന്നു. എന്നിട്ടും അല്ലാഹുവിനാൽ നിയുക്തനായ ഈ കാലഘട്ടത്തിലെ ഇമാമും മഹ്ദിയുമായ ഹദ്റത്ത് അഹ്മദ്(അ)ന്റെ സത്യസാക്ഷ്യം എല്ലാ തെളിവുകളോടും കൂടി പകൽപോലെ വ്യക്തമായിട്ടും നിഷേധത്തിൽ ഉറച്ചുനിൽക്കുന്ന മുസ്ലിം ഭൂരിപക്ഷത്തിന്റെ ആത്മീയാവസ്ഥ ധാർമ്മികമായിട്ട് അധഃപതിച്ചതല്ലേ? അല്ലാഹുവിന്റെ ഒരു പ്രവാചകനെ നിഷേധിക്കുന്നവർ അറിഞ്ഞോ, അറിയാതേയോ അല്ലാഹുവിനെ തന്നെയാണ് നിഷേധിക്കുന്നത്. ഇബ്ലീസിന്റെ പാഠം ഇതിനുദാഹരണമാണ്. ഇബ്ലീസിന്റെ വാദഗതി ഈ കാലഘട്ടത്തിലും പിന്തുടർന്ന ഒരു മൗലവിയുണ്ടായിരുന്നു. ജമാഅത്തെ ഇസ്ലാമിയുടെ സ്ഥാപകനേതാവ് അബുൽ അഅ്ലാ മൗദൂദി. അദ്ദേഹം പറഞ്ഞതു

മിർസാ ഗുലാം അഹ്മദ് നബിയാണെങ്കിൽ നാളെ പരലോകത്തുവെച്ച് താൻ ദൈവത്തോട് വാദിക്കുമെന്നാണ്. ഇത്രയും ആർജ്ജവം ഇബ്‌ലീസിനുപോലും ഉണ്ടായിരുന്നില്ല. ഇവരുടെ അനുയായികൾ ഇന്നും ആചാര്യന്റെ പാത പിന്തുടർന്നുവരുന്നു. ഇന്നവരുടെ നോട്ടം ദൈവികഭരണം സ്ഥാപിക്കാനുള്ള മാർഗ്ഗങ്ങളിലാണ്. ദീനിന് അതനുസരിച്ചുള്ള പുത്തൻ ആശയങ്ങൾ നൽകുന്നുണ്ട്. ഇസ്‌ലാമിലും കമ്മ്യൂണിസത്തിലും ഒരുപോലെ വിശ്വസിക്കാനുള്ള ബാധ്യത മൗലാനാ മൗദൂദി ഇവർക്കായിട്ടു പ്രഖ്യാപിച്ചിട്ട് കടന്നുപോയി.

നബി(സ)യുടെ ആഗമനകാലത്ത് മക്കയിലെ ഏറ്റവും പേരുകേട്ട വ്യക്തിയും അറിവിന്റെ പിതാവെന്നു അപരനാമത്താൽ വിളിക്കപ്പെട്ടിരുന്നയാളുമായ അബുൽഹക്കം നബിതിരുമേനി(സ)യെ നിഷേധിച്ചതു മൂലം അബൂജഹൽ ആയി മാറിയ വസ്തുത ഇസ്‌ലാമിക ലോകത്തിന് അറിവുള്ളതാണ്. അബൂജഹലിന്റെ ഒരൊറ്റ വാദം മുഹമ്മദ്, നബിയല്ലായെന്നുള്ളതു മാത്രമായിരുന്നു. മറ്റൊരു കാര്യത്തിലും അദ്ദേഹം നബിയെ നിഷേധിച്ചിട്ടില്ല. എന്നാൽ, നബി(സ)യുടെ ചങ്ങാതിയായിരുന്ന അബൂബക്കർ(റ) നബിയുടെ വാദം കേട്ടപാടെ വിശ്വസിക്കുകയായിരുന്നു. അബൂജഹൽ തന്റെ അറിവിന്റെ മേന്മയിലും തനിക്ക് സമൂഹത്തിലുള്ള അംഗീകാരത്തിലും ഊറ്റംകൊണ്ടു നബിയുടെ സത്യതയെ തള്ളിക്കളഞ്ഞു. അബൂബക്കർ(റ)ന് തന്റെ സുഹൃത്തിന്റെ സത്യസാക്ഷ്യത്തിൽ ഒരുവിധ സംശയവും ഇല്ലായിരുന്നു. അതുകൊണ്ടുതന്നെ കേട്ട മാത്രയിൽ ഒരു തെളിവിന്റേയും ആവശ്യകതയില്ലാത്തവിധം നബി(സ)യുടെ വാദത്തെ അംഗീകരിക്കുകയും വിശ്വസിക്കുകയും ചെയ്തു. അബൂജഹൽ അവസാന നിമിഷംവരെ തന്റെ വാദത്തിൽ ഉറച്ചുനിന്ന് മരണപ്പെട്ടു. ഇന്നും അബൂജഹലിന്റെ പേരുകേട്ടാൽ മുസ്‌ലിംകൾ ശാപവാക്കുകൾ ഉച്ചരിക്കും. മറിച്ച്, അബൂബക്കർ(റ)ന്റെ പേരുകേട്ടാൽ അല്ലാഹുവിന്റെ തൃപ്തിയും അനുഗ്രഹവും ആ മഹാത്മാവിൽ ഉണ്ടാകട്ടെയെന്നു പ്രാർത്ഥിക്കും. അതുമാത്രമല്ല നബി(സ)യുടെ വഫാത്തിനുശേഷം ഇസ്‌ലാമിലെ ആദ്യത്തെ ഖലീഫ എന്ന ബഹുമതിയും ആ പുണ്യാത്മാവിന് സ്വന്തമായി. ഇതിൽനിന്നെല്ലാം പ്രവാചകനിഷേധത്തിന്റെ ഗുരുതരമായ വശങ്ങൾ കുറച്ചെങ്കിലും നാം മനസ്സിലാക്കിയാൽകൊള്ളാം. ഒരിക്കലും ഒരു കള്ളപ്രവാചകൻ വിജയിക്കുകയില്ല. അങ്ങനെ ആരെങ്കിലും വാദിച്ചാൽ അതിനെക്കുറിച്ച് അല്ലാഹു നോക്കികൊള്ളുമെന്നതാണ് ഖുർആന്റെ പാഠം. അല്ലാഹുവിന്റെ പേരിൽ ഒരാൾ കള്ളവാദം പുറപ്പെടുവിച്ചാൽ അവനെ അല്ലാഹു നിന്ദ്യമായ നിലയിൽ നശിപ്പിക്കുന്നതാണെന്ന വാഗ്ദാനം നമുക്ക് അല്ലാഹു നല്കുന്നു. എന്നാൽ, ഒരാൾ സത്യവാദിയായിരിക്കെതന്നെ അല്ലാഹു നിയോഗിച്ചതാണെന്നു വാദിച്ചാൽ അതു വിശ്വസിക്കേണ്ട ബാധ്യത ഓരോ മുസൽമാനും ഉള്ളതാണ്. അതല്ലെങ്കിൽ ഈ ലോകത്തും പരലോകത്തും അവൻ ലജ്ജിതനാകുകയും ചോദ്യം ചെയ്യപ്പെടുകയും ചെയ്യുന്നതാണ്. അവന്റെ പരലോകവും അവന് നഷ്ടപ്പെടുവാൻ കാരണമാകുമെന്ന ചിന്ത ഇനിയെങ്കിലും ഉണ്ടാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു. ●

---

പേജ് 37 - ൽനിന്ന്

### ഹുമാനിറ്റി ഫസ്റ്റ് ഇന്റർനാഷണൽ

ഹുമാനിറ്റി ഫസ്റ്റ് എന്ന സംഘടനയെ കൂടുതൽ ശക്തമാക്കുകയും ആഫ്രിക്കയിലെ ബുദ്ധിമുട്ടുന്ന ജനങ്ങളെ പ്രത്യേകമായി സഹായിക്കുന്നതിനുള്ള പദ്ധതികളും അഞ്ചാംഖലീഫ ആവിഷ്കരിച്ചു. ഈ ഖിലാഫത്തിൻ കീഴിൽ ഈ സംഘടനയുടെ ഫണ്ട് സ്വരൂപണം കൂടുതൽ കാര്യക്ഷമമാവുകയുണ്ടായി.

### ദുരിതാശ്വാസം

2004-ൽ ഏഷ്യയിലുണ്ടായ സുനാമി ദുരന്തം, 2005 കശ്മീരിലുണ്ടായ ഭൂകമ്പം, ലൂസിയാന കൊടുങ്കാറ്റ് എന്നീ സന്ദർഭങ്ങളിൽ ഹുമാനിറ്റി ഫസ്റ്റിലൂടെ ജമാഅത്ത് അക്ഷീണം പ്രവർത്തിക്കുകയുണ്ടായി. ദുരിതബാധിതർക്കായി 40 ടണ്ണിലധികം സാധനങ്ങളുടെ സഹായവും ഒരു മില്യൺ ഡോളറിലധികം സാമ്പത്തിക സഹായവും നൽകപ്പെട്ടു. ഭൂകമ്പസമയത്ത് പാക്കിസ്ഥാനിൽ സ്ഥാപിക്കപ്പെട്ട ക്യാമ്പ് അന്നത്തെ പ്രസിഡണ്ട് ജനറൽ മുശറഫ് സന്ദർശിച്ച് പ്രകീർത്തിക്കുകയുണ്ടായി.

### ജലവിതരണം

ആഫ്രിക്കയിലെ രൂക്ഷമായ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിന്നായി ഹുമാനിറ്റി ഫസ്റ്റിൻ കീഴിൽ 'വാട്ടർ ഫോർ ലൈഫ്' എന്ന ഒരു പദ്ധതി നടപ്പാക്കുകയുണ്ടായി. 2007 അവസാനമാകുമ്പോഴേക്കും ഒരു ലക്ഷത്തിലധികം ആളുകൾക്ക് പ്രയോജനം ലഭിക്കത്തക്കരീതിയിൽ 40 കിണറുകൾ ഇവിടങ്ങളിൽ നിർമ്മിക്കുകയുണ്ടായി.

### ഗയാന പ്രളയം

തെക്കേ അമേരിക്കൻ രാഷ്ട്രമായ ഗയാനയിൽ 2005 -ലുണ്ടായ ഭയാനകമായ ജലപ്രളയത്തിൽ നഷ്ടം സംഭവിച്ചവരെ സഹായിക്കുന്നതിന്നായി 'യു.എസ്.എ ഹുമാനിറ്റി ഫസ്റ്റ്' സഹായം നൽകുകയുണ്ടായി.

ജാതിമത വർഗ്ഗ പരിഗണനകൾക്കതീതമായ സേവനമാണ് ഹുമാനിറ്റിഫസ്റ്റ് നടത്തിവരുന്നത്. ജമാഅത്തിനെതിരെ കഠിനമായ എതിർപ്പുകൾ നടത്തിവരുന്ന പാക്കിസ്ഥാനും, ഇന്തോനേഷ്യക്കുമാണ് ഈ സംഘടനയിൽനിന്നും അധികമായി സഹായം ലഭിച്ചിട്ടുള്ളത് എന്നത് പ്രത്യേകം പ്രസ്താവ്യമാണ്.

*(മിശ്ക്കാത്തിൽവന്ന ലേഖനത്തിന്റെ സ്വതന്ത്ര തർജ്ജമ. വിവ: ഇബ്നുമുഹമ്മദ്)*

●

റിപ്പോർട്ട്

എസ്.ഉദ്ദീൻ

# സോമ റിഫ്രഷർ കോഴ്സ് 2009



അഖിലേന്ത്യാ സദ്ർ മുനീർ അഹ്മദ് ഖാദിം സാഹിബ് ആമുഖ പ്രഭാഷണം നടത്തുന്നു

**കേ**രളത്തിലെ മജ്‌ലിസ് അൻസാറുല്ലായുടെ മുഴുവൻ സയീമുമാർക്കും ജനറൽ സെക്രട്ടറിമാർക്കും അൻസാറുല്ലായുടെ പ്രവർത്തന പ്രാധാന്യം വിശദീകരിക്കുന്നതിനു വേണ്ടി അഖിലേന്ത്യാ മജ്‌ലിസ് അൻസാറുല്ലായുടെ ആഭിമുഖ്യത്തിൽ റിഫ്രഷർ കോഴ്സ് നടത്തപ്പെട്ടു. മെയ് 2,3 ശനി,ഞായർ ദിവസങ്ങളിലായി വയനാട് ജില്ലയിലെ ലക്കിടിയിൽ വെച്ചാണ് ഈ പരിപാടി സംഘടിപ്പിക്കപ്പെട്ടത്. വിവിധ മജ്‌ലിസുകളിലെ സയീമുമാർക്കും ജനറൽ സെക്രട്ടറിമാർക്കും പുറമെ ആറ് മേഖലാ നാസിമുമാരും പങ്കെടുത്തു. ഈ പരിപാടിയുടെ നടത്തിപ്പിന്നായി ഖാദിയാനിൽ നിന്നും അഖിലേന്ത്യാ സദ്ർ മുനീർ അഹ്മദ് ഖാദിം സാഹിബ്,നാഇബ് സദ്ർമാരായ ഖാരി നവാബ് അഹ്മദ് സാഹിബ്,സൈനുദ്ദീൻ ഹാമിദ് സാഹിബ് എന്നിവർ എത്തിച്ചേർന്നിരുന്നു.

മെയ് 2 ന് ശനിയാഴ്ച രാവിലെ 11 മണിക്ക് ചേർന്ന പ്രാരംഭ യോഗത്തോടെയാണ് രണ്ടു ദിവസത്തെ പരിപാടികൾ ആരംഭിച്ചത്. പത്തപ്പിരിയം അൻസാറുല്ലാഹ് സയീം സി.കെ. ശംസുദ്ദീൻ സാഹിബിന്റെ ഖുർആൻ പാരായണത്തോടെയാണ് ചടങ്ങ് ആരംഭിച്ചത്. സദ്ർ സാഹിബ് തന്റെ പ്രസംഗത്തിൽ മജ്‌ലിസ് അൻസാറുല്ലായുടെ ഉത്തരവാദിത്വത്തെയും അൻസാറുകൾ കാഴ്ചവെക്കേണ്ട ജീവിത മാതൃകയേയും സംബന്ധിച്ച് പറഞ്ഞു. കുടുംബത്തിന്റെ നാഥന്മാരായ അൻസാറുകൾ കുടുംബാംഗങ്ങൾക്കു മുഴുവൻ മാതൃകയാകുന്ന തരത്തിൽ ജീവിതം നയിക്കണമെന്നും അഞ്ചുനേര നമസ്കാരത്തിലും ജമാഅത്തിന്റെ പ്രവർത്തനങ്ങളിലും അലംഭാവം കാണിക്കരുതെന്നും അദ്ദേഹം ഓർമ്മിപ്പിച്ചു.

തുടർന്ന് ആശംസകൾ അർപ്പിച്ചുകൊണ്ട് വിവിധ മേഖലാ അമീർമാരായ എം.എ.മുഹമ്മദ് സാഹിബ് (കോഴിക്കോട്), മുഹമ്മദലി മാസ്റ്റർ സാഹിബ് (മലപ്പുറം), പ്രൊഫ. അബ്ദുൽ ജലീൽ സാഹിബ് (തിരുവനന്തപുരം), ബി.ബി.അഹ്മദ് കബീർ സാഹിബ് (എറണാകുളം) എന്നിവരും കോഴിക്കോട് ജമാഅത്ത് അമീർ അഹ്മദ് കോയ സാഹിബും സംസാരിച്ചു.

മാത്തോട്ടം മജ്‌ലിസിലെ ഐ.കെ.അഹ്മദ് കുട്ടി സാഹിബ് പദ്യം ചൊല്ലി. കോഴ്സ് കോ-ഓർഡിനേറ്റർ റഫി അഹ്മദ് സാഹിബ് (നൗഷർ) സ്വാഗതം പറഞ്ഞു. കണ്ണൂർ മേഖലാ നാസിം പി.പി.നാസിറുദ്ദീൻ സാഹിബ് വിവിധ പ്രാദേശിക സയീമുമാരെ പരിചയപ്പെടുത്തി.

തുടർന്ന് ചീഫ് മിഷണറി മൗലവി മുഹമ്മദ് അയ്യൂബ് സാഹിബ് "റിഫ്രഷർ കോഴ്സ് എന്ത് എന്തിന്" എന്ന വിഷയത്തെ ആസ്പദമാക്കി സംസാരിച്ചു.

നമസ്കാരത്തിനും ഉച്ചഭക്ഷണത്തിനും ശേഷം രണ്ടു ബാച്ചുകളായി തിരിച്ചാണ് ക്ലാസ്സുകൾ നല്കിയത്.ജമാഅത്തിന്റെ സാമ്പത്തിക പദ്ധതികളെക്കുറിച്ചും ബഡ്ജറ്റ് തയ്യാറാക്കുന്നതിനെക്കുറിച്ചുമുള്ള ക്ലാസ്സ് ഏറെ പ്രയോജനപ്പെട്ടു. ദുബൈ ജമാഅത്തിന്റെ മുൻ അമീർ പി.പി.നാസിമുദ്ദീൻ സാഹിബാണ് പ്രസ്തുത ക്ലാസ്സ് നടത്തിയത്. ഖാരി നവാബ് അഹ്മദ് സാഹിബ് അധ്യക്ഷനായിരുന്നു.

മജ്‌ലിസിന്റെ പ്രവർത്തന റിപ്പോർട്ട് യഥാവിധി തയ്യാറാക്കേണ്ടതിനെക്കുറിച്ചും സമ്മാനത്തിന് അർഹമാകുന്നതിന് ഏതൊക്കെ രീതിയിലാണ് റിപ്പോർട്ടുകൾ അയക്കേണ്ടത് എന്നതിനെക്കുറിച്ചുമുള്ളതായിരുന്നു മറ്റൊരു ക്ലാസ്സ്. സൈനുദ്ദീൻ ഹാമിദ് സാഹിബാണ് ഈ ക്ലാസ്സ് നടത്തിയത്.

മജ്‌ലിസ് അൻസാറുല്ലായുടെ ഭരണഘടനയെക്കുറിച്ച് അഡ്വ: ജമീൽ അഹ്മദ് സാഹിബ് നടത്തിയ ക്ലാസ്സ് വളരെ ഹൃദ്യമായിരുന്നു. അൻസാറുല്ലാ ഭരണഘടനയുടെ വിവിധ വശങ്ങൾ ഈ ക്ലാസ്സിലൂടെ ചർച്ച



കവിത

ശഹീദ് അഹ്മദ്

# അഹ്മദിയ്യാ ഖിലാഫത്ത് ശതവർഷം ജൂബിലിയിൽ

ആനന്ദാശ്രൂകണങ്ങളിൽ ചാലിച്ചെഴുതീ പദങ്ങൾ
അനർഘ നിമിഷ റൂഹാനീ സംഗീതങ്ങൾ
അഹ്മദിയ്യാ ഖിലാഫത്തിൻ ശതവർഷം ജൂബിലിയിൽ
മഹിമതൻ മഹോത്സവങ്ങൾ മർത്ത്യദൃഷ്ടികളിൽ!

ആത്മീയലായാഴിമുന്നിൽകണ്ണെത്താനിള്ളേതീരത്തിൽ
ആവേശത്തിന്നലയൊലികൾ അടങ്ങാത്തിരകൾ
സർവ്വനാഥൻ തമ്പുരാനിൽ ഹംദുകൾ ദിനരാത്രങ്ങൾ
ആന്തരാത്മാവിൻസ്വരങ്ങൾ ആത്മനിർവൃതികൾ!

സത്യസന്ധമുറാളുകൾ അത്തിരു സന്നിധാനത്തിൽ
ഹൃദയത്തിൻ ഭാഷണങ്ങൾ നിത്യയാചനകൾ
ധന മാന ജീവനേക്കാൾ മാഹാത്മ്യങ്ങൾ
അഹ്മദിയ്യാ ഖിലാഫത്തിൻ വശ്യബന്ധങ്ങൾ!

ആയിരങ്ങൾ ആയിരങ്ങൾ ജീവിതങ്ങൾ ലഭിച്ചെങ്കിൽ
ഖലീഫതൻ സന്നിധിയിൽ ഉഴിഞ്ഞേനേയിവർ
ഇലാഹിൽ കേണൂ ദുആകൾ അനുചരർ നന്മകളിൽ
വിനയത്തിൻ പൊൻചിറകിൽ ഖലീഫവര്യർ!

ലൗകിക കാര്യലാഭങ്ങൾ അശേഷമില്ലാചുഴകൾ
സ്വീകരിച്ചു മൂമിനീങ്ങൾ ദിവ്യകല്പനകൾ
വസീയ്യത്തിൻതെളിനീരിൽചന്ദകൾസക്കാത്തുകൾ
വഖഫ് തഹ്രീഖ് ജദീദുകൾ നന്മധാരകളിൽ!

സ്നാനംചെയ്തൂഅഹ്മദികൾ പാവനമായ് ജീവിതങ്ങൾ
സത്യാത്മാക്കൾ അഹ്മദിൻ സൽ ശിഷ്യവൃന്ദങ്ങൾ

എത്രയെത്ര ആലിമീങ്ങൾ എത്ര സമ്പന്നർ ജനങ്ങൾ
മുസ്‌ലിം സമുദായങ്ങളിൽ മുൻനിരതന്നിൽ!

ഇറങ്ങിയില്ലായവരിൽ മഹ്ദീ മസീഹോ സമാനിൽ
ഖിലാഫത്തിൻ വാഗ്ദാനങ്ങൾ വിഫലമായവരിൽ
നിസ്സാരരായവർ ഞങ്ങൾ സൗഭാഗ്യത്തിന്നർഹർ ഇവർ
സുന്ദര ദീനിസ്‌ലാമിൻ ആധാരമിവരിൽ!

പവിത്ര ദീനിസ്‌ലാമിൻ ചിത്രപദാകകൾ കയ്യിൽ
വീശി വീശി വിശ്വാസികൾ ലോകവീഥികളിൽ
അഹ്മദിയ്യാ ഖിലാഫത്തിൻ ഒളിവേറും ധാരകൾ
ദിവ്യപ്രഭാകിരണങ്ങൾ പരന്നൂ പാരിൽ!

ശത്രുതൻ ഗൂഢതന്ത്രങ്ങൾ ഫിത്ന ഫസാദുകൾ
നിരർത്ഥക നിഷ്ഫല ലക്ഷണഭംഗുരങ്ങൾ
ദുർദിനങ്ങൾ കഴുമരങ്ങൾ വേദനശ്ശഹാദത്തുകൾ
പിന്നേയും വളർന്നു ഭൂവിൽ അഹ്മദിൻ ശിഷ്യർ!

ദർശിച്ചു കൊൾവിൻ അല്ലാഹുവിൻ മുഅ്ജിസത്തുകൾ
അല്ലേ ഇതെന്നോർത്തു കൊൾവിൻ കരുണ വർഷങ്ങൾ
മുസ്‌ലിം സമൂഹങ്ങൽ നിങ്ങൾ ഒരേ നേതൃത്വത്തിൻ
ഒരു ലോക ജമാഅത്തിൽ അണി ചേർന്നിടുവിൻ!

വഴിതെറ്റി ഉഴന്നവർ ഇതരമതാനുചരർ
അണയട്ടെ ഹിദായത്തിൻ പതാക കീഴിൽ
ലാഇലാഹ ഇല്ലല്ലാഹ് മുഹമ്മദുർറസൂലുല്ലായിൽ
ആരവങ്ങൾ ഉയരട്ടെ ഏക സ്വരത്തിൽ.

---



ചെയ്യപ്പെടുകയുണ്ടായി. നമസ്കാരത്തിനും ഭക്ഷണത്തിനും ശേഷം ഒന്നാം ദിവസത്തെ പരിപാടികൾക്കു സമാപനമായി.

മെയ് 3 ന് ഞായറാഴ്ച തഹജ്ജുദ് നമസ്കാരത്തോടെ പരിപാടികൾ ആരംഭിച്ചു. തഹജ്ജുദ് നമസ്കാരത്തിന് മൗലവി സലീം സാഹിബും സുബഹി നമസാകാരത്തിന് ഖാരി നവാബ് സാഹിബും നേതൃത്വം നല്കി. സൈനുദ്ദീൻ ഹാമിദ് സാഹിബ് ഖുർ ആൻ ദർസ് എടുത്തു.

രാവിലെ 10 മണിക്ക് മൗലവി സലീം സാഹിബ് തബ്ലീഗ് ചെയ്യാനാവശ്യമായ ലളിത രീതികളെക്കുറിച്ച് ക്ലാസ്സെടുത്തു. തുടർന്ന് നടന്ന സദ്ർ സാഹിബിന്റെ പ്രഭാഷണത്തോടെ പരിപാടികൾ അവസാനിച്ചു.

ഉറുദുവിലുള്ള പ്രസംഗങ്ങൾ കോഴിക്കോട് മജ്‌ലിസിലെ അഹ്മദ് സഊദ് സാഹിബ് പരിഭാഷപ്പെടുത്തി. പി.ഉമ്മർ സാഹിബ്, ജാഫർ സാഹിബ്,ഗുലാം അഹ്മദ് സാഹിബ്,സയീം സാഹിബ് എന്നിവർ ഭക്ഷണത്തിന്റെ കാര്യങ്ങൾ ഭംഗിയായി നിർവ്വഹിച്ചു. ഈ പരിപാടിയുടെ വിജയത്തിന് വേണ്ടി റഫി അഹ്മദ് സാഹിബ്, കെ.സി.മൻസൂർ അഹ്മദ് സാഹിബ്, പി.പി. നാസിറുദ്ദീൻ സാഹിബ് എന്നിവരുടെ സംഭാവനകൾ പ്രത്യേകം പ്രസ്താവ്യമാണ്. ●